"എന്റെ സഹോദരന്മാരേ, ഞാൻ നിങ്ങളെ അറിയിച്ചതും, നിങ്ങൾ സ്വീകരിച്ചതും ആശ്രയിച്ചിരിക്കുന്നതുമായ സുവിശേഷത്തെ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. നിങ്ങൾ വിശ്വസിച്ചതു വ്യഥാവിലല്ലെങ്കിൽ, ഏതു വചനത്താലാണ് ഞാൻ നിങ്ങളെ പഠിപ്പിച്ചതെന്നു ഓർക്കുന്ന പക്ഷം നിങ്ങൾ അതുമൂലം രക്ഷപ്രാപിക്കും. ഞാൻ സ്വീകരിച്ചതുപോലെതന്നെ അതു നിങ്ങൾക്കു നേരത്തെ ഏല്പിച്ചതന്നിട്ടുണ്ടല്ലൊ"

—വി. പൗലോസ് I കോറി: 15: 1, 2, 3.

# സത്യദീപം

"മററുള്ളവരെ നിർദ്ദാക്ഷിണ്യം തിരുത്തുന്നതിന് നാം ആഗ്രഹിക്കുന്നു; എന്നാൽ നമ്മെ തിരുത്തുന്നതിനു നമുക്കു മനസ്സില്ല. മററുള്ളവരുടെ വലുതായ സ്വാതന്ത്ര്യം നമ്മെ അസന്തുഷ്ടരാക്കുന്നു; എങ്കിലും നാം ആവശ്യപ്പെടുന്നതു യാതൊന്നും നിഷേധിക്കപ്പെടുന്നതു നമുക്കു ഇഷ്ടമല്ല. മററുള്ളവർ നിയമത്താൽ ബന്ധിക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുന്നു, എന്നാൽ നാം യാതൊരു വിധത്തിലും ബന്ധിക്കപ്പെടുന്നതിനു ഇഷ്ടപ്പെടുന്നില്ല."

—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ആഗസ്ററ് 21—ബുധനാഴ്ച | Vol. 31, No. 2

# ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തെ എങ്ങനെ നാം കണ്ടെത്തണം

(പ്രൊഫ. പി. വട്ടക്കുഴി ബി. എ.)

പരിശുദ്ധ മറിയം നന്മനിറഞ്ഞവളാണ്, നിത്യകന്യകയാണ്, ദൈവജനനിയാണ്.

"അവളെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു. നമ്മുടെ കർത്താവിൽനിന്നു രക്ഷയും."

അമൂല്യങ്ങളായ അവളുടെ പ്രവൃത്തികൾ നമുക്കു മാതൃകയാണ്. നമ്മുടെ കഴിവിന്റെ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ടു് അവയെ നമ്മുടെ ജീവിതത്തിൽ പകർത്തണം. അവളിൽ ഹൃദയസ്പൃക്കമായി പലതുമുണ്ടു്. എല്ലാ ക്രിസ്ത്യാനികൾക്കും, ഏതു ജീവിതമാ സ്വീകരിച്ചിട്ടുള്ളവർക്കും, സകല ക്രൈസ്തവകുടുംബങ്ങൾക്കും അനുകരണീയങ്ങളാണവ. ആന്തരിക ജീവിതത്തിന്റെ രഹസ്യം അവളുടെ പ്രവൃത്തികൾ ആവിഷ്കരിക്കുന്നു. അങ്ങനെ സ്വജീവിതത്തിൽ അവളെ കണ്ടെത്തുന്നവൻ ജീവൻ കണ്ടെത്തുന്നു; നമ്മുടെ കർത്താവിൽനിന്നു രക്ഷയും പ്രാപിക്കുന്നു.

അവൾ ജനനത്തിൽ കറയററവളായിരുന്നു. രക്ഷകനായ ഈശോയുടെ മാതാവു് പാപമാലിന്യത്തിനധീനയായിരിക്കുക—നിമിഷനേരമെങ്കിലും പിശാചിനു അടിമപ്പെടുക—ദൈവത്തിന്റെ പരമപരിശുദ്ധിക്കു അനുയോജ്യമല്ലാത്തതിനാൽ പാപരഹിതയായിരിക്കുക ആവശ്യമായിരുന്നു. തന്മൂലം അവൾ നന്മനിറഞ്ഞവളായിരിക്കുന്നതിനു് ദൈവം അനാദിയിലേ തിരുമനസ്സായി. ഈ വരം അനന്യലബ്ധമാണു്. അവൾ ജന്മപാപത്തിനെന്നല്ല കർമ്മപാപത്തിനും അധീനയായിട്ടില്ല.

നാം ജനനവേളയിൽ ഉത്ഭവപാപത്തിനധീനരെങ്കിലും സ്വന്തം യോഗ്യത കൂടാതെതന്നെ മാമ്മോദീസാവഴി പ്രസാദവരം പ്രാപിക്കുന്നുണ്ടു്; ആത്മീയശുഭ്രവസ്ത്രത്താൽ അലംകൃതരാകുന്നുണ്ടു്. വെണ്മയേറിയ ആ വസ്ത്രത്തിൽ കറ പുരട്ടരുതു്. അക്കാര്യത്തിലാണു് നാം മറിയത്തെ കണ്ടെത്തേണ്ടതു്.

അവൾ തന്റെ ബാല്യകാലം ദൈവാലയത്തിൽ ചെലവഴിച്ചു. പാവനമായ ജീവിതം നയിച്ചു; സമയത്തിൽ അധികപങ്കും ദൈവാരാധനയ്ക്കായി വിനിയോഗിച്ചുപോന്നു. ജീവനെ കണ്ടെത്തുവാൻ ഈ മാതൃക നാം സ്വീകരിച്ചേ മതിയാവൂ. ചെറുപ്പംമുതലേ ദൈവകാര്യങ്ങളിൽ ജാഗ്രത നമുക്കുണ്ടാകണം. അതിനു പ്രാഥമ്യം നൽകണം. കുഞ്ഞുങ്ങളെ അതിൽ പരിശീലിപ്പിക്കണം. ഇവിടെയാണു മറിയത്തെ കണ്ടെത്തേണ്ടതു്.

അവൾ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ പ്രസാദത്തിലും വളർന്നുവന്നു. യഹൂദസ്ത്രീകൾ എല്ലാവരും വിവാഹിതരാകുവാൻ കൊതിച്ചിരുന്ന ഒരു കാലസന്ധിയായിരുന്നു അതു്. വരുവാനിരിക്കുന്ന ലോകരക്ഷകന്റെ മാതാവാകണമെന്ന മോഹമായിരുന്നു അതിനു നിദാനം. യഹൂദവംശജനായിരിക്കും രക്ഷകൻ എന്നായിരുന്നല്ലോ പ്രവചനം. എന്നാൽ ഒരു കന്യകയായിരിക്കുവാൻ അവൾ അഭിലഷിച്ചു. രക്ഷകന്റെ മാതാവെന്ന മഹനീയപദവിക്കു താൻ അനർഹയെന്ന വിചാരം—അവളുടെ അഗാധമായ എളിമ—പ്രസ്തുത തീരുമാനത്തിനു അവളെ പ്രേരിപ്പിച്ചു. സ്വന്തമായി അർഹതയുണ്ടെന്നുള്ള വിചാരം ഭോഷത്തമാണു്, അഹങ്കാരമാണു്. ദൈവശക്തിയാലല്ലാതെ താൻ സ്വയം ഒന്നുമല്ല എന്ന വിചാരം; അതാണു് എളിമ. ഇവിടെ നാം മറിയത്തെ കണ്ടെത്തണം.

പുണ്യപരിപൂർണ്ണതയുടെ കാതൽ ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ സംയോജ്യതയാണു്. അതായിരുന്നു മറിയത്തിൽ ശോഭിച്ചിരുന്ന താരക. എളിമയുള്ള ഹൃദയത്തിലേ ആ താരക ഉദിച്ചുയരൂ. സ്വമനസ്സിനെ ദൈവതിരുമനസ്സിനോടു സംയോജിപ്പിച്ചു് നിർമ്മലമാക്കണം. ദൈവതിരുമനസ്സു മാത്രമേ നമ്മിൽ പ്രവർത്തിക്കാവൂ. വിനീതഹൃദയത്തിന്നേ അതു സാദ്ധ്യമാകൂ. എല്ലാററിലും എല്ലാ സമയവും നിറഞ്ഞ മനസ്സോടെ ദൈവതിരുമനസ്സു നിറവേററുകയായിരുന്നു അവളുടെ വിമലഹൃദയത്തിന്റെ ജീവിതം. "എന്റെ ദൈവമേ, നിന്റെ ഇഷ്ടം നിറവേററുന്നതിൽ ഞാൻ ആനന്ദിക്കുന്നു. ഇതാ നിന്റെ നിയമം ഹൃദയത്തിലുണ്ടു്." "പിതാവിനു പ്രസാദിക്കുന്നതു ഞാൻ എപ്പോഴും ചെയ്യുന്നു" (യോഹന്നാൻ 8-ാം അദ്ധ്യായം 29-ാം വാക്യം) ഇതുതന്നെയായിരുന്നു അവളുടെ ചിന്താഗതി.

അവളുടെ ഇംഗിതത്തിനു വിപരീതമായി വിവാഹം കഴിക്കുന്നതിനുള്ള സാഹചര്യം വന്നപ്പോൾ മാതാപിതാക്കൾവഴി ദൈവതിരുമനസ്സു് നിറവേറുന്നുവെന്നു വിശ്വസിച്ചു അവൾ സമ്മതം നൽകുന്നു. വീണ്ടും ദൈവത്തിന്റെ ദൗത്യം ലഭിച്ചപ്പോൾ തന്റെ കന്യാത്വത്തിനു ഭംഗം വരുമെന്നു കരുതി അവൾ "കലങ്ങി"യെങ്കിലും യാഥാർത്ഥ്യം ഗ്രഹിച്ച ക്ഷണത്തിൽ "കർത്താവിന്റെ ദാസി ഇതാ, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1-ാം അദ്ധ്യായം 30-ാം വാക്യം) എന്നു പ്രതിവചിച്ചുകൊണ്ടു് ദൈവേഷ്ടത്തിനു സ്വയം സമർപ്പിക്കുന്നു.

ലൗകികനായ ഒരധികാരിയുടെ കല്പനപ്രകാരം ജനസംഖ്യക്കണക്കുകൊടുക്കുവാൻ സ്വദേശത്തേക്കു പോകുന്നു. അതിലും ദൈവതിരുമനസ്സു അവൾ ദർശിക്കുന്നു. ഹേറോദേസിൽനിന്നു ഓടിയൊളിക്കുവാനും മെസ്രേനിൽനിന്നു തിരിച്ചു് നസ്രസ്സിൽ എത്തുവാനും അറിയിപ്പുണ്ടായപ്പോൾ വൈമനസ്യം കൂടാതെ അതു ചെയ്യുന്നു. എല്ലാമുപേക്ഷിച്ചു് സുദീർഘവും ക്ലേശപൂർണ്ണവുമായ യാത്ര കഴിക്കേണ്ടിയിരുന്ന ഓരോ തവണയും അവൾ സർവ്വാത്മനാ ദൈവേഷ്ടം അനുസരിക്കുന്നു. ഇവിടേയും നാം മറിയത്തെ കണ്ടെത്തണം.

അവളുടെ അനന്തരജീവിതപശ്ചാത്തലം എന്താണു്? ഒരു കുഗ്രാമം, ഒരു ചെറുകുടിൽ, സർവ്വത്ര ദാരിദ്ര്യം. നല്ല അയൽക്കാരില്ല, ഏററം താഴ്ന്ന വേലകൾ: എല്ലാം അവൾ ഇഷ്ടപ്പെടുന്നു. ഉയർന്നനില അവൾ അഭിലഷിക്കുന്നില്ല; വിനീതമായ അനുദിനകൃത്യങ്ങളിൽ അവൾ ഏർപ്പെടുന്നു. നിത്യസൗന്ദര്യമുള്ളവക്കു നിറംകൊടുക്കുന്ന ചായങ്ങളാണവ. സ്വർഗ്ഗീയഗീതമാലപിക്കുന്ന അതിവിശിഷ്ടങ്ങളായ ഗീതകങ്ങളുടെ വാക്കുകളാണവ; സംഗീതക്കുറുക്കളാണവ. അവ ഏററമഭിലഷണീയമായി അവൾ കരുതുന്നു. ഈശോയുടേയും യൗസേപ്പിന്റേയും മനസ്സു് അവളുടെ മനസ്സു്; അവരുടെ അഭീഷ്ടം അവളുടെ അഭീഷ്ടം. ശ്രദ്ധയോടെ അവരെ കേൾക്കുന്നു. സന്നദ്ധതയോടെ അവരുടെ നിർദ്ദേശങ്ങൾ ശിരസാ വഹിക്കുന്നു. ദൈവാലയത്തിലും സ്വഭവനത്തിലുമെന്നല്ല എവിടേയും അവൾ കർത്താവിന്റെ ദാസിതന്നെ. ദൈവതിരുമനസ്സിന്റെ പൂർത്തീകരണമായിരുന്നു അവളുടെ ജീവിതം. ആ ദിവ്യസ്വരത്തെ അനുസരിക്കുന്നതിനായിമാത്രം അവൾ ജീവിച്ചു. ഇവയിൽ നാം മറിയത്തെ കണ്ടെത്തണം.

ഏററം ദരിദ്രമായിരുന്നു അവളുടെ ജീവിതം. എങ്കിലും ഏററം വലിയ നിധി അവൾക്കുണ്ടായിരുന്നു. ഏററം വിലമതിച്ചിരുന്ന ആ നിധിയെ—ഈശോയെ—പിരിഞ്ഞുള്ള ജീവിതം അവൾക്കു അശക്യമായിരുന്നു; അസഹനീയമായിരുന്നു. ദൈവാലയത്തിൽവച്ചു് ഈശോയെ കാണാതായപ്പോൾ അവൾ അനുഭവിച്ച ഹൃദയവേദന എത്ര വലുതു്. അവിടുത്തെ കാണുന്നതുവരെ തേടി. ഇവിടെ നാം മറിയത്തെ കണ്ടെത്തണം.

മിശിഹായുടെ പരസ്യജീവിതത്തിൽ അവിടുന്നു നന്മചെയ്തുകൊണ്ടു ചുററിനടന്നു. ദിവ്യമായ ഉപദേശങ്ങളും അത്ഭുതകൃത്യങ്ങളും മൂലം ജനഹൃദയങ്ങൾ ആകർഷിക്കപ്പെട്ടു. അദ്ദേഹത്തെ രാജാവാക്കുവാൻ അവർ ഉദ്യമിച്ചു. വിജയാരവത്തോടെ ജറൂസലേമിലേക്കു അദ്ദേഹത്തെ അവർ എതിരേററു. അവിടെയെങ്ങും മറിയത്തെ നാം കാണുന്നില്ല. ഒരു മഹാ പാതകിയെപ്പോലെ ഈശോ വിധിക്കപ്പെട്ടു. അവമാനിതനായി കൊലക്കളത്തിലേക്കു ആനീതനായപ്പോൾ അവൾ സഹനത്തിന്റെ കൊടുമുടിയിൽ കയറി അദ്ദേഹത്തെ അനുഗമിക്കുന്നു. കുരിശിൻ ചുവട്ടിൽനിന്നു് തന്റെ ദിവ്യസുതനേയും തന്നെത്തന്നേയും പാപപരിഹാരബലിയായി നിത്യപി

(ശേഷം 3-ാം പേജിൽ)



ദൈവശാസ്ത്രപാരംഗതനായ വി. ആഗുസ്തീനോസ്

(തിരുനാൾ—ആഗസ്റ്റ് 28)

ജീവചരിത്രം

# മോൺ. റൊനാൾഡ് നോക്സ്

(എം. ഏ. വറുഗീസ്)

"ആംഗ്ലിക്കൻസഭയ്ക്കു നല്ലോരടിയാണ് കിട്ടിയിരിക്കുന്നതു്. ഇനി അരനൂററാണ്ടുകാലത്തേക്കു അവർ തലപൊക്കുകയുമില്ല." എന്നാണ് കാർഡിനൽ ന്യൂമാൻെറ മാനസാന്തരത്തെപ്പററി കേട്ടപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ബഞ്ചമിൻ ഡിസ്രേലി പ്രസ്താവിച്ചതു്. എന്നാൽ ആ അരനൂററാണ്ടുകഴിഞ്ഞപ്പോൾ ഓക്സ്ഫോർഡിൽ ന്യൂമൻ സൃഷ്ടിച്ച പാരമ്പര്യത്തെ അനുസൃതം പിൻതുടന്ന റൊണാൾഡ് നോക്സ് വച്ചുപിടിച്ചു നേരെ റോമ്മാസഭയിലേക്കു. ആംഗ്ലോ കത്തോലിക്കർക്ക് ആധിയുളവാക്കാൻ പോരുന്നതായിരുന്നു റൊനാൾഡ് നോക്സിൻെറ മാനസാന്തരം. "ഹൊ! നമ്മുടെ ബുദ്ധിജീവികളെല്ലാം റോമ്മാസഭയിലേക്കോ" എന്നൊരു ഭീതി അവരെ പിടികൂടി. പൈതൃകാവകാശത്തെ തൃണവൽഗണിച്ച് കത്തോലിക്കാസഭയുടെ ആശ്ലേഷത്തിലമന്ന മോൺ: റൊനാൾഡ് നോക്സിനെപ്പററിയാണ് ഇവിടെ പ്രസ്താവിക്കുവാൻ പോകുന്നതു്.

മോൺ: നോക്സിനെപ്പററി കേട്ടിട്ടില്ലാത്തവർ ആംഗലഭാഷാഭിജ്ഞന്മാരുടെയിടയിൽ, ചുരുക്കം; തിരുവായും ക്രിസ്ത്യാനികളുടെ ഇടയിൽ ചുരുക്കമാണ്. വശ്യവചസ്സായ ഒരു വാഗ്മി, അനുഗൃഹീതനായ ഒരു ഗ്രന്ഥകാരൻ, കിടയററവരു സാഹിത്യകാരൻ, അജ്ഞേയവാദികളുടെ ഭയങ്കരനായ ഒരെതിരാളി, യുക്തിവാദികളുടെ കണ്ണകോടാലി, വിജ്ഞാനകേദാരം, സുപ്രസിദ്ധനായ ഒരു ബൈബിൾ വിവത്തകൻ ഈ നിലകളിലെല്ലാം അദ്ദേഹം ലോകപ്രശസ്തിയാർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു.

അദ്ദേഹത്തിൻെറ പെരുമാററം ആരേയും ആകർഷിക്കും. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ആക്കും രുചിക്കും. പഴഞ്ചൻ ആശയങ്ങൾക്കും, ആവത്തനങ്ങൾക്കും അതിൽ സ്ഥാനമില്ല. അദ്ദേഹത്തിൻെറ ആശയങ്ങൾക്കെപ്പോഴും ഒരു പുതുമയുണ്ടു്. അദ്ദേഹത്തിൻെറ പ്രതിപാദനത്തിനൊരു നവീനതയുമുണ്ട്. ആ ഭാഷാരീതി ആരേയും ആകർഷിക്കും. മോൺ. നോക്സിൻെറ പുസ്തകങ്ങൾ അദ്ദേഹത്തിൻെറ ശത്രുക്കളേക്കൂടി ആകർഷിക്കുവാൻ പോരുന്നവയാണ്. ഉന്നതാശയങ്ങൾ ലളിതകോമളമായ ഭാഷയിൽ അവയിൽ അങ്ങനെ നിരത്തി വച്ചിരിക്കും.

1888-ൽ മാഞ്ചെസ്റ്ററിലെ ആംഗ്ലിക്കൻ ബിഷപ്പിൻെറ ആറാമത്തെ സന്താനമായി റൊനാൾഡ് നോക്സ് ഭൂജാതനായി. ബാല്യത്തിൽ തന്നെ അസാധാരണമായ ബുദ്ധിസാമർത്ഥ്യം പ്രകടിപ്പിച്ചിരുന്ന റൊനാൾഡ് പ്രാഥമികവിദ്യാഭ്യാസത്തിനായി "ഈററൺ" സ്കൂളിലേക്കയക്കപ്പെട്ടു. സ്കൂളിൽ പഠിച്ചിരുന്ന കാലത്തു് റൊനാൾഡായിരുന്നു ഏതൊരു വിഷയത്തിനും ക്ലാസ്സിൽ ഒന്നാമൻ. കേവലം പന്ത്രണ്ടു വയസ്സു പ്രായമുണ്ടായിരുന്നപ്പോൾ അവൻ ഗ്രീക്കു്, ലാററിൻ എന്നീ ഭാഷകളിൽ നല്ല ഒഴുക്കുള്ള പദ്യങ്ങൾ വിരചിച്ചിരുന്നു. 17-ാമത്തെ വയസ്സിൽ നോക്സ് ഗ്രീക്കു്, ലാററിൻ കവിതകൾ ഇടകലന്ന ഒരു പുസ്തകം പ്രസിദ്ധീകരിക്കയുണ്ടായി.

"ഈററനി"ൽനിന്നും റൊനാൾഡ് ഓക്സ്ഫോർഡ് വിശ്വവിദ്യാലയത്തിലേക്കയക്കപ്പെട്ടു അവിടെ അദ്ദേഹത്തിൻെറ മാനസ്സിക ഗുണങ്ങൾ ശോഭിക്കുകതന്നെ ചെയ്തു. അല്പകാലത്തിനുള്ളിൽ അദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണിയും സഹപാഠികളുടെ സ്നേഹ ഭാജനവുമായിത്തീരുന്നതിനു് അദ്ദേഹത്തിനു സാധിച്ചു പഠനത്തിനെപ്പോഴും പ്രഥമസ്ഥാനം അദ്ദേഹത്തിനുതന്നെ. അദ്ദേഹമില്ലാത്ത വാദപ്രതിവാദസദസ്സുകളില്ല. അവയിലെല്ലാം അദ്ദേഹം പ്രതിയോഗികളെ അമ്പരപ്പിച്ച് അടിയറ പറയിച്ചിരുന്നു. അദ്ദേഹത്തിൻെറ വായിൽനിന്നും അനർഗ്ഗളമായി പ്രവഹിച്ചിരുന്ന വാഗ്ധോരണി ശ്രോതാക്കളെ ഇരുത്തിച്ചിന്തിപ്പിച്ചിരുന്നു. ഏതോ ഒരു മാന്ത്രികശക്തി ആ വാക്കുകൾക്കുണ്ടായിരുന്നു. ഇന്നും ഉണ്ടുതാനും. അദ്ദേഹത്തിൻെറ അജയ്യമായ യുക്തിയുടെ മുമ്പിൽ തലകുനിക്കുന്നതുതന്നെ ഒരു ബഹുമാനമായിക്കരുതിയിരുന്നു അദ്ദേഹത്തിൻെറ എതിരാളികൾ.

"അയാളൊരു നല്ല ചെറുക്കനായിരുന്നു. ഇങ്ങനെ തലതിരിഞ്ഞു പോയല്ലോ. കഷ്ടമായിപ്പോയി." എന്നാണ് റൊനാൾഡ് കത്തോലിക്കാസഭയിൽ പ്രവേശിച്ചെന്നു കേട്ടപ്പോൾ അദ്ദേഹത്തിൻെറ ഒരു യുക്തിവാദിസുഹൃത്തു് അഭിപ്രായപ്പെട്ടതു്.

ഓക്സ്ഫോർഡിലായിരിക്കുമ്പോൾ അദ്ദേഹമൊരു വ്രതം എടുത്തു, നിത്യബ്രഹ്മചര്യം അനുഷ്ഠിച്ചുകൊള്ളാമെന്നു്. സവ്വകലാശാലാവിദ്യാഭ്യാസാനന്തരം റൊനാൾഡ് ഒരാംഗ്ലിക്കൻ പാർസനായി. ഓക്സ്ഫോർഡിൽതന്നെ അദ്ദേഹം നീയമിക്കപ്പെട്ടു. സ്വതവേ ഗൗരവശീലനായിരുന്നെങ്കിലും കല്പവച്ച ഫലിതങ്ങൾ അടിച്ചുവിടുന്നതിൽ അദ്ദേഹത്തിനൊരു പ്രത്യേകവിരുതുണ്ടായിരുന്നു, ആരുടെ നേരെക്കെന്നില്ല. ആ ഫലിതശരങ്ങൾ അദ്ദേഹം തൊടുത്തുവിടും. അതിനിരയായ മേലധികാരികൾ ചിലപ്പോൾ അമർഷംകൊണ്ടിട്ടുണ്ട്. അഗാധബുദ്ധിമാനായ അദ്ദേഹത്തിനു് അധികസമയം വേണ്ടിവന്നില്ല ആംഗ്ലിക്കൻസഭയുടെ ആബദ്ധ്യം ഗ്രഹിക്കുവാൻ. ഉടൻതന്നെ നോക്സ് മേലധികാരികൾക്ക് കണക്കിനൊരു പ്രഹരം കൊടുത്തിട്ട് വെച്ചുപിടിച്ചു നേരെ റോമ്മാസഭയിലേക്കു്. തൻെറ മാനസാന്തരചരിത്രം The Spiritual Aeneid എന്ന ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്.

മോൺ: റൊനാൾഡ് നോക്സിൻെറ മാനസാന്തരം ആംഗ്ലിക്കൻ സഭയിൽ ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചു. അദ്ദേഹത്തെ പിൻതുടരുന്നതിനു് ധാരാളം പേരുണ്ടായി. പലക്കും പല സംശയങ്ങളുമുണ്ടായിരുന്നു. അവയെല്ലാം അദ്ദേഹം തീർത്തുകൊടുത്തു. സത്യത്തെ അറിഞ്ഞിട്ടും അതിനെ ആശ്ലേഷിക്കുവാൻ മനസ്സുറയ്ക്കാതെ അനിശ്ചിതാവസ്ഥയിൽ നിന്നിരുന്ന പലരും ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ കൂട്ടുകാരനായ തിയോഡോർ മെയ്നാർഡിനെ തള്ളി റോമാസഭയിലാക്കിയിട്ട് കൂടെകേറിയെങ്കിലോ എന്നു് സംശയിച്ചുനില്ക്കുന്ന ജി. കെ. ചെസ്റ്റർട്ടനുമുണ്ടായിരുന്നു. റൊനാൾഡ് നോക്സിൻെറ ധീരമായ ഈ കാല്വയ്പു് അവരെ ഉന്മേഷഭരിതരാക്കി. അവരും അദ്ദേഹത്തെ അനുഗമിച്ചു. ഇക്കാലത്തു് റൊനാൾഡ് നോക്സിൻെറ ഉപദേശങ്ങൾ സ്വീകരിക്കുന്നതിനും, സഭാകാര്യങ്ങളെപ്പററി ചർച്ചചെയ്യുന്നതിനും അദ്ദേഹത്തെ സന്ദശിച്ചിരുന്ന യുവജനങ്ങൾ അസംഖ്യമായിരുന്നു.

കത്തോലിക്കാസഭയുടെവിശ്വാസസത്യങ്ങളെ, അജ്ഞേയവാദികളും നിരീശ്വരന്മാരുമായ ശത്രുക്കളുടെ ആക്രമണത്തിൽനിന്നു് സംരക്ഷിക്കുന്നതിനായി അദ്ദേഹം കച്ചകെട്ടിയിറങ്ങി. പലരും പല സംശയങ്ങളുമായി അടുത്തുകൂടി. അജ്ഞേയവാദികളും ഭൗതികവാദികളുമടങ്ങിയ ഒരു പണ്ഡിതസംഘം അദ്ദേഹത്തിനെതിരായി അണിനിരന്നു. യുക്തിയുക്തമായ വാദങ്ങൾവഴി അദ്ദേഹം എതിരാളികളെ അടിപണിയിച്ചു. യുക്തിവാദികളുടെ കുയുക്തികൾ അദ്ദേഹത്തിൻെറ യുക്തിയുടെ മുമ്പിൽ കാററത്തു് പുകപോലെ പറന്നുപോയി ഇക്കാലത്തു് അദ്ദേഹത്തിനെതിരിടേണ്ടിവന്ന യുക്തിവാദികളിലൊരാളാണ് പിൽക്കാലത്തു് മാനസാന്തരപ്പെട്ട് കത്തോലിക്കാസഭയിൽ ചേന്ന പ്രസിദ്ധ അജ്ഞേയവാദിയായ ആർനോൾഡ് ലൺ.

പിന്നീട് മോൺ നോക്സ് വാദപ്രതിവാദമൊന്നും വേണ്ടെന്നുവച്ച് ഒരുൾനാടൻ പ്രദേശത്തേക്ക് മാറി ആദ്ധ്യാത്മികകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുതുടങ്ങി. ധ്യാനപ്രസംഗങ്ങളും, ഉപദേശങ്ങളുമായി കുറെനാൾ അങ്ങിനെ കഴിച്ചുകൂട്ടി.

ഒടുവിൽ 1939-ൽ ആണ് ഇദ്ദേഹം ബൈബിൾവിവത്തനമെന്ന മഹാസംരംഭത്തിലേപ്പെട്ടതു്. സുദീർഘമായ ഒരു കാലഘട്ടത്തേക്ക് അദ്ദേഹം നിഘണ്ടുക്കളുടെയും ബൈബിൾ വ്യാഖ്യാനങ്ങളുടെയും ഇടയിൽ കഴിച്ചുകൂട്ടി. ദിവസത്തിൽ അനേക മണിക്കൂറുകൾ ഒരായിരുപ്പിൽ തള്ളിവിട്ടിട്ടുണ്ട് അദ്ദേഹം. അവസാനം 1946-ൽപുതിയനിയമവും 1948-ൽ പഴയ നിയമത്തിൻെറ പ്രഥമവാല്യവും പുറത്തിറങ്ങിയപ്പോൾ ലോകം അത്യാഹ്ളാദത്തോടെയാണ് അവ സ്വീകരിച്ചതു് എന്നുള്ളതിനു് അദ്ദേഹത്തിൻെറമേൽ കോരിച്ചൊരിയപ്പെട്ട അഭിനന്ദനങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്.

വി. ഈറാനിമ്മോസിനുശേഷം ഒരിക്കലും ഒരാൾ തനിച്ച് ഏറെറടുത്തു് നടത്താൻ ധൈര്യപ്പെടാത്ത ഒരു ബൃഹൽ സംരംഭമാണ് ബൈബിൾ വിവത്തനം. ഒരാളുടെ ജീവിതകാലം മുഴുവൻ ഇതിനുവേണ്ടിവരുമെന്നു് പറയുന്നതിൽ അതിശയോക്തിയില്ല. എന്നാൽ കൃത്യാന്തരബഹുലതയുടെ ഇടയിൽപോലും ഇത്ര മനോഹരമായ ഒരു വിവത്തനം തയ്യാറാക്കിയ മോൺ. നോക്സ് സവ്വക്രൈസ്തവരുടെയും കൃതജ്ഞതയെ അർഹിക്കുന്നുണ്ട്.

മോൺ. നോക്സിൻെറ വിവത്തനത്തെ കവച്ചുവയ്ക്കുവാൻ ഇംഗ്ലീഷ് ഭാഷയിലുള്ള യാതൊരു വിവത്തനത്തിനും ഇതേവരെ സാദ്ധ്യമായിട്ടില്ല. അദ്ദേഹത്തിനു് ഇംഗ്ലീഷിലുള്ള സ്വാധീനം ഇതിൽ ഉടനീളം തെളിഞ്ഞുകാണാം. "ഈ വിവത്തനത്തിൻെറ മാഹാത്മ്യത്തെ കാലംതന്നെ വെളിപ്പെടുത്തിക്കൊള്ളും" എന്നാണ് ഇതിൻെറ അവതാരകനായ മൈററു് റവ. മോൺ ബർനാർഡ് പ്രസ്താവിച്ചിരിക്കുന്നതു്. നോക്സ് സവ്വക്രിസ്ത്യാനികളുടേയും അഭിനന്ദനത്തെ അർഹിക്കുന്നു എന്നാണ് "ചർച്ച് ഓഫ് ഇംഗ്ലണ്ട് ടൈംസ്" അഭിപ്രായപ്പെടുന്നതു്.

ബൈബിൾ വിവത്തനത്തിനു പുറമെ God and Atom, Belief of Catholics, Retreat for Priests, The Spiritual Aeneid. Mass in slow motion, Gospel in slow motion, Creed in slow motion, തുടങ്ങിയുള്ള പണ്ഡിതോചിതങ്ങളായ ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. ഇതിനും പുറമെ അദ്ദേഹത്തിൻെറ വിവാഹപ്രസംഗങ്ങൾ (Marriage Sermons) ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്നും അദ്ദേഹം കൃത്യാന്തരബഹുലനായി കഴിഞ്ഞുകൂടുകയാണ്. പ്രസംഗത്തിനു് മോൺ. നോക്സിനെ കിട്ടുവാനായി ഇംഗ്ലണ്ടിലെ കത്തോലിക്കാ സംഘടനകൾ മത്സരിക്കയാണ്. പുതുതായി വിവാഹിതരാവുന്നവക്ക് മോൺ. നോക്സ് വിവാഹപ്രസംഗം നടത്താൻ വന്നാലേ തൃപ്തിയാകു. എന്നാലും വല്ലപ്പോഴുമൊക്കെ ഓക്സ്ഫോർഡിൽ പോകുന്നതിനു് അദ്ദേഹം മറക്കാറില്ല.

ഓക്സ്ഫോർഡ് പ്രസംഗമണ്ഡപവും, കത്തോലിക്കാ ദേവാലയവും ആളുകളെക്കൊണ്ടു് നിറഞ്ഞിരിക്കും അദ്ദേഹം വരുന്നുണ്ടെന്നു കേട്ടാൽ. ഓക്സ്ഫോർഡിൽ അദ്ദേഹം ഒരു കൊച്ചുകുട്ടിയെപ്പോലെ തുള്ളിച്ചാടി ആഹ്ളാദിക്കുന്നു. അന്നദ്ദേഹത്തിനു വിശ്രമദിവസമാണ്.

ഈ പ്രശസ്തിക്കിടയിലും അദ്ദേഹത്തിൻെറ വിനയം അത്ഭുതാവഹംതന്നെ. ഒരിക്കൽ തന്നെ അനുമോദിച്ച് സംസാരിച്ചവരോട് അദ്ദേഹം പറയുകയാണ്, "തൻെറ നേട്ടങ്ങൾ മനുഷ്യക്ക് ഉപകരിക്കുന്നതോടൊപ്പം താൻ വിസ്മൃതകോടിയിൽ തള്ളപ്പെട്ടു കൊള്ളട്ടെ" എന്നു്. 1917-ൽ നടന്ന അദ്ദേഹത്തിൻെറ മാനസാന്തരത്തിനുശേഷം അദ്ദേഹം കത്തോലിക്കാസഭയ്ക്കു് ചെയ്തിട്ടുള്ള സേവനങ്ങളെ പരിഗണിക്കുന്നതായാൽ അതൊരിക്കലും സംഭവിക്കുമെന്നു് പ്രതീക്ഷിക്കുവാൻ വഹിയാത്തതാണ്. ചരിത്രത്തിൻെറ താളുകളിൽ അദ്ദേഹത്തിൻെറ നാമം തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടുന്നതിനു് അതു് മതിയായിരിക്കുന്നു.

[മോൺ. നോക്സിൻെറ ആരോഗ്യസ്ഥിതിയെപ്പററി ജൂൺ 28-ാം തീയതിയിലെ "യൂനിവേഴ്സ്" പത്രത്തിൽ ചേത്തിരുന്ന ഒരു കുറിപ്പ്, അദ്ദേഹത്തെ സ്നേഹിക്കുന്ന വായനക്കാക്ക ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. "കഴിഞ്ഞ വസന്തകാലത്തിൽ നടത്തപ്പെട്ട ശസ്ത്രക്രിയ വിജയകരമായിരുന്നു എങ്കിലും, മോൺ. നോക്സിൻെറ ആരോഗ്യം വളരെ മോശമായ ഒരു പരിതസ്ഥിതിയിലേക്കു തിരിഞ്ഞിരിക്കുകയാണ്. ഏതെങ്കിലും പരിപാടികൾ സ്വീകരിക്കുന്നതിനു അദ്ദേഹത്തിനു തല്ക്കാലം നിവൃത്തിയില്ല. നിവൃത്തിയുള്ളിടത്തോളം എഴുത്തുകുത്തുകളിൽനിന്നും അടുത്ത കുറെ മാസങ്ങളിലേക്കു അദ്ദേഹത്തെ ഒഴിവാക്കുന്നതു അദ്ദേഹത്തിനു വളരെ സന്തോഷപ്രദമായിരിക്കും. തുടന്നുള്ള പ്രാത്ഥനകൾക്കു അദ്ദേഹം കൃതജ്ഞനായിരിക്കുന്നതാണ്." അദ്ദേഹത്തിനുവേണ്ടി പ്രാത്ഥിക്കുവാൻ ഈ കുറിപ്പു ഉത്തേജകമായിരിക്കുമെന്നു വിശ്വസിക്കുന്നു—സ. ദീ പത്രാധിപർ]

# ചോദിച്ചാൽ പറയാം

140. ചോ: പ്രോട്ടസ്റ്റൻറു വേദപുസ്തകവും കത്തോലിക്കാ വേദപുസ്തകവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?

(വി. എൽ. എഫ്.)

ഉ: പ്രോട്ടസ്റ്റൻറു വേദപുസ്തകവും കത്തോലിക്കാ വേദപുസ്തകവും തമ്മിൽ പല വ്യത്യാസങ്ങളുമുണ്ടു്; ചിലതു് അപ്രധാനങ്ങളും, ചിലതു പ്രധാനങ്ങളും. (1) രണ്ടു വേദപുസ്തകങ്ങളും മൂലത്തിൽനിന്നുള്ള പരിഭാഷകളാണ്. ഒരേ സംഗതി രണ്ടു പേർ പ്രതിപാദിച്ചാൽ രണ്ടുവിധത്തിലായിരിക്കുമല്ലോ. അത്ഥത്തിൽ ഒന്നുതന്നെയായിരുന്നാലും പ്രതിപാദനത്തിൽ വൈവിദ്ധ്യംവരും. മൂലത്തിലെ പദത്തിനു് ഒന്നിലധികം അത്ഥങ്ങളുള്ളപ്പോൾ ഒരാൾ ഒരു അത്ഥവും അപരൻ മറേറ അത്ഥവും സ്വീകരിച്ചെന്നു വരാം. അങ്ങനെ പരിഭാഷയിൽ ഉപയോഗിക്കുന്ന ഒരു പദത്തിനു നാനാർത്ഥങ്ങളുള്ളപ്പോൾ. ഏതെങ്കിലും അർത്ഥത്തിൽ ആരെങ്കിലും വ്യാഖ്യാനിക്കുന്നതു മൂലത്തിലെ ആശയത്തിനു അനുയോജ്യമായിക്കൊള്ളണമെന്നില്ല. പ്രോട്ടസ്റ്റൻറു വേദപുസ്തകത്തിലേയും കത്തോലിക്ക വേദപുസ്തകത്തിലേയും ഭാഷാരീതികൾതന്നെ വിഭിന്നങ്ങളായിരിക്കുന്നു.

2) വേദപുസ്തകത്തിലെ ചില പുസ്തകങ്ങൾക്കു പ്രോട്ടസ്റ്റൻറുകാർ നൽകുന്ന പേരുകൾ, കത്തോലിക്കർ നൽകുന്നതിൽനിന്നു വിഭിന്നങ്ങളാകുന്നു. കത്തോലിക്കാ വേദപുസ്തകത്തിലെ രാജാക്കളുടെ ഒന്നും രണ്ടും പുസ്തകങ്ങൾ പ്രോട്ടസ്റ്റൻറു് വേദപുസ്തകത്തിൽ ശമുവേൽ ഒന്നും രണ്ടും പുസ്തകങ്ങളാണ്. കത്തോലിക്കരുടെ ഒന്നും രണ്ടും Paralipomenon പ്രോട്ടസ്റ്റൻറുകാക്കു ഒന്നും രണ്ടും Chronicles ആണ്. കത്തോലിക്കരുടെ "പാട്ടുകളുടെ പാട്ടു്" അവക്കു "ശ്ലേമ്മോൻെറ പാട്ടാ"ണ്.

3) പഴയനിയമത്തിലെ ആളുകളുടേയും സ്ഥലങ്ങളുടേയും പേരുകൾക്കു തമ്മിൽ ചില രൂപവ്യത്യാസങ്ങളുണ്ടു്. പ്രോട്ടസ്റ്റൻറു് ബൈബിൾ എബ്രായനാമങ്ങളോടു കൂടുതൽ പ്രതിപത്തി കാണിക്കുമ്പോൾ കത്തോലിക്കാ ബൈബിൾ അവയുടെ ഗ്രീക്കു രൂപങ്ങളെയാണു സ്വീകരിച്ചിരിക്കുന്നതു്. പ്രോട്ടസ്റ്റൻറുകാരുടെ ഹോസിയും, ഏശയ്യായും ജോനായും, കത്തോലിക്കാബൈബിളിൽ ഓസിയും, ഇസയാസും, ജോനാസുമായതങ്ങനെയാണ്.

4) ദാവീദിൻെറ സങ്കീത്തനത്തിൽ 150 സങ്കീത്തനങ്ങളാണല്ലോ ഉള്ളതു്. എന്നാൽ കത്തോലിക്കാ (ഇംഗ്ലീഷ്) ബൈബിളിലെ 9-ാം സങ്കീത്തനം പ്രോട്ടസ്റ്റൻറുബൈബിളിൽ 9-ം 10-ം സങ്കീത്തനങ്ങളാണ്. അതുപോലെതന്നെ 146-ം 147-ം സങ്കീത്തനങ്ങൾ പ്രോട്ടസ്റ്റൻറുബൈബിളിൽ 147-ാം സങ്കീത്തനമാണ്.

5) കത്തോലിക്കരുടെ പഴയനിയമത്തിലുള്ള 7 പുസ്തകങ്ങൾ (യൂദിത്തു്, തോബിയാസ്, പ്രാസംഗികൻ, വിജ്ഞാനം, ബാറുക്ക്, മക്കബായ ഒന്നും രണ്ടും എന്നിവ) പ്രോട്ടസ്റ്റൻറുബൈബിളിൽ ഉണ്ടായിരിക്കുന്നില്ല. അതുപോലെതന്നെ എസ്സേർ, ഡാനിയൽ എന്നീ ഗ്രന്ഥങ്ങളിലെ ചില അദ്ധ്യായങ്ങളും.

6) ബൈബിൾ, വ്യാഖ്യാനങ്ങളോടും ഫുട്ട്നോട്ടുകളോടുംകൂടിയാണല്ലോ പ്രസിദ്ധപ്പെടുത്തുന്നതു്. പ്രോട്ടസ്റ്റൻറു് വേദപുസ്തകത്തിൽ, പ്രോട്ടസ്റ്റൻറുകാരുടെ നിലയെ സാധൂകരിക്കത്തക്ക വ്യാഖ്യാനങ്ങളും സൂചനകളുമാണു നൽകിയിരിക്കുന്നതു് കത്തോലിക്കാ ബൈബിളിൽ കത്തോലിക്കാ വ്യാഖ്യാനങ്ങളും. പ്രോട്ടസ്റ്റൻറു് വേദപുസ്തകത്തിലെ ബൈബിൾഭാഗത്തെക്കാൾ കൂടുതൽ അപകടകരങ്ങളും നിഷിദ്ധങ്ങളും അതിലെ വ്യാഖ്യാനങ്ങളും സൂചനകളുമാണ്.

7) ഇവതമ്മിലുള്ള ഏററം മൗലികമായ വ്യത്യാസം കത്തോലിക്കാ വേദപുസ്തകം വൈദികാനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നുവെന്നും, പ്രോട്ടസ്റ്റൻറുവേദപുസ്തകം ആക്കും പ്രസിദ്ധപ്പെടുത്താ

(ശേഷം 11-ാംപേജിൽ)

# കേരളത്തിന് കേന്ദ്രത്തിൻെറ പൂർണ്ണമായ പിന്തുണയുണ്ടായിരിക്കും

## തിരുവനന്തപുരത്തു സ്വാതന്ത്ര്യദിനപരേഡിൽ പ്രസിഡണ്ടിൻെറ പ്രസംഗം

"നിങ്ങൾക്കു ഭാവിയെപ്പററി ശുഭപ്രതീക്ഷ പുലർത്താം. നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യത്നത്തിൽ കേന്ദ്രത്തിൻെറ അനുഭാവവും സഹായകരമായ പരിഗണനകളും എപ്പോഴും ഉണ്ടായിരിക്കും" എന്നിപ്രകാരമാണ് ആഗ. 15-ാംനു തിരുവനന്തപുരം യൂനിവേഴ്സിററി സ്റ്റേഡിയത്തിൽവച്ചു നടന്ന സ്വാതന്ത്ര്യദിനപരേഡിനെ അഭിമുഖീകരിച്ച് പ്രസിഡണ്ട് ഡോക്ടർ രാജേന്ദ്രപ്രസാദ് ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചതു്. അദ്ദേഹം ഇങ്ങനെ തുടർന്നു: ഈ പരേഡും അതിൽ പങ്കെടുക്കുന്ന ഭടന്മാരുടേയും ഇവിടത്തെ പോലീസ് വിഭാഗത്തിൻെറയും ബോയ് സ്കൗട്ടുകളുടേയും ഗേൾഗൈഡുകളുടേയും ചുറുചുറുക്കോട്ടുകൂടിയ പ്രകടനവും സന്ദർശിക്കുന്നതിൽ എനിക്കു അളവററ ആനന്ദമുണ്ടു്. അവർക്കെല്ലാം എൻെറ അഭിനന്ദനങ്ങളും അനുമോദനങ്ങളും.

നമ്മുടെ സ്വാതന്ത്ര്യത്തിൻെറ പത്താംവാർഷികമാണ് നാം ഇന്നു ആഘോഷിക്കുന്നതു്. ഈ സന്ദർഭത്തിൽ ഈ സംസ്ഥാനത്തെ ജനങ്ങൾക്കാകമാനം എൻെറ ഹൃദയംഗമമായ അഭിവാദനങ്ങളും, ആനന്ദകരവും ഐശ്വര്യപൂർണ്ണവുമായ ഭാവിക്കുവേണ്ടിയുള്ള ആശംസകളും ഞാൻ അർപ്പിച്ചുകൊള്ളുന്നു. ഈ സന്ദർഭത്തിൽ നിങ്ങളുമൊന്നിച്ചു കഴിയുവാൻ സാധിച്ചതു് എനിക്കു ഏററവും സന്തോഷകരമാണ്. ഞാൻ ഈ സംസ്ഥാനത്തു കഴിച്ചുകൂട്ടിയ ഏതാനും ദിവസങ്ങളിൽ കേരളത്തിലെ ജനങ്ങൾ എനിക്കു നൽകിയ സ്വീകരണങ്ങളും എൻെറ നേരെ പ്രദർശിപ്പിച്ച സ്നേഹവും എന്നെ അഗാധമായി സ്പർശിച്ചിട്ടുണ്ടു്. ഞാൻ എവിടെയെല്ലാം പോയിട്ടുണ്ടോ, തിരുവനന്തപുരം നഗരത്തിലായാലും ശരി, ഉൾനാട്ടിലായാലും ശരി, വലിയ ജനക്കൂട്ടങ്ങൾ, പുരുഷന്മാരും സ്ത്രീകളും കുട്ടികളും, എന്നെ അഭിവാദനംചെയ്യുന്നതിനായി വന്നുചേർന്നു. ഈ സ്നേഹപ്രകടനത്തിൽ ഞാൻ അവർക്കു നന്ദിപറയുന്നു. എന്നാൽ നിങ്ങൾ എൻെറ നേരെ കാണിച്ച ഈ ബഹുമാനം ഒരു വ്യക്തിയെ ഉദ്ദേശിച്ചല്ലെന്നും ഞാൻ ഇപ്പോൾ വഹിക്കുന്നതിനിടയായ പ്രസിഡണ്ടുസ്ഥാനത്തെ ഉദ്ദേശിച്ചാണെന്നും എനിക്കു നല്ലവണ്ണം അറിയാം. ആ കാരണത്താൽ ജനങ്ങളുടെ ഈ ഉത്സാഹപ്രകടനങ്ങൾ കൂടുതൽ പ്രാധാന്യമുള്ളതും, വിലയേറിയതുമാകുന്നു.

ഇൻഡ്യൻയൂണിയനിലെ മററു പല സംസ്ഥാനങ്ങളേയുംപോലെ നിങ്ങളുടെ സംസ്ഥാനവും, ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി കഴിയുന്നതും വേഗം പരിഹരിക്കപ്പെടേണ്ട പല വമ്പിച്ച പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നുണ്ടു്. ഞാൻ ഇവിടെ കഴിച്ചുകൂട്ടിയ കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ എന്തെല്ലാം കാണുകയും മനസ്സിലാക്കുകയും ചെയ്തുവോ അവയെല്ലാം എന്നിൽ ഉളവാക്കിയ വിശ്വാസം നിങ്ങൾക്കു ഭാവിയെപ്പററി ശുഭപ്രതീക്ഷ പുലർത്താമെന്നാണ്. നിങ്ങളുടെ ഗവമ്മെണ്ടു് ആ പ്രശ്നങ്ങളെ ഊർജ്ജിതമായും സേവനതല്പരതയോടുകൂടിയും നേരിടുകയാണെന്നു പറയുവാൻ എനിക്കു സന്തോഷമുണ്ടു്.

രാജ്യവിസ്തൃതിയിൽ കേരളം ഇൻഡ്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏററവും ചെറുതാണ്. എന്നാൽ മാനുഷികവിഭവശക്തിയിലും പ്രകൃതിസമ്പത്തിലും നിങ്ങളുടെ നില അതല്ല. പ്രകൃതി നിങ്ങളെ അങ്ങേയററം അനുഗ്രഹിച്ചിട്ടുണ്ടു്. വിഭവസമ്പന്നതക്കു പുറമേ നിരുപമമായ സൗകുമാര്യംകൊണ്ടും പ്രകൃതി ഈ സംസ്ഥാനത്തെ അനുഗ്രഹിച്ചിട്ടുണ്ടു്. മാനുഷികസമ്പത്തിനെപ്പററിയാണെങ്കിൽ ബുദ്ധിസാമർത്ഥ്യത്തിലും അദ്ധ്വാനശീലത്തിലും കേരളത്തിലെ ജനങ്ങൾ ഇൻഡ്യയിൽ ആകമാനം മാത്രമല്ല വിദേശരാജ്യങ്ങളിലും പ്രശസ്തരാണ്. ജനപ്പെരുപ്പംപോലെയുള്ള വിഷമപ്രശ്നങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടെങ്കിലും നിങ്ങളുടെ കഴിവുകളും ഇൻഡ്യാഗവമ്മെണ്ടിൽനിന്നും സർവ്വദാ ലഭ്യമായ മാർഗ്ഗദർശനവും സഹായവുംകൊണ്ടു് ആ പ്രശ്നങ്ങളെല്ലാം കാലക്രമത്തിൽ പരിഹരിക്കാൻ കഴിയുമെന്നുള്ളതിൽ എനിക്കു സംശയമില്ല. നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യത്നങ്ങളിൽ കേന്ദ്രത്തിൻെറ അനുഭാവവും സഹായകരമായ പരിഗണനകളും എപ്പോഴും ഉണ്ടായിരിക്കുമെന്നു് കേന്ദ്രഗവമ്മെണ്ടിനുവേണ്ടി ഈ സന്ദർഭത്തിൽ ഞാൻ ഉറപ്പുനൽകിക്കൊള്ളുന്നു.

കേരളത്തിലെ സ്ത്രീപുരുഷന്മാരേ, നിങ്ങൾക്കു വീണ്ടും എൻെറ അഭിവാദനം. നിങ്ങൾക്കു് സർവ്വമംഗളങ്ങളും ഞാൻ ആശംസിക്കുകയും ഇന്നു ആരംഭിക്കുന്ന പുതുവത്സരത്തിൽ നിങ്ങൾക്കു കൂടുതൽ സന്തോഷവും ഐശ്വര്യവും ഉണ്ടാകട്ടെയെന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

(1-ാംപേജ് തുടർച്ച)

താവിനു സമർപ്പിക്കുന്നു. ഇവിടേയും നാം മറിയത്തെ കണ്ടെത്തണം.

നസ്രത്തിലെ ഭവനം. "ഇതു് ദൈവഭവനവും സ്വർഗ്ഗവാതിലുമാകുന്നു (സൃഷ്ടി 28-ാം അദ്ധ്യായം 17-ാം വാക്യം) പാവനവും മാധുര്യപൂർണ്ണവുമായ ആ ഭവനത്തിൽ ദൈവികമായ ഒരന്തരീക്ഷം നമുക്കു ദൃശ്യമാകുന്നു. മറിയത്തിൻെറ നേർക്കുള്ള ഒരു നോട്ടം ജീവദായകമാണ്. വിശുദ്ധരുടേയും മഹാത്മാക്കളുടേയും സഹവാസം നമ്മുടെ ആത്മാവിനെ ഉയർത്തുകയും മഹത്വീകരിക്കുകയും ചെയ്യുന്നു. മറിയത്തെ നിരന്തരം ഉററുനോക്കുന്നുവെങ്കിൽ, നമ്മുടെ നയനങ്ങളെ ആവരണം ചെയ്തിരിക്കുന്ന മൂടൽമഞ്ഞു നീങ്ങുകയും ഹൃദയത്തിൽ ഉറച്ചുകിടക്കുന്ന മഞ്ഞു് ഉരുകുകയുംചെയ്യും. വിസ്മയാവഹങ്ങളെന്നു ലോകം കരുതുന്നവ കണ്ടു് തഴകിയിരിക്കുന്ന കണ്ണുകൾക്കു് ആകർഷകമായി, വലുതും വിരോചിതവുമായി ലോകം കരുതുന്ന ഒന്നും, അവിടെയില്ല. യഥാർത്ഥമായ കുലീനത ആത്മാവിൻെറ കുലീനതയാണ്. അതു് അവിടെയുണ്ടു്. ഹൃദയത്തിൻെറ ജീവിതമാണ് പരിഗണനാർഹമായിട്ടുള്ളതു്. ആ ഹൃദയത്തിനുള്ള ജീവൻ എവിടെ ദൃശ്യമാകുന്നു? ദൈവതിരുമനസ്സിനോടുള്ള പൂർണ്ണമായ യോജിപ്പ്, നിരന്തരമായ പ്രാർത്ഥനാചൈതന്യം, ആത്മരക്ഷയിലുള്ള സമുജ്ജ്വലമായ തീക്ഷ്ണത ഇവയിലത്രെ ആ വിമലഹൃദയത്തിൻെറ ജീവൻ.

ദൈവതിരുമനസ്സിനോടുള്ള അവളുടെയോജിപ്പ് എങ്ങനെയെന്നു നാം കണ്ടുകഴിഞ്ഞു. പരിപൂർണ്ണവും ഇടമുറിയാത്തതുമായ പ്രാർത്ഥനയുടെ ഒരു ജീവിതമായിരുന്നു അവളുടേതു്. ദൈവസന്നിധിയിലേക്കുള്ള മനസ്സിൻെറ ഒരുയർത്തൽ, ആത്മാവിൻെറ ഒരു നോട്ടം—വിനയത്തോടും വിശ്വാസത്തോടുംകൂടെ നമ്മുടെ സ്രഷ്ടാവും പിതാവുമായ ദൈവത്തിൻെറ ഹൃദയത്തിലുള്ള നമ്മുടെ ഹൃദയത്തിൻെറ ലയിക്കൽ, അതാണ് പ്രാർത്ഥന. അതു് അവൾക്കു പ്രകൃതിസിദ്ധമായിരുന്നു. പരിപൂർണ്ണമായ പ്രാർത്ഥനയായിരുന്നു അവളുടെ ഹൃദയത്തിൻെറ ഓരോ മിടിപ്പും. അതു് തീക്ഷ്ണവും പ്രശാന്തവും കൃതജ്ഞതാനിർഭരവും വിശ്വാസസമ്പന്നവും അവികലവുമായിരുന്നു. രക്ഷകൻെറ സഹപ്രവർത്തകയുടെ പ്രാർത്ഥനയായിരുന്നു അതു്. അവൾ ദൈവത്തെ ആരാധിച്ചു് ആത്മാർപ്പണം ചെയ്തു നമ്മേയും തന്നോടൊന്നിപ്പിച്ചു് സമർപ്പിച്ചു. കൃതജ്ഞതാസ്തോത്രം ചെയ്യുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി തീരുകയും നമുക്കാവശ്യമുള്ള അനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്തു. അവളുടെ ഹൃദയം തൻെറ പുത്രൻെറ ദിവ്യഹൃദയത്തിൽ ഒന്നായി ചേർന്നിരുന്നു. ഇങ്ങനെ ആന്തരികമായ പ്രാർത്ഥനയെ നിലനിർത്തിക്കൊണ്ടു് നിശ്ചിതസമയങ്ങളിൽ കൂട്ടമായും പ്രാർത്ഥിച്ചിരുന്നു. ഇവിടെ നാം മറിയത്തെ കണ്ടെത്തണം.

മറിയത്തിൻെറ ജീവിതം ആത്മാക്കളുടെ രക്ഷയിലുള്ള സമുജ്ജ്വലമായ തീക്ഷ്ണതതന്നെയായിരുന്നു. മനുഷ്യരക്ഷയ്ക്കായി തൻെറ ജീവനെ പരിഹാരബലിയായി സമർപ്പിക്കുകയായിരുന്നു മിശിഹായുടെ കൃത്യം. അതിൽ സഹപ്രവർത്തകയായിരുന്നു മറിയം. കുരിശിൻചുവട്ടിൽവെച്ചു അവൾ അതു് പൂർത്തിയാക്കുകയാണ് ചെയ്തതു്. ഇതിലും മറിയത്തെ നാം കണ്ടെത്തണം.

സ്നേഹംതന്നെയായ ദൈവത്തിൻെറ മാതാവായ മറിയത്തിൻെറ ജീവിതം സ്നേഹനിർഭരമായിരുന്നു. അവളുടെ സ്നേഹം ദയനിറഞ്ഞതും സഹതാപപൂർണ്ണവും സഹായകരവുമായിരുന്നു. അവളുടെ മുഖം പ്രസന്നവും പ്രശാന്തവും പുഞ്ചിരിക്കുന്നതും, സംഭാഷണം ആനന്ദപൂർണ്ണവും സ്വർഗ്ഗീയവുമായിരുന്നു. അനുദിനകൃത്യങ്ങളിൽ പരസ്പരം സഹായിച്ചുപോന്നു. സ്വസ്നേഹത്തിൻെറ നേരിയ ച്ഛായപോലും അവളിലില്ല. അവൾ ജീവിക്കുകയും അന്യർക്കുവേണ്ടി സ്വയം പരിത്യജിക്കുകയുംചെയ്തു. പ്രയാസമേറിയതും താഴ്ന്നതുമായവ സ്വയം സ്വീകരിച്ചിരുന്നു. സന്തുഷ്ടരോടുകൂടെ അവൾ സന്തോഷിക്കുകയും ദുഃഖിതരോടുകൂടി ദുഃഖിക്കുകയും അങ്ങനെ പൗലോസ് അപ്പസ്തോലൻെറ വാക്കുകൾ അവളിൽ നിറവേററുകയുംചെയ്തു. തന്നെ സമീപിക്കുന്നവരെ പുഞ്ചിരിയോടെ സ്വാഗതംചെയ്തിരുന്നു. സൗഭാഗ്യസമ്പന്നരും ശക്തരും ദൈവത്തോടു് കൂടുതൽ അടുത്തവരുമായിട്ടാണ് അവർ പിരിഞ്ഞുപോയിരുന്നതു്. നേർബുദ്ധിയും ശാലീനതയും ദൈവസാന്നിദ്ധ്യചിന്തയും എന്തിലും എവിടേയും കളിയാടിയിരുന്നു. ഇവിടെ മറിയത്തെ കണ്ടെത്തണം.

അവൾ പാവവും പരിത്യക്തയും ഒന്നുമില്ലാത്തവളും കഠിനാദ്ധ്വാനം ചെയ്യേണ്ടവളും ആരാലും അറിയപ്പെടാത്തവളുമായിരുന്നു. വേദനാജനകങ്ങളായ ആ സാഹചര്യങ്ങളെ രക്ഷയ്ക്കും പുണ്യപൂർണ്ണതയ്ക്കുമുള്ള ഉപകരണങ്ങളാക്കി ഈശോയോടുള്ള സ്നേഹത്തെപ്രതി, അങ്ങയോടു ചേർന്നു് ആശ്ലേഷിച്ചു. വീട്ടു് ഒരു ചെറുകുടിൽ. ഉപകരണങ്ങൾ കഷ്ടിച്ചു് ആവശ്യത്തിനുമാത്രം. അതും വിലകുറഞ്ഞവ. ഭക്ഷണവും വസ്ത്രവും പരിമിതം. ചിലപ്പോൾ തികയുക പോലുമില്ല. അതാതുദിവസത്തെ വേലകൊണ്ടു് കഷ്ടിച്ചു കഴിഞ്ഞുകൂടും. ദാരിദ്ര്യത്തിൻെറ ദാരുണഫലങ്ങൾ അനുഭവിക്കാതിരിക്കുന്നുമില്ല. എങ്കിലും പിറുപിറുപ്പില്ല; സന്തുഷ്ടയാണ്, സംതൃപ്തയാണ്. ആ ക്ലേശങ്ങൾ പിതാവായ ദൈവവുമായി നമ്മെ യോജിപ്പിക്കുന്ന സ്വർണ്ണനൂലുകളാണെന്നു് അവൾ കരുതിയിരുന്നു. അതിരാവിലെമുതൽ നേരം ഇരുട്ടുന്നതുവരെ വീട്ടുവേലകളിൽ വ്യാപൃതയായിരിക്കും. വീടും പരിസരങ്ങളും വൃത്തിയാക്കുക, ഭക്ഷണം പാകംചെയ്യുക, കീറിയവസ്ത്രങ്ങൾ തുന്നുക, ദരിദ്രരും അർഹരുമായവരെ സഹായിക്കുക, ഇങ്ങനെ വിവിധവേലകളിൽ അവൾ ഏർപ്പെട്ടുപോന്നു. വിശ്രമമറിയാതെ വേലചെയ്തിരുന്നു. ഇക്കാര്യങ്ങളിലാണ് നാം മറിയത്തെ കണ്ടെത്തേണ്ടതു്.

അറിയപ്പെടാതെയും അവഗണിക്കപ്പെട്ടുമുള്ള ജീവിതം, അതാണ് അവൾ നൽകുന്ന മറെറാരു പാഠം. മനുഷ്യഹൃദയത്തിനു് അതു് അരോചകമാണ്. പ്രമുഖരും പ്രശസ്തരുമാകുമെങ്കിൽ ഏതു ക്ലേശവും സഹിക്കുവാൻ ആരും തയാറാകും. അറിയപ്പെടാതെ കഴിയുന്നതുപോലെ പ്രയാസമേറിയതും, അവഗണിക്കപ്പെടുന്നതുപോലെ കയ്പുനിറഞ്ഞതുമായി മറെറാന്നുമില്ല. എങ്കിലും അതായിരുന്നു മറിയത്തിൻെറ പങ്കു്. ബന്ധുമിത്രാദികൾപോലും പലപ്പോഴും അവളെ മറന്നുകളഞ്ഞു. എവിടേയും അവഗണന. എങ്കിലും അവൾക്കു് ദുഃഖമില്ല, പരാതിയില്ല, പരിഭവമില്ല. ഇവിടെയാണ് മറിയത്തെ കണ്ടെത്തേണ്ടതു്

ഇങ്ങനെ അനുദിനജീവിതത്തിൽ "മറിയത്തെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു. നമ്മുടെ കർത്താവിൽനിന്നു് രക്ഷയും."

—o—

# നിശ്ചയദാർഢ്യത്തോടും ചങ്കുറപ്പോടുംകൂടി മുന്നോട്ടുപോകുക

## റെഡ്ഫോർട്ടിൽ പതാകയുയർത്തിക്കൊണ്ടു് പ്രധാനമന്ത്രി നെഹ്റു ചെയ്ത പ്രസംഗം

നിശ്ചയദാർഢ്യത്തോടും ചങ്കുറപ്പോടുംകൂടി സ്വയം തയ്യാറെടുത്തുകൊണ്ടു് രാജ്യത്തെ ദാരിദ്ര്യം തുടച്ചുനീക്കുവാനുള്ള യാത്ര പുറപ്പെട്ടുകൊള്ളാൻ പ്രധാനമന്ത്രി നെഹ്റു ആഗസ്റ്റ് 15-ാം തീയതി ഇന്ത്യൻജനതയെ ആഹ്വാനം ചെയ്തിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിൻെറ 10-ാം വാർഷികാഘോഷവേളയിൽ റെഡ്ഫോർട്ടിൽ ദേശീയപതാകയുയർത്തിക്കൊണ്ടു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി തുടർന്നു:-

ഒരു നൂറുവർഷങ്ങൾക്കുമുമ്പ് നമ്മുടെ ജനങ്ങൾ അവരുടെ രക്തവും വിയർപ്പുംകൊണ്ടു് അടിത്തറയിട്ട സ്വാതന്ത്ര്യം കഴിഞ്ഞ 10 വർഷംകൊണ്ടു് നാം ഉറപ്പിച്ചുകഴിഞ്ഞിരിക്കയാണ്. ഇനി ജനങ്ങളുടെ സാമ്പത്തികസ്വാതന്ത്ര്യം കൂടി കരഗതമാക്കുവാനുള്ള യാത്ര പൂർത്തിയാക്കേണ്ടതായിട്ടാണിരിക്കുന്നതു്.

എന്നാൽ തൊഴിലില്ലായ്മയേയും ദാരിദ്ര്യത്തേയും തുടച്ചുനീക്കുവാൻ ദൃഢനിശ്ചയത്തോടെ ഏതെങ്കിലും രാഷ്ട്രം മുന്നോട്ടുവരുന്നുവെങ്കിൽ അതിനു പല തടസ്സങ്ങളും നേരിടേണ്ടതായി വരുമെന്നും നെഹ്റു മുന്നറിയിപ്പു നൽകുകയുണ്ടായി.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ നാം പലപ്പോഴും കാൽവഴുതി വീഴാറുണ്ടു്. ഹൃദയം പൊട്ടുന്ന വിധത്തിൽപോലും പല വിഘ്നങ്ങൾ നമ്മെ നേരിട്ടിട്ടുണ്ടു്. എങ്കിലും നാം നമ്മുടെ നിശ്ചയം ഉപേക്ഷിച്ചില്ല. വീണ്ടും നാം വീണ്ടും എണീററു യാത്ര തുടർന്നു. എന്നതുപോലെ ഇപ്പോൾ സാമ്പത്തികമായും മററുമുള്ള വിഷമതകളാണ് നമ്മെ അഭിമുഖീകരിക്കുന്നതു്. ഈ വെല്ലുവിളിയെ ഐക്യത്തോടും ദൃഢതയോടുംകൂടി തന്നെ നേരിട്ടുകൊണ്ടു് നാം ഒരു പുതിയ ഇന്ത്യയെ കെട്ടിപ്പടുക്കണം.

മഹത്തായ ഈ സുദിനത്തിൽ കഴിഞ്ഞ നൂറുവർഷത്തെ സമരങ്ങളുടേയും നേട്ടങ്ങളുടേയും ഓർമ്മ കൂടുതൽ യത്നത്തിനു നമ്മെ കഴിവുള്ളവരാക്കിത്തീർക്കുന്നു. 100 വർഷങ്ങൾക്കുമുമ്പ് സ്വാതന്ത്ര്യസമരത്തിൽ മുന്നിട്ടിറങ്ങിയ ഭടന്മാർ കത്തിച്ചതായ ദീപശിഖ അവരുടെ പിൻഗാമികൾ ഇപ്പോഴും കെടാതെ സൂക്ഷിക്കുന്നുണ്ടു്. താന്തിയതോപ്പ്, നാനാസാഹിബ്, കൻവാർസിംഗ്, ലിയാകത്തു് ആലിഖാൻ, ജാൻസിയിലെ റാണി എന്നിവരുടെ പേരുകൾ ആർക്കു മറക്കുവാൻകഴിയും.

അവർ കത്തിച്ചുകൊടുത്ത ദീപശിഖ ഏററുവാങ്ങിയതു് ദാദാബായിനവറോജി, ലോകമാന്യതിലകൻ, മഹാത്മാഗാന്ധി എന്നിവരായിരുന്നു. ഇവരാകട്ടെ ബ്രിട്ടിഷ് സാമ്രാജ്യദുഷ്പ്രഭുത്വത്തോടു സന്ധിയില്ലാസമരം നടത്തി. മഹാത്മജിയും മററു ഉന്നതനേതാക്കന്മാരും പഠിപ്പിച്ചതായ പാഠം —ഐക്യം, മതസഹിഷ്ണുത, സഹാനുഭൂതി തുടങ്ങിയവ—ശരിക്കു പഠിച്ചുകൊണ്ടു് നാം ഐകമത്യത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി മുന്നോട്ടുപോകണം.

ഇന്ത്യ ഇന്നു് സ്വാതന്ത്ര്യത്തിൻെറ ദശവാർഷികവും, സ്വാതന്ത്ര്യസമരത്തിൻെറ ശതവാർഷികവും ആഘോഷിക്കുകയാണ്. സ്വാതന്ത്ര്യസമരത്തെ കൊച്ചാക്കിക്കാണിക്കാൻ പല ചരിത്രകാരന്മാരും പണിപ്പെടുകയുണ്ടായിട്ടുണ്ടു്. പക്ഷെ അതിൻെറ പൊള്ളത്തരം എത്രമാത്രമുണ്ടെന്നു് ആ സമരത്തിനു പിന്നിട്ടുണ്ടായ ശക്തിയും ജനങ്ങൾ അതിൻെറ പിന്നിൽ അണിനിരന്നതും തെളിയിച്ചുകൊടുത്തു.

പാക്കിസ്ഥാൻെറ കാര്യവും നെഹ്റു പരാമർശിക്കുകയുണ്ടായി. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള ബന്ധം ദൈനംദിനമെന്നോണം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഇരുരാജ്യങ്ങളും സമാധാനത്തിലും സൗഹൃദത്തിലും കഴിഞ്ഞുകൂടുവാൻ ഇന്ത്യ ആഗ്രഹിക്കുന്നു. നമ്മുടെ ശരീരത്തിൻേറയും ഹൃദയത്തിൻേറയും ഒരു ഭാഗമാണു പാക്കിസ്ഥാൻ. അങ്ങനെയുള്ള ഒരു രാജ്യത്തിനെതിരായി സമരം ചെയ്യുന്നതിനെപ്പററി എങ്ങനെ ചിന്തിക്കാനാണ്? അതു നമ്മെത്തന്നെ ഉപദ്രവിക്കുന്നതിനു തുല്യമായിരിക്കും. പാക്കിസ്ഥാൻ അവരുടെ മഠയത്തരം കൊണ്ടു നമ്മോടു വിരോധംവച്ചു പുലർത്തുകയാണെങ്കിൽ അതുകൊണ്ടു് അവർക്കേ ദൂഷ്യമുണ്ടാകാൻ പോകുന്നുള്ളു. അതിനാൽ ഇരുകൂട്ടരും സമാധാനത്തിൽ കഴിയുകയാണ നല്ലതു്. എന്നാൽ ഇതുകൊണ്ടു ഇന്ത്യാഗവമ്മെൻറിനെ ഭീഷണികൊണ്ടും മററും ഇരുത്തിക്കളയാമെന്നു വ്യാമോഹിക്കുന്നതു മൗഢ്യവുമായിരിക്കും.

ശീതസമരത്തെ ഇന്ത്യ ഇഷ്ടപ്പെടുന്നില്ലെന്നു നെഹ്റു പ്രസ്താവിച്ചു. ഈ ശീതസമരം മനുഷ്യഹൃദയങ്ങളിൽ അസൂയ ജനിപ്പിക്കുന്നു. അതു തെററാണ്. അതു

ഹൃദയത്തെ സങ്കുചിതമാക്കുന്നു. യാതൊരു രാജ്യത്തിനും ഈ രീതിയിൽ മുന്നോട്ടുപോകുക സാദ്ധ്യമല്ല. കഴിഞ്ഞ പത്തുവർഷം ഇന്ത്യക്കുണ്ടായ നേട്ടങ്ങൾ ഒന്നുമാത്രമാണ് അന്താരാഷ്ട്രീയരംഗത്തു ഇന്ത്യയുടെ പേർ ഉയർത്തിയതു്.

സ്വാതന്ത്ര്യത്തിലേക്കുള്ള ഒരു യാത്ര നാം പൂർത്തിയാക്കിയിരിക്കുന്നു. ഇനി രണ്ടാമത്തെ യാത്രയാണ് നമ്മുടെ മുമ്പിലുള്ളതു്. അടിമത്തത്തെ തുടച്ചുനീക്കിയതുപോലെ ദാരിദ്ര്യത്തെ തുടച്ചുനീക്കിക്കൊണ്ടുവേണം നാം ആ യാത്ര പൂർത്തിയാക്കാൻ.

ഭക്ഷ്യധാന്യങ്ങളുടെ വിലക്കയററത്തേയും നെഹ്റു പരാമർശിക്കയുണ്ടായി. വിലക്കയററം എല്ലാവരേയും, പ്രത്യേകിച്ച് താണവരുമാനക്കാരെ കൂടുതലായും ബാധിക്കുന്നുണ്ട്. ഇതു ഗവൺമെൻറിനു വേദനയുണ്ടാക്കുന്ന ഒരു കാര്യമാണെങ്കിലും, വിലക്കയററം ഒരു ലോകപ്രശ്നമായി തീർന്നിരിക്കയാണ്. എന്നിരുന്നാലും ഇതിനെ ഇന്ത്യ തരണംചെയ്യുന്നതായിരിക്കും. നമ്മുടെ വമ്പിച്ച പ്രോജക്റ്റുകളിൽനിന്നുള്ള നേട്ടങ്ങൾക്കു ഇനിയും കുറച്ചു കാലംകൂടി ക്ഷമിച്ചിരിക്കേണ്ടതായുണ്ട്. ആ ദിവസങ്ങൾ അതിവിദൂരമല്ലതാനും.

സ്വാതന്ത്ര്യസമരത്തിൽ ധീരമായി പങ്കെടുത്തവരിൽ ജാൻസിയിലെ റാണിയുടെ നാമം നെഹ്റു പ്രത്യേകം എടുത്തുപറഞ്ഞു. ആ ധീരവനിതയുടെ സേവനങ്ങളെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് അരമണിക്കൂർ ദീർഘിച്ച പ്രസംഗം ഉപസംഹരിച്ചു.

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# വ്യവസായ പരാജയം

(നിരീക്ഷകൻ)

ആധുനിക ലോകത്തിൽ ഓരോ രാജ്യത്തിൻെറയും അഭിവൃദ്ധി അതതിൻെറ വ്യവസായപരമായ വിജയത്തെയാണ് സർവ്വോപരി ആശ്രയിച്ചു നില്ക്കുന്നതു്. അതുകൊണ്ടാണ് വ്യവസായീകരണത്തിൽ അവ ഓരോന്നും ചുടുപിടിച്ച മത്സരത്തിൽ ഏർപ്പെട്ടിരിക്കുന്നതു്. റഷ്യയുടെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയെ ജയിക്കത്തക്ക ഒരു സംവിധാനം വ്യവസായവിജയത്തിനു വേറെയില്ലെന്നുള്ള ജയഭേരി കമ്മ്യൂണിസ്റ്റുകൾ മുഴക്കുന്നുണ്ടല്ലോ. എന്നാൽ യഥാർത്ഥത്തിൽ വ്യവസായരംഗത്തു സോവ്യററു റഷ്യ ഒരു പരാജയമാണെന്നു് വസ്തുതകൾ വിളിച്ചുപറയുന്നു. ഒന്നാമതായിതന്നെ റഷ്യയിൽ വ്യവസായത്തിനു എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടെന്നു അംഗീകരിക്കുന്നതോടൊപ്പം, അതിനുവേണ്ടി ബലിയപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യജീവിതങ്ങളുടേയും ചൊരിയപ്പെട്ടിട്ടുള്ള ജീവരക്തത്തിൻേറയും, തടയപ്പെട്ടിട്ടുള്ള പ്രാഥമികസ്വാതന്ത്ര്യങ്ങളുടേയും ഭീജനകമായ രംഗങ്ങൾ നാമനുസ്മരിക്കണം. റഷ്യയിൽനിന്നും ഉപഗ്രഹരാജ്യങ്ങളിൽനിന്നും കോടിക്കണക്കിൻ യുവപൗരന്മാരെ തടവുകാരായി പിടിച്ചുകൊണ്ടുപോയി നിർബന്ധിതസേവനത്തിനു പയോഗിച്ച മൃഗീയരംഗങ്ങൾ സോവ്യററു ചരിത്രപക്ഷങ്ങളിൽ നിന്നു മായിച്ചുകളയുവാൻ ഒരിക്കലും സാദ്ധ്യമല്ല. രാഷ്ട്രത്തിൻെറ സേച്ഛാധികാരമാകുന്ന ഇരുമ്പുകൂടമുപയോഗിച്ച് വ്യവസായശാലകളും സ്വകാര്യസ്ഥാപനങ്ങളും കണ്ടുകെട്ടി മുതൽക്കൂട്ടി രാഷ്ട്രത്തിൻെറ വ്യവസായാഭിവൃദ്ധിയുടെ പട്ടികയിൽ പെടുത്തി അഭിവൃദ്ധിയെ കണക്കാക്കിയതും ഒരുവിധം ചെപ്പടിവിദ്യകളായിരുന്നു. കമ്മ്യൂണിസംവാഗ്ദാനംചെയ്യുന്ന രീതിയിൽ രാജ്യാഭിവൃദ്ധിപരവും തൊഴിലാളികളുടെ ജീവിതസൗഭാഗ്യത്തിനു അല്പമെങ്കിലും സഹായകവുമായ ഏതെങ്കിലും ഒരു വ്യവസായം കഴിഞ്ഞ നാല്പതുകൊല്ലത്തിനുള്ളിൽ സോവ്യററു റഷ്യയിൽ നടപ്പാക്കുവാൻ കമ്മ്യൂണിസത്തിനു സാധിച്ചിട്ടുണ്ടോ എന്നുള്ളതു് ഉത്തരംമുട്ടിക്കുന്ന ഒരു ചോദ്യമായി ഇന്നുയർന്നിരിക്കുകയാണ്.

40 കൊല്ലത്തെ പരീക്ഷണങ്ങളുടെ ശേഷം ഈയിടെ റഷ്യയിൽ ഒരു പുതിയ വ്യാവസായിക പുനഃസംവിധാനം നടത്തപ്പെടുകയുണ്ടായി. അതിൻെറ ഒരു മാസത്തെ പ്രവർത്തനഫലം റഷ്യൻ പത്രമായ പ്രവദാ ജൂലൈ 30-ാം തീയതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിൽ പറയുകയാണ്:- "വളരെ വേഗത്തിൽ പരിഹരിക്കപ്പെടേണ്ടതായ പല നോട്ടക്കുറവുകളും വിഷമതകളും ഉണ്ടായിട്ടുണ്ട്. വ്യവസായസംരംഭങ്ങൾ അനുക്രമം പുരോഗമിപ്പിക്കുന്നതിനും നിർമ്മാണജോലികൾ ചെയ്തു തീർക്കുന്നതിനും കഴിയാതെ വന്നതിൻെറ പ്രധാനകാരണം അവശ്യംവേണ്ട സാധനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കാൻ സാധിക്കാതെവന്നതാണ്. നമ്മുടെ സാമ്പത്തികരംഗത്തും മററു തുറകളിലും നിശ്ചിതതോതിൽ പ്രവർത്തനം നടത്തുവാൻ കഴിയാത്ത ഒട്ടുവളരെ സംരംഭങ്ങളുണ്ട്. ജോർജിയായിലുള്ള ലോഹവ്യവസായശാലക്കു്, വിവിധ വ്യവസായസ്ഥാപനങ്ങൾക്കു കൊടുക്കേണ്ടിയിരുന്ന 700 ടൺ അസംസ്കൃത ഇരുമ്പും ഉരുക്കും, 120 ടൺ മേത്തരം ഇരിമ്പും നൽകാൻ സാധിച്ചില്ല. നൊവൊമോസ്ക്കോവിലെയും സുളിംസ്കിയിലെയും ലോഹവ്യവസായശാലകളും മററും അവയുടെ ഉൽപാദനപ്ലാൻറുകളിൽ വളരെ പരാജയപ്പെട്ടിരിക്കുകയാണ്" (പ്രവദ, ജൂലൈ 30, 1957) ജൂലൈ 1-ാം തീയതിക്കുമുമ്പ് പുതിയസംവിധാനം പൂർത്തിയായിരിക്കണമെന്നായിരുന്നു നിശ്ചയമെങ്കിലും അതിനിയും പൂർത്തിയായിട്ടില്ല എന്നാണ് റിപ്പോർട്ടു ചെയ്യപ്പെടുന്നതു്. പുതിയ പരിഷ്കാരങ്ങൾ അകാലികങ്ങളും ആലോചനാരഹിതങ്ങളുമാണെന്നുള്ള അഭിപ്രായഗതിയും പ്രചരിച്ചിട്ടുണ്ട്. വ്യവസായരംഗത്തു ഇതുമൂലം ഒരു സ്തംഭനാവസ്ഥ ഉളവായേക്കാമെന്നും ഉല്പന്നങ്ങൾ ഭയജനകമാംവണ്ണം കുറഞ്ഞുപോയേക്കുമെന്നും ഒരുപകടഘട്ടം ഉൽഭൂതമായേക്കുമെന്നും ചില പത്രങ്ങൾ വിപത്സൂചനകൾ നൽകിക്കഴിഞ്ഞിരിക്കുന്നു. ജോർജ്ജിയായിലെ കൗൺസിൽ ചെയർമനായ ജി. ചൊഗോവാഡ്സും മററും അവരുടെ നിലയെ വിശദീകരിക്കുന്നതിനും കുററത്തിൽനിന്നു സ്വയം ഒഴിവാകുന്നതിനും ശ്രമിക്കുകയാണ്. ചുരുക്കത്തിൽ റഷ്യയുടെ വ്യാവസായീകരണനയം ഇന്നുംഒരുഭീമപരാജയമായി നിലകൊള്ളുകയാണെന്നും, കമ്മ്യൂണിസ്റ്റു വ്യവസായതന്ത്രം പ്രായോഗികമോ അഭിവൃദ്ധ്യുന്മുഖമോ അല്ലെന്നും വസ്തുതകൾ ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു.



വി. പത്താംപീയൂസിൻെറ മദ്ധ്യസ്ഥതയിൽ എൻെറ ഭർത്താവിൻെറയും കുട്ടിയുടെയും സുഖക്കേടു മാറിയതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

മറിയക്കുട്ടി കാക്കോ, വട്ടതല

## കാഞ്ഞാണിയിലേയും വടക്കൻപറവൂരിലേയും വമ്പിച്ച പ്രതിഷേധമഹായോഗങ്ങൾ





കാഞ്ഞാണിയിൽ നടന്ന കരിങ്കൊടിറാലിയിലെ പുരുഷവിഭാഗം




റാലിയിലെ വനിതാവിഭാഗം




പ്രതിഷേധമഹായോഗത്തിൽ തിങ്ങിക്കൂടിയ ജനക്കൂട്ടം



വടക്കൻപറവൂരെ പ്രതിഷേധമഹായോഗത്തിൽ സംബന്ധിച്ച ജനാവലിയുടെ ഒരു ഭാഗം

(12-ാംപേജ് തുടർച്ച)

ഒരു കുടിയനായിരുന്നു. അപ്പൻ വീട്ടിൽ വരുമ്പോൾ അമ്മ ഉൾപ്പെടെ ഞങ്ങളെല്ലാം ഞെട്ടി വിറയ്ക്കും. അർദ്ധരാത്രി സമയത്തു് റോഡിൽനിന്നും "അസഭ്യങ്ങൾ" ഉയരുമ്പോൾ നാട്ടുകാർ പറയും കുടിയൻ കുഞ്ഞോന്നൻ വരുന്നെന്നു്.

"എന്നും കുടി കഴിഞ്ഞു് വീട്ടിൽവന്നു് അപ്പൻ അമ്മയെ തല്ലും. പിള്ളേരുമായിശണ്ഠകൂടും. എന്തിനധികം പറയുന്നു; അപ്പൻ ഒരു കമ്മ്യൂണിസ്റ്റുകാരനും കൂടിയായി. സഖാക്കൾ അദ്ദേഹത്തെ നിരീശ്വരവർഗ്ഗത്തിൻെറ നേതാവാക്കി. ചില ദിവസങ്ങളിൽ അദ്ദേഹം വീട്ടിൽ കയറുകയില്ലെന്നായി.

"അമ്മ കിടപ്പാണ്. അമ്മയ്ക്കു പനി. രണ്ടേക്കറോളം വരുന്ന പുരയിടം അപ്പൻ കുടിച്ചു നശിപ്പിച്ചു. മരുന്നുവാങ്ങിക്കാൻ കാശില്ലായിരുന്നു. അന്നെനിക്കു് പതിന്നാലു വയസ്സ് പ്രായമുണ്ട്. ഒരു ഞായറാഴ്ചയായിരുന്നു അന്നു്. സമയം സന്ധ്യയോടടുത്തു അപ്പൻ വീട്ടിൽ വന്നു." അവൻ കഥ നിറുത്തി. ആ തൊണ്ട ഇടറി. കൺപീലികൾ നനഞ്ഞു. "സ്നേഹിതാ, ബാക്കികൂടെ പറയൂ!" ഞാൻ നിർബന്ധിച്ചു. അവൻ തുടർന്നു:

"അപ്പൻെറകൂടെ വേറൊരു സ്ത്രീയുമുണ്ടായിരുന്നു. ഞങ്ങൾ ഞെട്ടിവിറച്ചു. "ഇങ്ങനെയൊക്കെയാടീ കമ്മ്യൂണിസ്റ്റ് ലോകം!" എന്നു് ആക്രോശിച്ചുകൊണ്ടു് അപ്പൻ പനിച്ചു തളർന്നുകിടന്ന അമ്മയെ അടിച്ചു... ഇടിച്ചു. അമ്മ ...മരിച്ചു...ഞാൻ...ഞാൻ ...ഏകനായി...സഹോദരികൾ ഒരനാഥശാലയിലാണ്..."

അവൻ വിതുമ്പി വിതുമ്പിക്കരഞ്ഞു. "സഹോദരാ, സമാധാനിക്കൂ" സങ്കടത്തോടെ ഞാൻ പറഞ്ഞു.

"എൻെറ അമ്മ എന്നെ കാത്തിരിപ്പുണ്ടു് സ്വർഗ്ഗത്തിൽ. ഞാൻ പാടിമരിക്കണം.അങ്ങനെ..."

അവനതു പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. ഹൃദയം പൊട്ടി അവൻ കരഞ്ഞു. ആ പാവപ്പെട്ട പാട്ടുകാരൻെറ കണ്ണുനീർ തുടയ്ക്കുവാൻ ഒരു മന്ദമാരുതൻ ഓടിയെത്തി. പ്രകൃതി അയച്ച പൂങ്കാററ്! ആ ഗായകൻെറ ഹൃദയം പൊട്ടി ഉയർന്ന ശോകഗാനത്തിൻെറ ഈറടിയ അലകൾ തട്ടി ഉറങ്ങിക്കിടന്ന പ്രകൃതിയും ഉണർന്നിരിക്കാം!

## ഒരു കൊല്ലത്തിൽ 121 പ്രസംഗങ്ങൾ മാർപ്പാപ്പാ നടത്തി

പരിശുദ്ധപിതാവ് 12-ാംപീയൂസ് മാർപ്പാപ്പാ അവിടുത്തെ ഭരണത്തിൻെറ 18-ാംവർഷത്തിൽ —1956 മാർച്ച് 2 മുതൽ 1957 മാർച്ച് 1 വരെ—121 പ്രസംഗങ്ങൾ ചെയ്തിട്ടുള്ളതായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കൂടാതെ ആ കാലഘട്ടത്തിൽ തിരുമനസ്സിലെ 4 ചാക്രികലേഖനങ്ങളും പല പ്രാർത്ഥനകളും മററു രേഖകളും വത്തിക്കാൻമുദ്രാലയംവഴി പ്രസിദ്ധംചെയ്യപ്പെട്ടിട്ടുണ്ട്. തിരുമനസ്സിലെ പ്രസംഗങ്ങളിൽ എല്ലാ വിജ്ഞാനവിഭാഗങ്ങളേയും സമ്യക്കായിസ്പർശിക്കുകയും ശാസ്ത്രീയമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമായ ഒരു സവിശേഷതയാണ്. അവിടുത്തെ ഭരണത്തിൻെറ 18-ാം വർഷത്തിലെ ചരിത്രം 905 പേജുകളിൽ 2 ലക്ഷത്തിൽപരം വാക്കുകളടങ്ങിയ ഒരു വലിയ ഗ്രന്ഥമാണ്.

—o—

# ക്രൈസ്തവസഭകളുടെ ഐക്യാദർശം

## (ചർച്ച്‌വീക്കിലിയുടെ മുഖപ്രസംഗം)

മലങ്കരസുറിയാനിസഭയിൽനിന്നു മൂന്നു പ്രധാനവൈദികർ റോമാസഭയിൽ അംഗത്വം സ്വീകരിച്ചിരിക്കയാണല്ലോ. കഴിഞ്ഞ ലക്കത്തിൽ ബ. സി എ ഏബ്രഹാം അച്ചൻ എഴുതിയ ലേഖനത്തെപ്പററി ഞങ്ങൾ പരാമർശിച്ചിരുന്നു. ഈ മൂന്നു വൈദികരുടേയും സഭാപരിവർത്തനത്തിനു് ഇടയാക്കിയ കാരണങ്ങൾ മുഴുവൻ അവരുടെ ഭാഗത്തെ കുററങ്ങളാണെന്നു് വിധിച്ചുതള്ളാൻ ഞങ്ങൾ തയാറില്ല. അങ്ങനെ വിധിച്ചു മനസ്സമാധാനം കണ്ടെത്താനുള്ള ഒരു പ്രവണത നമ്മുടെ സമുദായത്തിൽ പലർക്കുമുണ്ടു്. ആർച്ചുബിഷപ്പു് മാർ ഈവാനിയോസു് തിരുമേനിയും, മാർ തെയോഫീലോസ് തിരുമേനിയും, മാർ സേവേരിയോസു് തിരുമേനിയും എല്ലാം സുറിയാനിസഭ വിട്ടുപോയപ്പോഴും പല കുററാരോപണങ്ങൾ പലരും നടത്തിയിട്ടുണ്ടു്. ഇപ്പോഴും സഭ വിട്ടുപോകാൻ ഇടവരുന്നവരുടെ ഉദ്ദേശശുദ്ധിയെപ്പററിയും, സ്വഭാവ ന്യൂനതകളെപ്പററിയും പോയിക്കഴിയുമ്പോൾ പൊക്കിപ്പിടിച്ചു് ആരോപണങ്ങൾ നടത്തുകയാണു് ഒരു ആശ്വാസമാർഗ്ഗമായി നമ്മിൽ പലരും സ്വീകരിക്കുന്നതു്. ഈ മൂന്നു മാന്യവൈദികന്മാരെപ്പോലെയുള്ളവർ സമുദായം വിടാനിടയായതിൽ ദുഃഖമോ, അവരുടെ സഭാപരിവർത്തനത്തിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നായി നില്ക്കുന്ന മലങ്കരസുറിയാനിസഭയിലെ ഇന്നത്തെ മത്സരങ്ങളും വഴക്കുകളും സംബന്ധിച്ചു പരിതാപമോ പ്രദർശിപ്പിക്കാതെയുള്ള ഒരു വിമർശനപന്ഥാവിലേക്കു പ്രവേശിച്ചതിൽ ചർച്ചുവീക്കിലിയെ കുററപ്പെടുത്തി, ഒരു സുഹൃത്തു് എഴുതിയിട്ടുണ്ടു്. സാധാരണ ചർച്ചുവീക്കിലിയുടെ മുഖപ്രസംഗവീഥികളിൽ കണ്ടുവന്നിരുന്ന ഉന്നതമാനദണ്ഡങ്ങൾ ഈ ലേഖനത്തിൽ കാണാത്തതിൽ പരിതപിച്ചും ബ. സി എ ഏബ്രഹാം അച്ചനെപ്പോലെ ഉന്നതാദർശങ്ങളുള്ള ഒരു വ്യക്തി സഭയ്ക്കു നഷ്ടപ്പെട്ടതിൽ ആത്മാർത്ഥമായി സങ്കടപ്പെട്ടും അദ്ദേഹം എഴുതിയ കത്തു്, ഞങ്ങളുടെ വിമർശനങ്ങളിൽ വ്യക്തിപരമായ ആരോപണങ്ങൾ കലർന്നിട്ടുണ്ടോ എന്ന ആത്മപരിശോധനയിലേക്കു് ഞങ്ങളെ ആനയിച്ചു. ഞങ്ങളെപ്പോലെ സമുദായത്തിൽ അനേകരുടെയും ബഹുമാനാദരവുകൾക്കു പാത്രീഭൂതരായിരുന്ന ഈ മാന്യവൈദികർ എന്തെല്ലാം കാരണങ്ങൾകൊണ്ടായാലും സഭ വിട്ടതിൽ ഞങ്ങൾ നിർവ്യാജമായി ഖേദിക്കുന്നവരാണു്. വളരെ സൗഹാർദ്ദബന്ധത്തിൽ കഴിഞ്ഞ ഈ സുഹൃത്തുക്കൾ മറെറാരു പ്രവർത്തനമണ്ഡലത്തിൽ പ്രവേശിക്കുവാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ചു മററാരേയുംപോലെ ഞങ്ങൾക്കും അറിവുള്ളതാണു്. ഒരു പക്ഷേ ഈ സമുദായത്തിലിങ്ങനെ തുടർന്നുപോകുന്നവരെപ്പററിയായിരിക്കും പലർക്കും അത്ഭുതം തോന്നാനിടയുള്ളതു്. എന്നാൽ മററു സഭകളിൽ ചേരാതെ നില്ക്കുന്നവർക്കു് ആദ്ധ്യാത്മികമായും ധാർമ്മികമായുമുള്ള പരിചിന്തനങ്ങൾ എന്താണെന്നു് വിശദീകരിക്കേണ്ടതു് ഞങ്ങളുടെ കർത്തവ്യമായി കരുതുന്നതുകൊണ്ടാണു് ബ. അച്ചൻെറ ലേഖനത്തെ ഞങ്ങൾ പരാമർശിച്ചതു്. വ്യക്തിപരമായ അനാദരവുകൾ ഞങ്ങളുടെ ഉദ്ദേശമല്ല, നയവുമല്ല. കേവലം അപ്രധാനമെന്നു തോന്നാവുന്ന ഒരു വാചകത്തെ എടുത്തു വ്യാഖ്യാനിച്ചതായി കഴിഞ്ഞ ലേഖനത്തെപ്പററി ചിലർക്കു തോന്നാം. എന്നാൽ അതിലൊരു നിർദ്ദയമായ അമ്പു പ്രയോഗിച്ചിട്ടുണ്ടെന്നു വ്യക്തമാണു്. ഒരു ചെറിയ സഭയിൽ കടിച്ചുതൂങ്ങി നില്ക്കുന്നവരെല്ലാം വലിയ സഭയിൽ ചെല്ലുമ്പോൾ അവർക്കു ലഭിക്കാവുന്ന അപ്രാധാന്യതയെ ഓർത്തു അവിടെ തുടരുന്നുവെന്നുള്ള ഒരു സൂചന ബ. ഏബ്രഹാം അച്ചൻെറ ലേഖനത്തിൽ ഉണ്ടു്. മററു പരിഗണനകൾ, അശക്തമെങ്കിലും പുരാതനമായ നിർമ്മലവിശ്വാസങ്ങളുള്ള ഒരു സഭയിൽ തുടരുവാൻ പ്രേരകമായി ഭവിക്കുമെന്നു് എല്ലാവരും മനസ്സിലാക്കേണ്ടതാണു്. റോമാസഭയിൽ ചേർന്ന മാന്യവൈദിക സുഹൃത്തുക്കളുടെ പരാമർശനങ്ങളെ മാത്രമാണു് ഞങ്ങൾ വിമർശിച്ചിട്ടുള്ളതെന്നും, വ്യക്തിപരമായ യാതൊരു വിമർശനങ്ങൾക്കും ഞങ്ങൾ ഉദ്യമിച്ചിട്ടില്ലെന്നുമാണു് ഞങ്ങളുടെ ബോദ്ധ്യം ......

(ചർച്ചുവീക്കിലി 1957 ആഗസ്റ്റ് 18)

## നന്ദിപൂർവ്വം കൈപ്പററി

"ഇന്ത്യാ ക്ലോത്തു് സ്റ്റോഴ്"സ്" 79 സൗത്തു് ആവണിമൂല സ്ട്രീററ്, മധുര വക 1133-ലേക്കുള്ള ഭംഗിയായ പ്രതിദിനകലണ്ടർ കൈപ്പററി നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. 1947-ൽ സ്ഥാപിതമായ ദക്ഷിണേന്ത്യയിലെ ഈ മികച്ച സ്ഥാപനം മി എൻ. എസ് പി. കാശി വിശ്വനാഥൻ ചെട്ടിയാരുടെ ഉടമസ്ഥതയിലുള്ളതും, മേൽത്തരം ഹാൻലൂം തുണിത്തരങ്ങൾ നിർമ്മിക്കുന്നതും, കേരളമാകെ വിതരണം നടത്തിക്കൊണ്ടിരിക്കുന്നതുമാണു്.



1. റവ. ഫാദർ ടി വി ജോൺ എം ഏ എൽ ടി., 2. റവ. ഫാദർ സി ഏ അബ്രാഹം എം എ, ബി ഡി, ബി പിഎച്ച് (ഓക്സൻ) 3. റവ. ഫാദർ വി. സി. ഗീവർഗീസ് കോറെപ്പിസ്ക്കോപ്പാ.

# പുസ്തകാഭിപ്രായം

## വാളക്കുഴി ജോസഫ് മാർസെവേരിയോസ് മെത്രാപ്പോലീത്ത

(ഗ്രന്ഥകർത്താവു്: വി. ഒ. വറുഗീസ് മല്ലപ്പള്ളി—പേജു് 126—വില പത്തണ)

അടുത്തകാലത്തു് കേരളസഭാമണ്ഡലത്തിൽ അവിസ്മരണീയമായ ചരിത്രം സൃഷ്ടിച്ചിട്ടുള്ള യാക്കോബായ പുനരൈക്യസംരംഭത്തിലെ മാലുമികളായ മഹാരഥന്മാരിൽ മാർ ഈവാനിയോസിൻേറയും മാർ സെവേരിയോസിൻേറയും പാവനനാമങ്ങൾക്കു അതുല്യമായ പ്രാധാന്യമുണ്ടെന്നതിൽ സംശയമില്ല. വീരോചിതമായ മഹൽകൃത്യങ്ങളുടെ അനശ്വരമായ കാൽപാടുകളെ പിന്നിട്ടുകൊണ്ടാണു് അവർ കാലയവനികയിൽ മറഞ്ഞിരിക്കുന്നതു്. അവരുടെ വ്യക്തിമാഹാത്മ്യം അനന്തരതലമുറകൾ തങ്ങളിൽ പകർത്തേണ്ടതാണാവശ്യം. തദർത്ഥം അവരുടെ ജീവചരിത്രഗ്രന്ഥങ്ങൾ പ്രശസ്തമായ വിധത്തിൽ എഴുതപ്പെടണം. ശ്രീ വി ഒ വറുഗീസ് അവർകൾ പൊതുജനങ്ങൾക്കുനൽകുന്ന, മാർ സെവേരിയോസ് തിരുമേനിയുടെ ഈ ജീവചരിത്രസംക്ഷേപം ഇക്കാര്യത്തിൽ ധന്യമായൊരു നേട്ടമാണെന്നു പറയുന്നതിനു സന്തോഷമുണ്ടു്. ജീവിതസംഭവങ്ങളെ അവശ്യം ആവശ്യമായ വിധത്തിൽ സംക്ഷിപ്തമായി വിവരിക്കുകയും, തിരുമനസ്സിലെ മഹനീയമായ വ്യക്തിവിലാസത്തേയും പ്രോജ്ജ്വലത്തായ ആശയാദർശങ്ങളേയും, അപ്പസ്തോലികചൈതന്യനിർഭരമായ പ്രവർത്തനങ്ങളേയും അനുവാചകർക്കു സുവിശദമാകുമാറു് ജീവചരിത്രത്തിൽ പരാമർശിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഈ ചെറുഗ്രന്ഥം ഏററവും ഉപകാരപ്രദവും സമീചീനവുമായിരിക്കുന്നു. സുഷ്ഠുപുരുഷകേസരിയുടെ അനുദിനജീവിതവുമായി ഇടപഴകിയിട്ടുള്ള ഗ്രന്ഥകാരൻ അവയെ വിവരിക്കുമ്പോൾ അനന്യലഭ്യമായ ഒരു സാരസ്യവും സൂക്ഷ്മദർശിത്വവും അതിൽ ഉടനീളം പ്രത്യക്ഷപ്പെടുന്നതിൽ അത്ഭുതത്തിന്നവകാശമില്ല. "ക്രിസ്തുവിൽ എല്ലാവരും ഒന്നാകേണ്ടതിനായി" തൻെറ കത്തോലിക്കാ ജീവിതത്തെ ഉഴിഞ്ഞുവച്ച ആ പ്രേഷിതവീരൻെറ ജീവചരിത്രം പ്രസ്തുതലക്ഷ്യത്തിലേക്കു ജനലക്ഷങ്ങളെ സമാകർഷിക്കുകയും ഉന്നയിക്കുകയും ചെയ്യുന്നതിനു ക്രിസ്തുനാഥൻ അനുഗ്രഹിക്കട്ടെ. ഗ്രന്ഥകാരനെ അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേരുകയും ചെയ്തുകൊള്ളുന്നു.

J. P. V.

# കേരളവിദ്യാഭ്യാസബില്ലിനെപ്പററി

## വിവിധസ്ഥലങ്ങളിലെ പ്രതിഷേധയോഗങ്ങൾ

**കോയമ്പത്തൂർ:** ആഗസ്റ്റ് 11-ാംനു ഞായറാഴ്ച വൈകുന്നേരം 7 മണിക്കു റോൺ ഡി മെമ്മോറിയൽ ഹാളിൽവച്ചു മി. വി. കട്ടിക്കാരൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി കേരളാ സ്റ്റെയിററിലെ പുതിയ വിദ്യാഭ്യാസബില്ലിനെ പററിയുള്ള കഠിനമായ പ്രതിഷേധം രേഖപ്പെടുത്തുകയും പ്രമേയം ഐകകണ്ഠ്യേനപാസ്സാക്കുകയുംചെയ്തു.

**ബോംബെ:** ശ്രീ എം ജെ മാണിയുടെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 4-ാംനു കൂടിയ കേരളകത്തോലിക്കാ അസ്സോസിയേഷൻെറ പ്രവർത്തകസമിതിയോഗത്തിൽ കേരളഗവമ്മെൻറു് പ്രസിദ്ധീകരിച്ചിരിക്കുന്ന വിദ്യാഭ്യാസബില്ലിൽ പ്രതിഷേധിച്ചുകൊണ്ടു് ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി.

**കുരാച്ചുണ്ടു്:** ആഗസ്റ്റ് 5-ാം തീയതി കുരാച്ചുണ്ടുമൈതാനിയിൽവച്ചു് വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിച്ചു കൂടിയ പൗരമഹായോഗത്തിൽ റവ ഫാദർ വടക്കൻ അദ്ധ്യക്ഷതവഹിച്ചു. മെ: ജോർജ്ജ ജോസഫ് പൊടിപാറ ബി എ ബി എൽ, എം എൽ എ; കെ എം മുസ്തഫാക്കനിറാവുത്തർ എം എ എൽ എൽ ബി; ഇ എം ജോസഫ് ബി എ ബി എൽ; ജോസഫ് കട്ടിക്കാരൻ എന്നിവർ പ്രസംഗിച്ചു.

**ചാവക്കാട്ടു്:** കേരളഗവമ്മെൻറിൻെറ വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുന്ന ഒരു പൊതുയോഗം ചേരുന്നതിനെപ്പററി ആലോചിക്കുന്നതിനു് ഈ ഫർക്കയിലെ പൊതുജനപ്രതിനിധികളുടെ ഒരു കാര്യാലോചനയോഗം ആഗസ്റ്റ് 1-ാംനു 4 മണിക്കു് ജനാബു് എം വി അബൂബെക്കർ അവർകളുടെ ആദ്ധ്യക്ഷത്തിൽ സെലസ്റ്റിൻഹാളിൽ കൂടുകയും 11-ാംനു ഈ ഫർക്കയിലെ പതിനെട്ടംശങ്ങൾ ഒന്നിച്ചു് അതിഗംഭീരമായ ഒരു യോഗം ചേരുന്നതിനു നിശ്ചയിക്കുകയും അതിനു അഡ്വക്കേററു് ശ്രീ ഉള്ളനാട്ടു് ജി കുഞ്ഞുണ്ണിപ്പണിക്കർ അദ്ധ്യക്ഷനായി ഒരു പ്രവർത്തകകമ്മിററിയെ രൂപീകരിക്കുകയുംചെയ്തു.

**ഭരണിക്കാവു്:** കേരളാ കമ്മ്യൂ: ഗവമ്മെൻറിൻെറ വിദ്യാഭ്യാസബില്ലിൽ പ്രതിഷേധിക്കാനായി നാനാജാതിമതസ്ഥരടങ്ങിയ ഒരു കമ്മിററി വിളിച്ചുകൂട്ടിയ ഒരു പൊതുയോഗം ആഗസ്റ്റ് 11-ാംനു ഞായറാഴ്ച 6 മണിക്കു് ശ്രീ സി ജി ജോർജ്ജ് (ചാങ്ങേതറയിൽ) ബി എ ബി എൽ ൻെറ അദ്ധ്യക്ഷതയിൽ സ്ഥലം ഹൈസ്കൂൾ മൈതാനത്തുകൂടി. ബില്ലിലെ വിനാശകരമായ വ്യവസ്ഥകളെ വിമർശിച്ചു് മെ: രാജഗോപാലപിള്ള, ഹംസാ, എൻ ഐ തോമസ ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

**ചെമ്പംതൊട്ടി:** കേരളകമ്മ്യൂണിസ്റ്റു് ഗവമ്മേണ്ടിൻെറ വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുന്നതിനായി സ്ഥലത്തും സമീപസ്ഥലങ്ങളിലുമുള്ള നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനാവലിയുടെ യോഗം ചങ്ങളായിൽവെച്ചു് നടന്നിരിക്കുന്നു. കരിങ്കൊടികളും പ്ലക്കാർഡുകളും വഹിച്ചു് മുദ്രാവാക്യങ്ങളും വിളിച്ചുകൊണ്ടു സ്ഥലത്തുനിന്നും പുറപ്പെട്ട വമ്പിച്ച ജാഥ ശ്രീകണ്ഠപുരത്തുചെന്നു് മടമ്പം, ചെമ്പേരി, പയ്യാവൂർ, പൈസക്കരി, കുടിയാൻമല, ആലക്കോട്ടു്, കോട്ടൂർവയൽ മുതലായ സ്ഥലങ്ങളിൽനിന്നും വന്നുചേർന്ന ജാഥാകളുമായി ഒന്നുചേർന്നപ്പോൾ ഒരു മനുഷ്യമഹാസമുദ്രംതന്നെയായി കാണപ്പെട്ടു. അവിടെനിന്നും റാലി യോഗസ്ഥലമായ ചങ്ങളായിൽ വന്നുചേർന്നു കോട്ടയം കോളേജ് പ്രിൻസിപ്പാൾ ഷെവലിയർ വി ജെ ജോസഫ് എം എ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. മെസ്സേഴ്സ് സി എം മാത്യു എം എൽ എ, കെ ആർ നാരായണൻ എം എൽ എ, പി മാധവൻ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി.

**പെരുമാന്നൂർ:** സ്ഥലത്തും പരിസരങ്ങളിലുമുള്ള നാനാജാതിമതസ്ഥരായ ജനങ്ങൾ കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടിൻെറ ഏകാധിപത്യപരമായ വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കുവാൻ ആഗസ്റ്റ് 18-ാംനു പെരുമാന്നൂർ കവലയിലുള്ള മൈതാനിയിൽ ശ്രീ പി ഭാസ്കരമേനോൻെറ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. തേവരനിന്നും പുറപ്പെട്ട കരിങ്കൊടി ജാഥ പോലീസ് സ്റ്റേഷൻ റോഡുവഴി പെരുമാന്നൂർ സെൻറു് ജോർജ്ജ് പള്ളിയിലെത്തി, കടവന്ത്ര മുതലായ സ്ഥലങ്ങളിൽ നിന്നുവന്ന ജാഥകളുമായിച്ചേർന്നു് 70 അടി റോഡുവഴി യോഗസ്ഥലത്തെത്തിച്ചേർന്നു. യോഗത്തിൽ ശ്രീമാന്മാർ എം പി വാസുദേവൻ നായർ, പി ററി മാത്യു, ജോൺ മാഞ്ഞൂരാൻ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.

**മാട്ടൂൽ:** ഈ പ്രദേശത്തെ പൗരാവലിയുടെ ഒരു പ്രതിഷേധയോഗം ജൂൺ 30-ാംനു ഞായറാഴ്ച കാലത്തു് 10 മണിക്കു സ്ഥലത്തെ ലിററിൽ ഫ്ളവർ എച്ചു് ഇസ്കൂൾ ഹാളിൽ കൂടി. ജനാബു് സി വി കുഞ്ഞാമതു് സാഹിബ് ആദ്ധ്യക്ഷം വഹിച്ചു. മെ. കെ പി അബ്ദുൾഖാദർ, വർഗ്ഗീസ് പള്ളിപ്പാട്ടു്, എം പി തോമസു്, സി എച്ചു് യാക്കോബു് എന്നിവർ പ്രസംഗിച്ചു.

## നിര്യാതനായി

### റവ. ഫാ. ജോർജ്ജ് പാനികുളം S. T. L.

**കാട്ടൂർ:** എടത്തുരുത്തി ഇടവക പാനികുളം ബ ജോർജച്ചൻ ആഗസ്റ്റ് 14-ാം തീയതി രാവിലെ 8 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം വ്യാഴാഴ്ച വൈകിട്ടു 3 മണിക്കു യഥാവിധി നിർവഹിക്കപ്പെട്ടു. പരേതൻ 1907 ജൂലൈ 13-ാം തീയതി ജനിച്ചു. വൈദികവിദ്യാഭ്യാസം റോമയിൽ പ്രൊപ്പഗാന്താ കോളേജിൽ നിർവ്വഹിച്ചു 1933 ഡിസംബർ 28-ാം തീയതിയാണു് വൈദികപട്ടം സ്വീകരിച്ചതു്. മടങ്ങിവന്നു ഇടവകജോലികളിൽ വ്യാപൃതനായി. വേദപ്രചാരപരമായ പ്രവർത്തനങ്ങളിൽ അത്യധികം തീക്ഷ്ണമതിയായിരുന്നു പരേതൻ. വൈദിക മിഷനറിസംഘം സിക്രട്ടറിയും ഖജാൻജിയുമായി അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. പരേതൻെറ പാവനാത്മാവിനു നിത്യശാന്തി നേരുകയും ദുഃഖിതരായ കുടുംബാംഗങ്ങളെ അനുശോചിക്കുകയും ചെയ്തുകൊള്ളുന്നു.

R. I. P.

## ഇടവകവാർത്തകൾ

**കുന്നമ്മാവു്:** സെൻറ് ജോസഫ്സ് ആശ്രമത്തോടനുബന്ധമായി നടത്തുന്ന ഡോൺബോസ്റ്റോ യൂത്തു് ലീഗ്, സൊഡാലിററി എന്നിവയുടെ ആഭിമുഖ്യത്തിൽ കർക്കടകമാസത്തിലെ എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്കു് സാധുക്കൾക്കു് കഞ്ഞി വിതരണം ചെയ്യുകയുണ്ടായി. സ്ഥലത്തെ ചില ഉദാരമതികളുടെ സംഭാവനയും ഏതൽക്കാര്യത്തിനായി സിദ്ധിക്കുകയുണ്ടായി.

**വട്ടതല:** സ്ഥലം സെൻറു് ആൻറണീസ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന "ഗൊരേററി ബോയ്സ്" സൊഡാലിററിയുടെ ഒരു വിശേഷാൽ പൊതുയോഗം ആഗസ്റ്റ് 16-ാം നു റവ. ഫാദർ ജോസഫ് സിമേന്തി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി പുതിയ ഭാരവാഹികളെതിരഞ്ഞെടുത്തു.

# സത്യദീപം

പത്രാധിപന്മാർ

ഷെവലീ റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 AUGUST 21 || No. 2.


## റഷ്യ ഐക്യരാഷ്ട്രസമിതിയുടെ പ്രതിക്കൂട്ടിൽ

ഹംഗറിയിൽ നടന്ന കഴിഞ്ഞ ഒക്ടോബർ ലഹളയിൽ റഷ്യ അനുവർത്തിച്ച മൃഗീയമായ ആക്രമണനയത്തെപ്പററിയുള്ള ഐക്യരാഷ്ട്രകമ്മററിയുടെ അന്വേഷണറിപ്പോർട്ട പ്രസിദ്ധപ്പെടുത്തികഴിഞ്ഞിരിക്കുകയാണല്ലോ. അതേപരാമർശിച്ച്, ലണ്ടനിൽനിന്നുള്ള യൂണിവേഴ്സ്പത്രം പ്രസ്താവിച്ചിട്ടുള്ളതിപ്രകാരമാണ്: "കഴിഞ്ഞകൊല്ലം ഒക്ടോബർമാസത്തിൽ ഹംഗറിയിലുണ്ടായ വിപ്ലവസംഭവത്തെപ്പററിയുള്ള ഐക്യരാഷ്ട്രസമിതിയുടെ അന്വേഷണം, സ്വാതന്ത്ര്യലോകം മുഴുവനിലും അറിയപ്പെട്ടിരുന്ന വസ്തുതകളെ ഉറപ്പിക്കുകമാത്രമാണു ചെയ്യുന്നതു്. ഒന്നരലക്ഷം വാക്കുകളുള്ള ആ പ്രമാണരേഖയിൽ ഹംഗറിയുടെമേലുള്ള റഷ്യയുടെ കൈയേററത്തേയും, ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ നിന്നിരുന്ന സ്ത്രീകളേയും കുഞ്ഞുങ്ങളേയും വെടിവച്ചുവീഴ്ത്തിയതിനേയും, കൂട്ടംകൂട്ടമായ നാടുകടത്തലിനേയും, ഹീനമായ നരവേട്ടയേയും, ലജ്ജാവഹമായ ഇതരകൃത്യങ്ങളേയുംപററി കുററാരോപണം ചെയ്തിരിക്കുകയാണ്. നിർദ്ദയമായ മൃഗീയതയ്ക്കെതിരായി ഒരധീനരാജ്യത്തിലെ ജനത വീരോചിതമായി പ്രദർശിപ്പിച്ച അജയ്യതയ്ക്കൊരുദാഹരണമാണ് ഈ സംഭവം. ദീർഘകാലമായി ഹംഗേറിയൻജനത അനുഭവിച്ചുപോന്ന സങ്കടങ്ങളാൽ ഉത്തേജിതമായ ജനകീയരോഷമായിരുന്നു "സ്വാഭാവികമായ ഈ ജനകീയവിപ്ലവ"ത്തിനു നിദാനമായിത്തീർന്നതു്. സഹായത്തിനു അവർ പാശ്ചാത്യരാജ്യങ്ങളെ പ്രതീക്ഷിച്ചു; എന്നാൽ അതു നിഷ്ഫലമായി. രഹസ്യപ്പോലീസും, സോവ്യററുപട്ടാളവും ടാങ്കുകളും നിരായുധരായ ജനക്കൂട്ടത്തിനെതിരായി നിറയൊഴിക്കുന്നതിനു തുടങ്ങിയശേഷംമാത്രമാണ്, ഹംഗറിക്കാർ അവരുടെ നിസ്സഹായാവസ്ഥയിൽ സായുധപ്രത്യാക്രമണം ആരംഭിച്ചതു്.

"ഈ രേഖ അതിപ്രധാനമായ ഒന്നാണ്. എന്തുകൊണ്ടെന്നാൽ പാതകത്തിൻേറയും ദുരന്തനാടകത്തിൻേറയും ഈ റിപ്പോർട്ട കോൺസ്റ്റിററ്യുവെൻറ് അസംബ്ളി മുമ്പാകെ സമർപ്പിക്കപ്പെട്ടതുതന്നെ ഐക്യരാഷ്ട്രസമിതിയുടെ ധീരതയെ പ്രത്യക്ഷമാക്കുന്നുണ്ട്. അതു് കമ്മ്യൂണിസ്റ്റ്ലോകത്തെത്തന്നെ ഉലയ്ക്കുന്ന ഒരു പാതകചരിത്രമാണ്. പൊതുജനങ്ങളുടെ നിശ്ചയദാർഢ്യംമൂലം കമ്മ്യൂണിസത്തെ പരാജയപ്പെടുത്താമെന്നു യാഥാർത്ഥ്യമായി തെളിയിക്കുന്ന മഹത്തായ ഒരു പരാജയത്തിൻെറ ചരിത്രവുമാണതു്.

"സൂയസ്പ്രശ്നം സംബന്ധിച്ച് ഐക്യരാഷ്ട്രങ്ങൾ ഈജിപ്റ്റിൻെറ സംരക്ഷണത്തിനിറങ്ങിപ്പുറപ്പെട്ടതുപോലെ, അവർ എന്തുകൊണ്ട് ഹംഗറിയുടെ കാര്യത്തിൽ ഇടപെടാൻ കൂട്ടാക്കിയില്ല എന്നുള്ളതു് അനേകംപേർ ചോദ്യം ചെയ്യുന്ന ഒരു വിഷയമായിത്തീർന്നിരിക്കുന്നു. പക്ഷെ പരമാർത്ഥം ഇതാണ്: ഐക്യരാഷ്ട്രസമിതിക്കു നിലവിലുള്ള ചാർട്ടർ അനുസരിച്ച്, അതിൻെറ അധികാരത്തെ ശക്തിയുള്ള ഒരു രാഷ്ട്രം അനാദരിച്ചാൽ അതിൽ നിസ്സഹായത അവലംബിക്കുവാനേ നിവൃത്തിയുള്ളു; അതിൻെറ നിർദ്ദേശങ്ങളെ സ്വീകരിക്കുന്നതിനു സന്നദ്ധതയുള്ള രാജ്യങ്ങളെ സംബന്ധിച്ചുമാത്രമെ അതിൻെറ തീരുമാനങ്ങൾക്കു പ്രാബല്യമുള്ളു. റഷ്യയും പാശ്ചാത്യശക്തികളും തമ്മിലുള്ള ബന്ധം സാരമായി അഭിവൃദ്ധിപ്പെട്ടെങ്കിലേ ഏതാദൃശമായ ഒരു വ്യവസ്ഥ ഉണ്ടാകുന്നതിനും സാദ്ധ്യതയുള്ളു. ഐക്യരാഷ്ട്രചാർട്ടറിൻെറ റെവ്യൂ ഈയിടെയാണല്ലോ രണ്ടുകൊല്ലമെങ്കിലും കഴിഞ്ഞു മതിയാകുമെന്നു തീരുമാനിച്ചതു്. അതിനിടയിൽതന്നെ വിഭിന്നങ്ങളായ രണ്ടു മാർഗ്ഗങ്ങളിൽ അവ നീങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളതു് വേദനാജനകമായ ഒരു സ്ഥിതിവിശേഷമല്ലേ. ഒരു ഭാഗം ന്യായാനുസൃതം വർത്തിക്കുന്നുവെങ്കിൽ ഇതരഭാഗം അനീതിയേയും കൈയേററത്തേയും താലോലിക്കുന്നു. ഇങ്ങനെ അനേകം കുറവുകൾ അതിനുണ്ടെങ്കിലും ഈ മൃഗീയകൈയേററങ്ങളെ വെളിച്ചത്തു കൊണ്ടുവരുന്നതിൽ ഐക്യരാഷ്ട്രസമിതി സ്പൃഹണീയമായ ഒരു കൃത്യമാണ് നിർവ്വഹിച്ചിരിക്കുന്നതു്."

ഹംഗറിയിലെ സംഭവങ്ങളെപ്പററി പര്യന്വേഷണം നടത്തുന്നതിനു നിയുക്തമായ കമ്മിററിയിൽ അഞ്ചു നിഷ്പക്ഷരാഷ്ട്രങ്ങളിൽനിന്നു പ്രതിനിധികളുണ്ടായിരുന്നു. ഡെന്മാർക്ക്, സിലോൺ, ഉറുഗ്വെ, ടുണീസിയ, ആസ്ത്രേലിയാ എന്നിവയാണ് പ്രസ്തുത രാജ്യങ്ങൾ. ഈ ഐക്യരാഷ്ട്രകമ്മററിയെപ്പോലും ഹംഗറിയിൽ പ്രവേശിക്കുന്നതിനും തെളിവെടുക്കുന്നതിനും റഷ്യ അനുവദിച്ചില്ല. തന്മൂലം ഹംഗറിയിൽനിന്നും രക്ഷപെട്ടു പുറത്തുവന്നിട്ടുള്ള ദൃക്സാക്ഷികളെ സമീപിച്ച് അവരിൽനിന്നു സംഭവവിവരങ്ങൾ ശേഖരിക്കേണ്ടിവന്നു. 111 സാക്ഷികളെയാണ് വിദഗ്ദ്ധന്മാരായ കമ്മററിക്കാർ ചോദ്യംചെയ്തു തെളിവെടുത്തതു്. അവരുടെ സ്വന്തം അനുഭവത്തിൽ പെടാത്തതോ സംശയാസ്പദമോ ആയ യാതൊരു തെളിവും കമ്മററി അംഗീകരിച്ചില്ല. ഇപ്രകാരം ശേഖരിച്ച തെളിവുകളെ ആധാരമാക്കിയാണ് സുദീർഘവും വിശദവുമായ റിപ്പോർട്ട ക്രോഡീകരിച്ചിരിക്കുന്നതു്.

അവിടെ നടന്നതു തികച്ചും ദേശീയമായ ഒരു പ്രക്ഷോഭണമായിരുന്നു. അതിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ഹംഗറിക്കാരും പങ്കെടുത്തു. തൊഴിലാളികളും, വിദ്യാർത്ഥികളും, ബുദ്ധിജീവികളും, പോലീസും, പട്ടാളവും എല്ലാം ഏകയോഗമായിട്ടാണ് വിദേശീയനുകം വലിച്ചെറിഞ്ഞു സ്വാതന്ത്ര്യം പ്രഖ്യാപിച്ചതു്. റഷ്യയുടെ രഹസ്യപ്പോലീസും, അവരുടെ സ്റ്റേററ്സെക്യൂരിട്ടി പോലീസും, വിരലിലെണ്ണാൻമാത്രം കമ്മ്യൂണിസ്റ്റ്പാർട്ടി ഉദ്യോഗസ്ഥന്മാരും മാത്രമെ അതിൽ പങ്കെടുക്കാതെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടാണല്ലോ ഞൊടിയിടയിൽ അവർ തലസ്ഥാനം കൈവശപ്പെടുത്തുകയും പുതിയ ഭരണം നടപ്പാക്കുകയും ചെയ്തതു്. ഒരൊററ ഹംഗേറിയൻയോദ്ധാവെങ്കിലും റഷ്യാക്കാരുടെ പക്ഷംചേർന്നു രാജ്യത്തിനെതിരായി യുദ്ധംചെയ്തിട്ടില്ല. ഇങ്ങനെ ഹംഗേറിയൻജനതയുടെ ഏകകണ്ഠമായ അഭിപ്രായത്തിൻേറയും നിശ്ചയദാർഢ്യത്തിൻേറയും ഫലമായിട്ടാണ് അവർ സ്വാതന്ത്ര്യം വീണ്ടെടുത്തതു്. പക്ഷെ റഷ്യ അതു സഹിച്ചില്ല. അക്രമമായും അനീതിയായും ടാങ്കുകളും പട്ടാളവ്യൂഹങ്ങളും റഷ്യയിൽനിന്നു പ്രവഹിക്കുവാൻതുടങ്ങി. ഹംഗറിയെ തവിടുപൊടിയാക്കി, അവരുടെ മേധാവിത്വം ഉറപ്പിച്ചു. ഈ ആക്രമണത്തെ വെള്ളപൂശാനാണ് കള്ളപ്രചാരണം മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നതു്. ഐക്യരാഷ്ട്രക്കമ്മീഷൻ ഈ പൂച്ച തെളിച്ചിരിക്കുകയാണ് അവരുടെ വിശദമായ റിപ്പോർട്ടുമൂലം. എങ്കിലും തല്ക്കാലം റഷ്യയ്ക്കൊന്നും വരാനില്ല. പാവപ്പെട്ട ഹംഗറി ആ ക്രൂരവ്യാഘ്രത്തിൻെറ ദംഷ്ട്രങ്ങളിൽ അമർന്നിരിക്കുകയാണ്. ഐക്യരാഷ്ട്രസമിതിക്കോ മററുരാഷ്ട്രങ്ങൾക്കോ അതിൽ നേരിട്ടിടപെടാൻ വകുപ്പില്ലത്രെ. പോരെങ്കിൽ യു. എൻ. ഒ. യെ മരവിപ്പിക്കാൻ പ്രബലമായ വീറേറാ അധികാരം റഷ്യയുടെ സ്വാധീനത്തിലുമുണ്ട്.

ഹംഗേറിയൻപ്രക്ഷോഭണത്തിൻെറ യഥാർത്ഥസ്ഥിതി പല അവസരങ്ങളിലും ഞങ്ങൾ തുറന്നുകാണിച്ചപ്പോൾ ചിലർക്കെല്ലാം അതിൽ അമർഷം തോന്നിയിരിക്കാം. ഞങ്ങളുടെ ചില മാന്യവായനക്കാർ അവരുടെ അഭിപ്രായവ്യത്യാസങ്ങൾ ഞങ്ങളെ അറിയിക്കുകയും ഉണ്ടായിട്ടുണ്ട്. ഇപ്പോഴെങ്കിലും അവർ യാഥാർത്ഥ്യങ്ങളെ നിഷ്പക്ഷമായി മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു. ഞങ്ങൾ കമ്മ്യൂണിസത്തേയോ കമ്മ്യൂണിസ്റ്റുപ്രവർത്തനങ്ങളേയോപററി ഈ പംക്തികളിൽ പ്രതിപാദിക്കുമ്പോൾ ശരിയായ വസ്തുതകളെ വിശ്വസനീയമായ മാർഗ്ഗങ്ങളിൽക്കൂടി ഗ്രഹിക്കാൻ ശ്രമിച്ചശേഷം മാത്രമെ അതിനു മുതിരാറുള്ളു. കമ്മ്യൂണിസത്തെ ഞങ്ങൾ അങ്ങേയററം എതിർക്കുന്നുവെങ്കിൽ അതു വിദ്വേഷംകൊണ്ടോ തെററിദ്ധാരണകൾകൊണ്ടോ അല്ല; പ്രത്യുത സത്യത്തോടുള്ള ആദരവുകൊണ്ടും സത്യദീപത്തിൻെറ ആദർശത്തെ നിഷ്ഠയായി പാലിക്കുന്നതിനുള്ള വ്യഗ്രതകൊണ്ടും മാത്രമാണെന്നു ഈ അവസരത്തിൽ സാന്ദർഭികമായി പ്രസ്താവിച്ചുകൊള്ളട്ടെ.

*പ്രസാധകക്കുറിപ്പുകൾ*

## കമ്മ്യൂണിററിപ്രോജക്റ്റ് പ്രവർത്തനങ്ങൾ

ഇന്ത്യയുടെ ഒന്നാമത്തെ പഞ്ചവത്സരപദ്ധതിയിലെ വിവിധ പരിപാടികളിൽ കമ്മ്യൂണിററി പ്രോജക്ററു് അതിപ്രധാനമായ ഒരു സ്ഥാനം അലങ്കരിച്ചിരുന്നു. കമ്മ്യൂണിററി പ്രോജക്ററുകളും ഗ്രാമോദ്ധാരണകേന്ദ്രങ്ങളും ഇന്ത്യയുടെ വിവിധഭാഗങ്ങളിലും സ്ഥാപിക്കപ്പെടുകയും അവയുടെ പ്രവർത്തനങ്ങൾവഴി ഇന്ത്യയെ ഒന്നാകെ പുരോഗമിപ്പിക്കുന്നതിനു യത്നിക്കുകയുമാണു ചെയ്തുകൊണ്ടിരുന്നതു്. ഗ്രാമീണരോടൊത്തു് അവരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനുവേണ്ട പരിശീലനം ലഭിച്ചിട്ടുള്ള ഗ്രാമസേവകവൃന്ദവും മററുദ്യോഗസ്ഥന്മാരും പൊതുജനങ്ങളെ പൊതുഗുണപ്രദമായ പ്രവർത്തനങ്ങളെപ്പററി ഉൽബോധിപ്പിക്കുകയും അവരുടെ സഹകരണത്തിൽ ഗ്രാമജീവിതത്തിൻെറ അഭിവൃദ്ധിക്കാവശ്യമായ റോഡുകൾ, കിണറുകൾ മുതലായവ നിർമ്മിക്കുന്നതിനും കുടിൽവ്യവസായങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയുംചെയ്തുപോന്നു. ഇപ്രകാരം ഗ്രാമത്തിലെ ആരോഗ്യനില ഉയരുകയും ഭക്ഷ്യപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുകയും വിദ്യാഭ്യാസത്തിൽ അഭിവൃദ്ധിയുണ്ടാവുകയും ചെയ്തിട്ടുണ്ട് എന്നു പൊതുവെ പറയാവുന്നതാണ്. കഴിഞ്ഞ പഞ്ചവത്സരപദ്ധതിയിൽ കമ്മ്യൂണിററിപ്രോജക്ററുകൾ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങളെ പരാമർശിച്ച് കമ്മ്യൂണിററി ഡെവലപ്പ്മെൻറുമിനിസ്റ്റർ മി. ഡേ അസംബ്ളിയിൽ പ്രസ്താവിച്ചതു്, ഈ രംഗത്തു കുറെ വിജയങ്ങളും കുറെ അപജയങ്ങളും ഉണ്ടായി എന്നാണ്. പൊതുജനസഹകരണത്തിൽ ചെയ്തുതീർത്തിട്ടുള്ള പ്രവർത്തനങ്ങൾ അത്യന്തം വിജയങ്ങളായിട്ടും, എന്നാൽ പാർലമെൻറുമെമ്പറന്മാർ ഉൾപ്പെടെ പൊതുജനപ്രതിനിധികളിൽനിന്നു വേണ്ടത്ര സഹകരണവും പ്രോത്സാഹനവും ലഭിച്ചില്ല എന്നുള്ളതു പരാജയമായിട്ടുമാണ് അദ്ദേഹം വിവക്ഷിച്ചതു്. ആത്മവിശ്വാസത്തോടും പുരോഗമനമനോഭാവത്തോടുംകൂടി പുതിയ പുതിയ പ്രസ്ഥാനങ്ങളിൽ ഏർപ്പെടത്തക്ക ആത്മവീര്യം പൊതുജനഹൃദയങ്ങളിൽ വേണ്ടത്ര സംജാതമാകുന്നതിനും അങ്ങനെ ഒരു പുതിയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാധിച്ചു എന്നു പറയുവാൻ അദ്ദേഹം ധൈര്യപ്പെട്ടില്ല. കാരണം അതിനു മേലേക്കിടയിലുള്ള ജനപ്രതിനിധികളിൽനിന്നു കുറേക്കൂടി ആത്മാർത്ഥമായ സഹകരണമനോഭാവം കൂടാതെ സാദ്ധ്യമല്ലെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. മേലേനിന്നുള്ള അധികാരപ്രയോഗത്താലല്ല, ജനകീയതോതിൽ പൊതുജനങ്ങളിൽനിന്നുള്ള സഹകരണപദ്ധതിയിലൂടെയാണ് കമ്മ്യൂണിററിപ്രോജക്ററുകൾ വേരുറയ്ക്കേണ്ടതു്. അസംബ്ളിയിലെ ചില മെമ്പറന്മാർ കമ്മ്യൂണിററിപ്രോജക്ററുകൾ കുടിൽവ്യവസായപോഷണത്തിലും മററു ചെറുകിടവ്യവസായപ്രചരണത്തിലും പരാജയപ്പെട്ടതായി പ്രസ്താവിച്ചു. വ്യവസായപോഷണത്തിനാവശ്യമായ പണം മിതമായ പലിശനിരക്കിൽ ലഭിക്കാതിരുന്നതാണ് അതിനു പ്രധാനകാരണമെന്നും അവർ ചൂണ്ടിക്കാണിച്ചു. ഇങ്ങനെ പലവിധത്തിലുള്ള പരാജയങ്ങളേയും നോട്ടക്കുറവുകളേയും ഈ പ്രസ്ഥാനം കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്തു അഭിമുഖീകരിക്കേണ്ടിവന്നുവെങ്കിലും ഭാരതത്തിൻെറ ഒരു മഹാ വലിയ വിഭാഗം ജനതയുടെ ആസ്ഥാനമായ ഗ്രാമങ്ങളുടെ വികസനത്തിലും ഗ്രാമീണരുടെ അഭിവൃദ്ധിയിലും അതു ആശാസ്യമായ ഒരുണർവുണ്ടാക്കിയിട്ടുണ്ടെന്നുള്ളതു ഒരു യഥാർത്ഥ നേട്ടംതന്നെയാണ്. ഈ പ്രവണത മങ്ങിമറഞ്ഞുപോകാതെ കൂടുതൽ കൂടുതൽ ഉത്തേജിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് തുടർന്നു നടപ്പാക്കേണ്ടതു്. രണ്ടാമത്തെ പഞ്ചവത്സരപദ്ധതി പ്രധാനമായുംവ്യാവസായീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ട് കമ്മ്യൂണിററിപ്രോജക്ററുകൾ മന്ദീഭവിക്കുമോ എന്നു ആശങ്കപ്പെടാവുന്നതാണ്. പക്ഷെ പൊതുജനങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥവൃന്ദവും അതു ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുമെന്നും ഗവമ്മെൻറിൻെറ ഉദാരമായ സഹകരണവും പ്രോത്സാഹനവും ഉണ്ടാകുമെന്നും വിചാരിക്കാം.

x x x

## ഇന്ത്യയിലെ കൃഷിസമ്പ്രദായം

ഒരു കൃഷിപ്രധാനരാജ്യമായ ഇന്ത്യയിൽ ഏതു സമ്പ്രദായത്തിലാണ് കൃഷി മുന്നോട്ടു കൊണ്ടുപോകേണ്ടതെന്നുള്ളതു ഒരു വലിയ പ്രശ്നമായി തീർന്നിരിക്കുകയാണ്. നമ്മുടെ കൃഷിസമ്പ്രദായത്തിൽ വളരെയധികം അഭിവൃദ്ധിയുണ്ടായെങ്കിൽ മാത്രമേ നമുക്കു ഭക്ഷ്യവിഭവങ്ങളിൽ സ്വയംപര്യാപ്തത കൈവരികയുള്ളു എന്നുള്ളതു് അനിഷേദ്ധ്യമായ ഒരു വാസ്തവമാണ്. അതുകൊണ്ടു കൃഷി പരിഷ്കരിക്കുന്നതിൽ ഗവമ്മേണ്ടിൻേറയും പൊതുജനങ്ങളുടേയും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. പല പുതിയ പദ്ധതികളും തദർത്ഥം ആവിഷ്കരിക്കപ്പെട്ടുപോരുന്നു. സോഷ്യലൈസേഷനുവേണ്ടിയുള്ള വ്യഗ്രത ഈ രംഗത്തിലും അന്ധമായി പ്രവർത്തിക്കുന്നതായി കാണപ്പെടുന്നു. ഇന്ത്യൻജനതയുടെ അഭിലാഷങ്ങളേയും ചിരസ്ഥായിയായ പ്രവണതകളേയും കേവലം അവഗണിച്ചുകൊണ്ടുള്ള പദ്ധതികൾ ഇക്കാര്യത്തിൽ പുരോഗതി കൈവരുത്തുമോ എന്നുള്ളതു ഗൗരവമായി ചിന്തിക്കേണ്ട ഒരു സംഗതിയാണ്. മാത്രമല്ല, കമ്മ്യൂണിസ്റ്റ്രീതിയിലുള്ള പദ്ധതികൾ കണ്ണടച്ചു സ്വീകരിക്കുന്നതു് വിനാശകരമായി തീരുമെന്നും അനുസ്മരിക്കേണ്ടതുണ്ട്. ഇന്ത്യാഗവമ്മേണ്ട് ചൈനയിലെ കൃഷിസമ്പ്രദായങ്ങൾ പഠിക്കുന്നതിനു നിയോഗിച്ചിരുന്ന ശ്രീ പട്ടീലിൻെറ നേതൃത്വത്തിലുള്ള പ്രതിനിധിസംഘത്തിൻെറ റിപ്പോർട്ടനുസരിച്ചുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനു വേണ്ട നിയമനിർമ്മാണങ്ങൾക്കു ഇപ്പോൾ ആലോചിച്ചുവരുന്നതായി കാണുന്നു. അതെത്രമാത്രം സ്വീകാര്യമാണെന്നു ഗൗരവമായി ചിന്തിക്കേണ്ട അവസരമാണിതു്. ഈ വിഷയം പാർലമെൻറിൽ ചർച്ചയ്ക്കു സ്വീകരിക്കപ്പെടുകയുണ്ടായി. പട്ടീൽഡെലഗേഷനിലെ അംഗങ്ങളിൽതന്നെ ചൈനയിലെ സമ്പ്രദായത്തെപ്പററി ഏകാഭിപ്രായമല്ല ഉള്ളതെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അവിടെ പ്രയോഗത്തിലിരിക്കുന്ന കമ്മ്യൂണിസ്റ്റ്രീതി വളരെ മെച്ചമാണെന്നു പ്രതിനിധിസംഘാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു തല്പരകക്ഷികൾ സാഹസപ്പെടുകയുണ്ടായെങ്കിലും അതേപ്പററി ഗൗരവമായ ആശങ്കകൾ പ്രതിനിധിസംഘാംഗങ്ങളിൽ പലരിലുംനിന്നു ഉന്മൂലനം ചെയ്യാൻ അവർക്കു സാധിച്ചിട്ടില്ല. ചൈനയിൽ വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ യഥാർത്ഥത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ലെന്നും, അവരുടെ ഭക്ഷ്യസംഭരണകേന്ദ്രങ്ങൾ പലതും ഒഴിഞ്ഞിരിക്കുകയാണെന്നും ഉള്ള വസ്തുതകൾ ഈ ആശങ്കയെ ഉറപ്പിക്കുകയാണ്. എങ്കിലും എതിരഭിപ്രായങ്ങളെ അവഗണിച്ചുകൊണ്ടുള്ള പാക്ഷികമായ റിപ്പോർട്ടാണ് ഇവിടെ സ്വീകരിക്കുവാൻ പോകുന്നതെന്നാണ് പാർലമെൻറിലെ വാദപ്രതിവാദത്തിൽ ഗവമ്മേണ്ടു സ്വീകരിച്ച നിലപാടു വ്യക്തമാക്കുന്നതു്. സഹകരണം, ഏകീകരണം, സോഷ്യലിസം, സ്റ്റേററുസോഷ്യലിസം മുതലായി കാതലായ വൈവിദ്ധ്യങ്ങളുള്ള ആശയങ്ങളെ യഥാതഥം വിവേചിക്കാതെയാണ് പദ്ധതികളും നിയമങ്ങളും ആവിഷ്കരിക്കപ്പെടുന്നതെങ്കിൽ അതു പരാജയപ്പെടുമെന്നുള്ളതു തീർച്ചയാണ്. ഭക്ഷണപ്രശ്നത്തെപ്പററി പാർലമെൻറിൽ നടന്ന സംവാദത്തിനിടയിൽ മി. എം ആർ മസ്സാനി ചൂണ്ടിക്കാണിച്ച വാദമുഖങ്ങൾ വളരെ

ലീജിയൻ പംക്തി

# ലിജിയൻ ഓഫ് മേരി

## കേരളാസെനാത്തുസിൽനിന്നും അറിയിക്കുന്നത്




28-7-1957 ൽ കൂടിയ സെനാത്തുസ് യോഗത്തിൽവച്ച്, കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിൻെറ പ്രവർത്തനങ്ങളുടെ ഭവിഷ്യത്തുകളെ തടയുവാൻ, ലീജിയൻ ഓഫ് മേരി സ്വീകരിക്കേണ്ട പരിപാടികളെന്തെല്ലാമെന്നു തീരുമാനിച്ചു. പരിപാടികൾ ചുവടേ ചേർക്കുന്നു.

1, കേരള ഗവമ്മെൻറു നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന വിദ്യാഭ്യാസബില്ല് യഥാർത്ഥത്തിൽ അദ്ധ്യാപകസംരക്ഷണത്തിനോ, വിദ്യാഭ്യാസത്തിൻെറ സുസ്ഥിതിക്കോ ഒട്ടുംപാലും ഉതകാത്തതും, കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ, പ്രത്യേകിച്ചും കത്തോലിക്കരുടെ അവകാശത്തെ ധ്വംസിക്കുന്നതിനു പര്യാപ്തവും, പ്രതികാരപരവും ആണെന്നു കാണുന്നതിനാൽ കത്തോലിക്കാസഭയുടെ മൗലികമായ അവകാശസംരക്ഷണത്തിനുവേണ്ടി ലീജിയൻ അംഗങ്ങൾ സമരസന്നദ്ധതയോടെ രണാങ്കണത്തിലേക്ക് ഇറങ്ങേണ്ടതാണ്. അതിലേക്കു അഭിവന്ദ്യമേല്പട്ടക്കാരിൽ നിന്നും ഇടവകയിലെ ബ: വികാരിയച്ചന്മാരിൽനിന്നും ഇക്കാര്യത്തിൽ നേരിട്ടുപ്രവർത്തിക്കുന്ന സംഘടനകളിൽനിന്നും ഇടവകാംഗമെന്ന നിലയിൽ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഓരോ ലീജിയൻ സൈനികനും സന്നദ്ധഭടന്മാർക്കൊത്തവണ്ണം പ്രവർത്തിക്കുക.

2, ലീജിയനെ സംബന്ധിച്ചേടത്തോളം കൂടുതൽ പ്രാധാന്യം അർഹിക്കുന്നതു് പ്രാർത്ഥനയും ത്യാഗപ്രവൃത്തികളുമാണ്. അതിനാൽ ആഗസ്റ്റ് 14-ാം തീയതിമുതൽ മാതാവിൻെറ വിമലഹൃദയത്തിരുനാൾദിനമായ 22-ാം തീയതിവരെയോ. ആഗസ്റ്റ് 31-ാം തീയതി മുതൽ പിറവിത്തിരുനാൾ ദിനമായ സെപ്തംബർ 8-ാം തീയതി വരെയോ, ലീജിയൻ പ്രാർത്ഥനയും, കൊന്തനമസ്കാരവും മാതാവിൻെറ വിമലഹൃദയത്തിനുള്ള നൊവേനപ്രാർത്ഥനയും ചൊല്ലി ഓരോ സ്ഥലത്തേയും പ്രസീദിയാംഗങ്ങൾ ദൈവാലയത്തിൽപോയി നൊവേന നടത്തുക.

3, ആഗസ്റ്റ് 15-ാം തീയതിയോ, സെപ്തംബർ 8-ാം തീയതിയോ അംഗങ്ങൾ എല്ലാവരും അതതു് പ്രസീദിയം നിശ്ചയിക്കുന്ന സമയം ബ. ഡയറക്ടർ അച്ചന്മാരുടെ അനുമതിയോടെ വിശുദ്ധ കുർബാനയുടെ സന്നിധിയിൽ തിരുമണിക്കൂർ നടത്തുക.

4, ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുക, അടുക്കലടുക്കൽ ദിവ്യകാരുണ്യം സ്വീകരിക്കുക. ദിനംപ്രതി ഒരു കൊന്തയെങ്കിലും കൂടുതലായി എത്തിക്കുക തുടങ്ങിയ ഭക്താനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം കൊടുക്കുക. വിശേഷവിധിയായി "ക്രിസ്ത്യാനികളുടെ സഹായമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്ന സുകൃതജപം പല പ്രാവശ്യം മുടക്കംകൂടാതെ ചൊല്ലിക്കൊണ്ട് ഈ നിയോഗങ്ങൾക്കായി കാഴ്ചവെക്കുക.

N. B. 1, നൊവേനദിവസങ്ങളിൽ ഓരോ പ്രസീദിയത്തിലേയും ഒരംഗമെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കത്തക്കവിധം വ്യവസ്ഥപ്പെടുത്തണം.

2, ഒരു ഇടവകയിൽ ഉള്ള എല്ലാ പ്രസീദിയങ്ങളും യോജിച്ചു നൊവേന, തിരുമണിക്കൂർ എന്നീ ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുന്നതു അഭിലഷണീയമാണ്.

3, കേരളത്തിലെ എല്ലാ ലീജിയൻ പ്രസീദിയങ്ങളും കൗൺസിലുകളും ഈ സൽകൃത്യങ്ങൾ നിറവേററേണ്ടതാണ്.

(എല്ലാ ലീജിയൻ സമിതികൾക്കും ഇതിനകം അറിയിപ്പു നൽകിയിട്ടുണ്ട്. അറിയിപ്പുലഭിക്കാത്ത കൗൺസിലുകളും പ്രസീദിയങ്ങളും ഇതു് പ്രത്യേക അറിയിപ്പായി കരുതണമെന്നപേക്ഷ)

ആജ്ഞാനുസാരണം
കേരളാ സെനാത്തുസ് സിക്രട്ടറി

### കൃതജ്ഞത

വി. ഫിലോമിനായുടെ മാദ്ധ്യസ്ഥതയാലും ബ. അൽഫോൻസാമ്മയുടേയും സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

By Lucy

---

പ്രാധാന്യമർഹിക്കുന്നവയാണ്. സഹകരണം സർവ്വദാ സ്വാഗതാർഹമാണെന്നു അദ്ദേഹം വിശദമാക്കി. കൃഷി ആവശ്യങ്ങൾക്കു വേണ്ട സാമ്പത്തികസഹായം നൽകുന്നതിനും, നല്ല വിത്തുകൾ ശേഖരിച്ചു വിതരണംചെയ്യുന്നതിനും, വളങ്ങൾ സംഭരിച്ചു കർഷകർക്കു ലഭ്യമാക്കുന്നതിനും മററുമുള്ള സഹകരണപ്രസ്ഥാനങ്ങൾ വളരെയേറെ ആവശ്യകമാണ്. കൃഷിസമ്പ്രദായം വളരെ പുരോഗമിച്ചിട്ടുള്ള ജപ്പാൻെറ മാതൃക ഇക്കാര്യത്തിൽ അനുകരണാർഹമായിരിക്കുന്നുണ്ട്. എന്നാൽ കൃഷിസ്ഥലങ്ങളെ നിർബന്ധപൂർവ്വം ഏകീകരിക്കുന്നതിനുള്ള പദ്ധതികൾ രാജ്യതാല്പര്യങ്ങൾക്കു സഹായകമോ ഇന്ത്യൻ കർഷകരുടെ ചിരകാലസ്ഥിതമായ ഉടമസമ്പ്രദായത്തിനു യോജിക്കുന്നതോ ആയിരിക്കയില്ല എന്നദ്ദേഹം സമർത്ഥിച്ചു. പോളണ്ടിലേയും യൂഗോസ്ലാവിയായിലേയും അനുഭവങ്ങളെ ഉദാഹരിച്ചുകൊണ്ടു ഈ പ്രസ്താവത്തെ അദ്ദേഹം തെളിയിച്ചു. പോളണ്ട് ഈ പദ്ധതിയെ ഇപ്പോൾ ഉപേക്ഷിച്ചു കർഷകരുടമയിലുള്ള ഒരു പദ്ധതിയിലേക്കു പിന്തിരിയുന്നതായും അദ്ദേഹം വെളിപ്പെടുത്തി. നേരെ മറിച്ച് കർഷകരുടെ ഉടമയെ ആദരിച്ച് വികസനപദ്ധതികൾ നടപ്പാക്കിയ ഡെന്മാർക്ക്, ജപ്പാൻ മുതലായ രാജ്യങ്ങളിൽ കൃഷി അടിക്കടി വർദ്ധമാനമായി വരുന്നതും, കമ്മ്യൂണിസ്റ്റ്രാജ്യങ്ങളെ അപേക്ഷിച്ചു അവ വളരെയധികം പുരോഗമിച്ചിട്ടുള്ളതും അദ്ദേഹം സഭയെ അനുസ്മരിപ്പിച്ചു. പല സാമാജികന്മാരും ഈ അഭിപ്രായത്തെ അനുകൂലിക്കുകയും ചെയ്തു. എങ്കിലും ഗവമ്മെണ്ട് അതിനു വഴങ്ങുന്ന ഒരു നയമല്ല പ്രകടമാക്കിയതു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അംഗീകൃതമായിട്ടുള്ള കോ ഓപ്പറേററീവ് ഫാമിംഗ് പദ്ധതിക്കു വ്യതിയാനം വരുത്തുവാൻ നിവൃത്തിയില്ലെന്നുള്ള കാരണംപറഞ്ഞു സംവാദം ഭക്ഷ്യമന്ത്രി അവസാനിപ്പിക്കുകയാണ് ചെയ്തതു്. അപ്രകാരം പട്ടിൽഡലഗേഷൻറിപ്പോർട്ടിലെ നിർദ്ദേശമനുസരിച്ച് 10,000 കോ ഓപ്പറേററീവ് കർഷകസംഘങ്ങൾ രൂപവൽക്കരിക്കുവാനുള്ള പദ്ധതിയെ സ്വീകരിക്കുവാനും നടപ്പാക്കുവാനുമാണ് ഗവമ്മേണ്ടഭിലഷിക്കുന്നതെന്നൂഹിക്കണം. രാജ്യത്തിൻെറ സ്ഥിതിഗതികളേയും ജനങ്ങളുടെ അഭിലാഷങ്ങളേയും അവഗണിച്ചുകൊണ്ടുള്ള ഈ പുറപ്പാട് രാജ്യാഭിവൃദ്ധിയിൽ എങ്ങിനെ സഹായകമാകുമെന്നുള്ളതാണ് മനസ്സിലാകാത്തതു്. ഇന്ത്യാ ഗവമ്മേണ്ടിൻെറ സോഷ്യലൈസേഷൻപ്രവണത കമ്മ്യൂണിസ്റ്റിക്ക് സോഷ്യലിസത്തിൻെറ അസ്വീകാര്യമായ രംഗങ്ങളിലേക്കു വഴുതിപ്പോകുന്നുവെങ്കിൽ അതു രാജ്യത്തിൻെറ അധഃപ്പതനഹേതുവായി പരിണമിക്കും.

---

# വിവിധവൃത്താന്തങ്ങൾ

### "നല്ല ലോകത്തിനു വേണ്ടി"യുള്ള

#### വൈദികകോൺഗ്രസ്

റോമിൽ പന്ത്രണ്ടാം പീയൂസിൻെറ നാമത്തിലുള്ള സാർവ്വലൗകികകേന്ദ്രത്തിൽവച്ച് 16 രാജ്യങ്ങളിൽനിന്നുള്ള 180 വൈദികരുടെ ഒരു കോൺഗ്രസ് നടത്തപ്പെട്ടിരിക്കുന്നു "നല്ല ലോകത്തിനുവേണ്ടി"യുള്ള പ്രസ്ഥാനത്തിൻെറ പ്രണേതാവായ ഫാദർ ലൊംബാർഡിയാണ് കോൺഗ്രസിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്തതു്. പ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ഏററവും അധികം വൈദികർ സംബന്ധിച്ച കോൺഗ്രസ്സാണിതു്.

### യഹൂദന്മാർ വൈദികനോടു

#### കൃതജ്ഞത പറയുന്നു

വെറോണാ എന്ന സ്ഥലത്തെ യഹൂദവിഭാഗം നഗരത്തിലെ യഹൂദകേന്ദ്രത്തിൽവച്ചു നടത്തിയ ഒരു പൊതുയോഗത്തിൽ ഒരു ഇററാലിയൻ സലേഷ്യൻസഭാംഗമായ ഫാദർ ബ്രൂണോ വലെൻെറ അവർകൾ കഴിഞ്ഞ ലോകമഹായുദ്ധകാലത്തു യഹൂദഗണത്തിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾക്കു കൃതജ്ഞത രേഖപ്പെടുത്തിയിരിക്കുന്നു. "ഞങ്ങളുടെ സഹോദരങ്ങൾ മർദ്ദിക്കപ്പെട്ടിരുന്ന കാലത്തു അവിടുന്നു പ്രകടമാക്കിയ മാനുഷികമായ ഐക്യമനോഭാവത്തെ ഞങ്ങൾ പുകഴ്ത്തുന്നു" എന്നാണ് അവരുടെ നേതാവായ പ്രസംഗകൻ പ്രസ്താവിച്ചതു്. സമുചിതമായ ഒരു സമ്മാനവും അവർ ഫാദർ ബ്രൂണോയ്ക്കു സമർപ്പിച്ചു.

### ഊമ—ബധിര മന്ദിരത്തിൽ കപ്പേള ആശീർവദിച്ചു

ബർമിംഗ്ഹാം സഹായമെത്രാൻ റൈററ് റവ. ബ്രൈററ് തിരുമേനി ഷെൽട്ടണിലുള്ള ഊമ-ബധിരമന്ദിരത്തിൽ ഒരു കത്തോലിക്കാ കപ്പേളയുടെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചിരിക്കുന്നു. ബ്രിട്ടണിൽ ഇത്തരത്തിലുള്ള കപ്പേള ഇതാദ്യത്തേതാണ്. സഹായമെത്രാൻ തിരുമേനി തദവസരത്തിൽ ചെയ്ത പ്രസംഗം ഇൻസ്റ്റിററ്യൂട്ടിലെ ചാപ്ലെൻ ഫാദർ ജോസഫ് നൈററിൻഗയിൽ വിശദീകരിച്ചുകൊടുത്തു. മററു കർമ്മങ്ങൾ സ്ഥാപനത്തിൻെറ സൂപ്പറിൻറണ്ട് മി. ജെ എല്ലിസ് അംഗങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു. സ്ഥാപനത്തിലെ അംഗങ്ങൾ സ്വമേധയാ മിഷൻപ്രവർത്തനങ്ങൾ നടത്തുന്നു. അൾത്താരക്കുവേണ്ട സാധനങ്ങൾ വിൻസെൻറ് ഡി പോൾ സംഘാംഗങ്ങൾ ദാനംചെയ്തു.

### ഫാത്തിമായിൽ

#### നൃത്തങ്ങൾ മുടക്കുന്നു

പോർത്തുഗലിൽ ഫാത്തിമാദേവാലയത്തിലെ പരിശുദ്ധ കന്യകമറിയത്തിൻെറ തിരുനാളിലും മററും നടത്തിവന്നിരുന്ന നാടൻ നൃത്തങ്ങളും അതുപോലുള്ള ആഡംബരങ്ങളും ലീറിയാമെത്രാൻ ആൽവെസ് കൊറെയാ ദെസിൽവാ തിരുമനസ്സുകൊണ്ട് മുടക്കിയിരിക്കുന്നു. രൂപതയിലെ എല്ലാ ദേവാലയങ്ങളിലും അതുസംബന്ധിച്ച് പരസ്യംചെയ്യപ്പെട്ട ലേഖനത്തിൽ തിരുമേനി ജനങ്ങളെ ഉൽബോധിപ്പിച്ചതു് പരിശുദ്ധ ദൈവജനനി ജനങ്ങളെ ഫാത്തിമായിലേക്കു ക്ഷണിച്ചതു് പ്രാർത്ഥനയിലും പ്രായശ്ചിത്തപ്രവൃത്തികളിലും വ്യാപൃതരാകുന്നതിനുവേണ്ടിയാണ് എന്നായിരുന്നു. പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷമായ ദിവ്യപൂജയും, പൊതുകുർബാനസ്വീകരണവും, വിശുദ്ധ കുർബാനയുടെ പ്രദിക്ഷണവുംകൊണ്ടു ആചരിക്കപ്പെടണമെന്നാണ് തിരുമേനി നിർദ്ദേശിച്ചിരിക്കുന്നതു്. തിരുനാളുകൾ ഭക്തിസംവർദ്ധകമായി ആചരിക്കുന്നതിനു എല്ലാ ഇടവകകളിലും നടപ്പിലിരിക്കുന്ന ഗ്രാമീണനൃത്തപരിപാടികളും വെടിക്കെട്ടും ഉപേക്ഷിക്കണമെന്നും തിരുമേനി ആജ്ഞാപിച്ചിട്ടുണ്ട്.

### ചൈനയിലെ ദേശീയസഭ

ചൈനയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടിൻെറ പ്രേരണയിൽ അവിടത്തെ പ്രോട്ടസ്റ്റാൻറുകാർ വിദേശങ്ങളിലെ പ്രോട്ടസ്റ്റാൻറു സഭകളുമായുള്ള ബന്ധം വിച്ഛേദിച്ചു ഒരു ദേശീയസഭയായി നിലകൊള്ളുകയാണല്ലോ. മാവോസെതുങ്ങിൻെറ അടുത്ത ശ്രമം കത്തോലിക്കരെ റോമാബന്ധത്തിൽനിന്നു വിടുവിച്ചു ഈ സ്വതന്ത്രദേശീയസഭയിൽ ലയിപ്പിക്കുവാനാണ്. കുപ്രചരണങ്ങളാണ് ഇതിനു സ്വീകരിച്ചിട്ടുള്ള ഉപാധി. ചൈനയിലെ കമ്മ്യൂണിസ്റ്റ്പത്രങ്ങൾ കള്ളറിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി ജനങ്ങളെ വഞ്ചിക്കുന്നതിനു ശ്രമിക്കുകയാണ്. ചൈനയിലെ മെത്രാന്മാരും ജനങ്ങളും ഗവമ്മേണ്ടിനു വിധേയമായ ഒരു കത്തോലിക്കാസഭ സംഘടിപ്പിക്കുന്നതിൽ സഹകരിക്കുന്നു എന്നു കമ്മ്യൂണിസ്റ്റ്പ്രസ്സ് പ്രചരിപ്പിച്ച വാർത്തയെ ഹോങ്കോങ്ങിലെ മെത്രാൻ ബിയാഞ്ചി തിരുമേനി നിഷേധിക്കുകയും അതു കമ്മ്യൂണിസ്റ്റ് കുപ്രചരണത്തിൻെറ ഒരു മാതൃകയാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. റോമിലെ ഇൻറർനാഷനൽ ഫീദെസ് ഏജൻസി നൽകിയിട്ടുള്ള ഒരു മുന്നറിയിപ്പിൽ ചൈനയിലെ കത്തോലിക്കർ അവിടത്തെ ഗവർമ്മേണ്ടുനിയന്ത്രിക്കുന്നതായ "ചൈനീസ് കത്തോലിക്കരുടെ ദേശീയസംഘടന" എന്ന പ്രസ്ഥാനത്തിൽ യാതൊരു തരത്തിലും സഹകരിക്കരുതെന്നുൽബോധിപ്പിച്ചിരിക്കുന്നു. "ലെവ എം സി ഏ"യുമായുള്ള ബന്ധംകൊണ്ട് ക്രിസ്ത്യൻസമൂഹവുമായി ഇടപഴകിയിട്ടുള്ള ഒരു കമ്മ്യൂണിസ്റ്റ്നേതാവായ ചൗ എൻ ലായിയാണ് ഈ പ്രസ്ഥാനത്തിൻെറ ചരടുപിടിക്കുന്നതു്. ഒരുകൊല്ലം മുമ്പു അനുഭാവമുള്ള 38 പേരെ ക്ഷണിച്ചുവരുത്തി അദ്ദേഹം ഈ പ്രസ്ഥാനത്തിനു പ്രാരംഭമിട്ടു പക്ഷെ ഇന്നുവരേയും കത്തോലിക്കാസഭയിൽനിന്നു കാര്യമായിട്ടു് ആരേയും വശീകരിക്കുന്നതിനു അവർക്ക് സാധിച്ചിട്ടില്ലെന്നാണറിയുന്നതു്. ചൈനയിലെ കത്തോലിക്കർ—വൈദികരും അൽമായരും— കമ്മ്യൂണിസത്തിനെതിരായി ധീരമായ ഒരു നിലപാടാണ് പാലിച്ചുപോരുന്നതു്.

### മതാദ്ധ്യാപനം മനസ്സാക്ഷിയുടെ കടമയാണെന്നു

#### പോളണ്ടിലെ പ്രൈമേററ്

പോളണ്ടിലെ പ്രൈമേററ് അത്യുന്നത കർദ്ദിനാൾ വിഷിൻസ്കി തിരുമനസ്സുകൊണ്ടു അവിടത്തെ ഒരിടയലേഖനത്തിൽ മതാദ്ധ്യാപനവിഷയത്തിൽ മാതാപിതാക്കന്മാർക്കുള്ള ഉത്തരവാദിത്വത്തെ ശക്തിയായി ഉൽബോധിപ്പിച്ചിരിക്കുന്നു "നിങ്ങളുടെ കുട്ടികൾക്കു അവരുടെ പള്ളിക്കൂടങ്ങളിൽ മതാദ്ധ്യാപനം ലഭിക്കുന്നതിനു നിങ്ങൾ ഉറപ്പുവരുത്തണം" എന്നാണവിടുന്നു ആജ്ഞാപിച്ചിരിക്കുന്നതു്. ഗവമ്മേണ്ടു മതാദ്ധ്യയനം പള്ളിക്കൂടങ്ങളിൽ നടത്തുന്നതിനു പൊതുവെ സമ്മതിച്ചിട്ടുണ്ടെങ്കിലും പ്രായോഗികമായി അതിനു ചില പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ടു്, അതിനെ ശക്തിയായി എതിർക്കണമെന്നുള്ള നിർദ്ദേശമാണ് തിരുമനസ്സിലെ ഈ ഉൽബോധനത്തിൽ അടങ്ങിയിരിക്കുന്നതു്. 80 ശതമാനവും കത്തോലിക്കാ കുട്ടികൾ പഠിച്ചിരുന്ന ഒരു സ്കൂളിൽ അവർക്കു മതപഠനത്തിനുള്ള സൗകര്യം നൽകണമെന്നു കുട്ടികളുടെ മാതാപിതാക്കന്മാർ ആവശ്യപ്പെട്ടെങ്കിലും അധികാരികൾ അതിനു വഴിപ്പെട്ടില്ല. തന്മൂലം കത്തോലിക്കാ രക്ഷാകർത്താക്കന്മാർ അവരുടെ കുട്ടികളെയെല്ലാം മറെറാരു സ്കൂളിലേക്കു മാററി "കുട്ടികളെ മതം പഠിപ്പിക്കേണ്ടതു് മനസ്സാക്ഷിയുടെ അതിഗൗരവമായ ഒരു കർത്തവ്യമാണ്. നമ്മുടെ കുട്ടികളുടേയും യുവസഞ്ചയത്തിൻേറയും പാവനതമമായ ദൈവപിതാവിനോടുള്ള കടമയും, മതാത്മകമായ വിദ്യാഭ്യാസത്തിനും മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും ഉള്ള അവകാശവും മാനിക്കപ്പെടുവാൻ നാം പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം."

### ഹംഗറിയിൽ മർദ്ദനഭീകരത വർദ്ധിക്കുന്നു

സ്റ്റാലിൻെറകാലത്തെ അതിശയിക്കുന്ന തരത്തിലുള്ള ഭീകരതകളാണ് ഇപ്പോൾ ഹംഗറിയിൽ നടത്തപ്പെടുന്നതെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. പ്രതിവിപ്ലവകാററമാരോപിച്ചു വൈദികരേയും നേതാക്കന്മാരേയും കൂട്ടമായി അറസ്റ്റുചെയ്യുന്നു. വെറും പ്രചരണത്തിനുവേണ്ടി ചില "വിസ്താരാഭാസങ്ങൾ" അടുത്തുതന്നെ അഭിനയിക്കാനും അവർ വട്ടംകൂട്ടുന്നതായി അറിയുന്നു. ബുഡാപ്പെസ്റ്റ്സെമിനാരിയിലെ പ്രൊഫെസർമാരും, കർദ്ദിനാൾ മിൻസെന്തി തിരുമനസ്സിലെ സ്റ്റാഫും എല്ലാം അറസ്റ്റുചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ പെടുന്നു. അവരുടെ എണ്ണം രഹസ്യമായി സൂക്ഷിക്കപ്പെടുകയാണ്.

—o—

### അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

22 വ്യാ: കന്യകമറിയത്തിൻെറ വിമലഹൃദയം

23 വെ: വി. പീലിപ്പോസ് ബനീത്തീസ്

24 ശ: വി. ബത്തലൂമ്മെ

25 ഞാ: പന്തക്കുസ്താ 11-ാം ഞായർ

26 തി: വി. സെഫൂരീനോസ്

27 ചൊ: വി. ത്രേസ്യായുടെ ഹൃദയഭേദനം

28 ബു: വി. അഗുസ്തീനോസ്

ആഖ്യായിക



# ബറാബാസ്

## അദ്ധ്യായം 24 (തുടർച്ച)

## ക്രിസ്തുവോ ബറാബാസോ

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

യേശു ന്യായാസനസമക്ഷം നിശ്ശബ്ദം നിന്നതേയുള്ളു.

സിക്രട്ടറി കാരാഗൃഹത്തിലെത്തി അവിടത്തെ മേലധികാരിയോട് ബറാബാസിനെ കച്ചേരിമുറിയിലെത്തിക്കണമെന്നുള്ള ആജ്ഞ അറിയിച്ചു.

ബറാബാസ് പ്രജ്ഞനശിച്ച ഭാവത്തിൽ വസ്ത്രോലിന്മീതെ കിടക്കുകയായിരുന്നു. ഏതാനും ദിവസങ്ങളായി അപ്പവും വെള്ളവും അയാൾക്കു കൊടുക്കുവാൻ സേവകർ സമീപിക്കുന്ന അവസരങ്ങൾ നീക്കി ബാക്കി സമയമെല്ലാം അയാൾ മയക്കത്തിൽ കഴിഞ്ഞു. കുരിശിൽതൂങ്ങി അയാളുടെ ജീവൻ പോകണമെന്നു അധികാരികൾ ആശിച്ചിരുന്നതിനാൽ പട്ടിണിയിട്ടു് ബറാബാസിനെ കൊല്ലണമെന്നുദ്ദേശമില്ലായിരുന്നു. ബറാബാസാകട്ടെ തൻെറ ജീവൻ അപകടത്തിലായിയെന്നു തീർച്ചപ്പെടുത്തി. നഷ്ടപ്രജ്ഞനായി ജീവിച്ചതിനിടയിൽ ആശയുടെ വല്ല കിരണങ്ങളും അയാൾക്കനുഭവപ്പെട്ടുവെങ്കിൽ മനസ്സിനെ ആവരണംചെയ്ത അന്ധകാരയവനികയെ തുളച്ചുകടക്കുവാൻ അവയ്ക്കു കഴിഞ്ഞില്ല. രക്ഷികൾ വന്നു് കൽഭിത്തിയിൽനിന്നു ബറാബാസിൻെറ ചങ്ങലയഴിച്ചു് അയാളെ തട്ടിയുണർത്തി കാലിൽ നിറുത്തിയപ്പോൾ വധത്തിനു കൊണ്ടുപോകുവാനവർ ആരംഭിക്കുകയായിരുന്നുവെന്നയാൾ ചിന്തിച്ചു. ഇരുളടഞ്ഞ ആ തടവുമുറിയിൽ പ്രവേശിച്ചിട്ടു എത്ര നാളായിയെന്നയാൾക്കൊരു രൂപവുമുണ്ടായിരുന്നില്ല. അതേപ്പററി ചിന്തിക്കുവാൻ അയാൾ തുനിഞ്ഞുമില്ല. ഏതായാലും മരണത്തിൻെറ മണിക്കൂർ സമാഗതമായിയെന്നയാൾ തീർച്ചയാക്കി. താങ്ങില്ലാതെ നില്ക്കുവാൻ കഴിയാതിരുന്ന അയാൾക്കു ഉത്സാഹമുണ്ടാകുവാൻ വേണ്ടി ഒരുപാത്രം വീഞ്ഞു നൽകപ്പെട്ടതയാൾ ഒററവലിക്കകത്താക്കി. അനന്തരം വെള്ളംകൊണ്ടു് ദേഹം അവിടവിടെയായി തുടച്ചു് പീലാത്തോസിൻെറ കൊട്ടാരത്തിനടിയിൽക്കൂടിയുണ്ടായിരുന്ന ഒരു തുരങ്കത്തിലൂടെ നടത്തി ബറാബാസിനെ കാവൽഭടന്മാർ കച്ചേരിമുറിയിലെത്തിച്ചു.

അയാളുടെ നോട്ടം ആദ്യമായി ഈശോയിൽ പതിഞ്ഞു. ഉടൻതന്നെ അയാൾ മയക്കത്തിൽനിന്നുണർന്നു. തനിക്കഭിമുഖമായി കണ്ടതു്, ചിലപ്പോൾ ഒരഭിചാരിയായും ആത്മനാ ഒരു വലിയ പ്രവാചകനായും താൻ പരിഗണിച്ചിരുന്ന ദേഹം, ബന്ധിതനായും രക്തധാരാമണ്ഡിതനായും നിലകൊള്ളുന്നതായിരുന്നു. അദ്ദേഹവും തടൻയായികളും റോമന്മാർക്കാപല്ലാരികളായിത്തീർന്നതിനാൽ അവർ അദ്ദേഹത്തെ ബന്ധനത്തിലാക്കിയെന്നായിരുന്നു ബറാബാസിൻെറ ഏകചിന്ത. ബഹുജനങ്ങളുടെ ജയോൽഘോഷമദ്ധ്യേ യേശു ജറുസലേംനഗരത്തിൽ പ്രവേശിച്ചതു് താൻ ദർശിച്ചതാണല്ലോ. അന്നത്തെ ചിത്രം സജീവം ബറാബാസിൻെറ ദൃഷ്ടിപഥത്തിൽ ഉയർന്നു. ഇന്നാകട്ടെ അദ്ദേഹം തന്നെപ്പോലെതന്നെ അഭിഭൂതനായിരിക്കുന്നു, തന്നെപ്പോലെതന്നെ ഒരു ബന്ധനസ്ഥൻ, ഒരുപക്ഷെ തന്നെപ്പോലെതന്നെ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ.

ബറാബാസിൻെറ അന്തഃകരണത്തിൽ എന്തോ ശിഥിലീകൃതമായി. താനറിയാതെ തന്നിൽ വളർന്നുവന്നതും താൻ മത്തിവച്ചിരുന്നതുമായ ഈ പ്രവാചകനിലുള്ള വിശ്വാസം ഇപ്പോൾ അയാളുടെ അനുഭൂതിയിൽ പെട്ടു. ഇദം പ്രഥമമായി ഈശോയെ കണ്ട സമയംമുതൽ താൻ ഒരു വൃത്തത്തിൽ കുടുങ്ങി എപ്പോഴും ഈശോയുടെ നികടത്തിൽ വർത്തിച്ചിരുന്നുവെന്നും ആ മായാവൃത്തത്തിൻെറ പരിധി ഭേദിച്ചു് ഈശോയെ സമീപിക്കുവാൻ വീണ്ടും വീണ്ടും ശ്രമിച്ചിരുന്നുവെന്നും ഇപ്പോൾ ആദ്യമായി ബറാബാസിനു ബോധമുണ്ടായി. ഈ പ്രവാചകനെ വീക്ഷിച്ചതിനുശേഷം ഒരു സഹജീവിയുടെ ആയുസ്സു നശിപ്പിക്കുവാൻ തനിക്കു ധൈര്യംവന്നില്ല. ഈശോ സാക്ഷാൽ മിശിഹായാണെന്നു താൻ വിശ്വസിക്കുകയും ചെയ്തിരുന്നുവെന്ന സംഗതി ബറാബാസ് ഇപ്പോൾ ഓർമ്മിച്ചു. തനിക്കെങ്ങനെ ആ തെററുപററി; ഒരു മണിക്കൂർ സമയം, വേണ്ടാ ഒരു ക്ഷണനേരത്തേക്കു് ഈശോ സാക്ഷാൽ മിശിഹായാണെന്നുള്ള മിഥ്യാബോധം പുലർത്തുവാൻ തനിക്കെങ്ങനെ സാധിച്ചുവെന്നായിരുന്നു ബറാബാസിൻെറ പ്രശ്നം. എന്നാൽ ഈശോയെപ്പററി താൻ സ്വയം ചോദിച്ചിരുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം ഇതാ കൈവന്നിരിക്കുന്നു. ഇതാ ആ മനുഷ്യൻ തൻെറ കൺമുമ്പാകെ നിൽക്കുന്നു; തന്നെപ്പോലെ പരാജിതൻ, തന്നെപ്പോലെ വദ്ധ്യൻ! ഇദ്ദേഹം വിജേതാവല്ല, രാജാവല്ല, മിശിഹായല്ല; അനാശ്രയനായ ഒരു വെറും യഹൂദൻ, മിക്കവാറും കുരിശിലേറി മരിക്കുവാൻ വിധിക്കപ്പെട്ടവൻ. ഈ നസ്രായനെപ്പററി ഗർഹയോടടുത്ത അവജ്ഞയുടെ തിരത്തള്ളൽ ബറാബാസിൽ അനുഭവപ്പെട്ടു. സ്വന്തം ദിഷ്ടംതന്നെ ഇയാളുടെ കുററംകൊണ്ടാണെന്നു ബറാബാസിനു തോന്നി. അതെ, ഈ ഭോഷച്ചാരു് സമാധാനത്തെപ്പററിയുള്ള പ്രസംഗങ്ങൾ വിളമ്പി തന്നിൽനിന്നു ഒട്ടവളരെ ആളുകളെ അകററാതിരുന്നുവെങ്കിൽ ഇസ്രായേൽ മുഴുവനും തൻെറ പിമ്പിൽ അണിനിരന്നു്, ഒരേകീകൃതജനത റോമന്മാരെ നാട്ടിൽനിന്നോടിച്ചു് തങ്ങളുടെ സ്വാതന്ത്ര്യം സമ്പാദിക്കുമായിരുന്നുവെന്നുതന്നെ ബറാബാസ് വിശ്വസിച്ചു. തങ്ങളിരുവരുടേയും അന്തിമയാത്രയിൽ താനും ഈശോയും തമ്മിൽ ഈവിധം ഒരു സമാഗമമുണ്ടായതു് ദൈവദുന്നിയോഗം മാത്രമാണെന്നും ബറാബാസിനു തോന്നി. ഇങ്ങനെ ചിന്തിക്കുവാനയാൾക്കു അവസരം ധാരാളമുണ്ടായില്ല. ഈശോയേയും ബറാബാസിനേയും ജനസഞ്ചയം കാണത്തക്കവിധം വാതിലിനു സമീപം എത്തിക്കുവാൻ പീലാത്തോസാജ്ഞനൽകി.

ഇടതുവശത്തു് അഴുക്കണിഞ്ഞു കീറിപ്പറിഞ്ഞ വസ്ത്രത്തോടുകൂടി, താടിമീശകളിൽ കാരാഗൃഹത്തിലെ പൂഴിപൂണ്ടു്, അധരങ്ങളമർത്തി അവജ്ഞാപൂർവ്വം ജനാവലിയെ തുറിച്ചുനോക്കിക്കൊണ്ടു്, ബന്ധിതനെങ്കിലും കിരാതോചിതമായ ഉഗ്രശക്തിയുടെ മൂർത്തിയെന്നോണം ബറാബാസ് പ്രത്യക്ഷനായി. യേശു വലതുഭാഗത്തു നിന്നു. താൻ സഹിച്ച അപകാരത്തിൻെറ അടയാളങ്ങൾ അവിടുത്തെ ദേഹത്തു ദൃശ്യമായിരുന്നുവെങ്കിലും, രാജോചിതമായ ദീപ്തി യേശുവിനെ വലയംചെയ്തതായും ശോഭായമാനമായ പ്രകാശം അവിടുത്തെ മുഖത്തുനിന്നും നയനങ്ങളിൽനിന്നും വീശിയതായും തോന്നി. ജനങ്ങളെ കടാക്ഷിച്ചുകൊണ്ടിരുന്ന ആ നയനങ്ങൾ ദയയും, സ്നേഹവും ക്ഷാന്തിയും വിജ്ഞാപനം ചെയ്തുകൊണ്ടിരുന്നു. രാവും പകലുംപോലെ, അന്ധകാരത്തിൻെറ ശക്തിയും സ്നേഹത്തിൻെറ തേജസ്സുംപോലെ വിഭിന്നരായി അന്യോന്യം അടുത്തുനിന്നിരുന്ന ഇരുവരേയും കണ്ടതോടുകൂടി ജനസംഘത്തിൽനിന്നു് ഒരു മർമ്മരധ്വനി പുറപ്പെട്ടു. അനന്തരം പീലാത്തോസ് അവരുടെ പക്കലേക്കു് അടുത്തു് ജനങ്ങളോടായിട്ടു് ഇങ്ങനെ പ്രസ്താവിച്ചു: "ഇതാ, നിങ്ങളിൽ ചിലർ ക്രിസ്തുവെന്നും യഹൂദരുടെ രാജാവെന്നും വിളിക്കുന്ന, കുററമില്ലാത്തവനെന്നു ഞാൻ തീരുമാനിച്ചിട്ടുള്ള നസ്രത്തിലെ ഈശോ ഇവിടെ നിൽക്കുന്നു. നിങ്ങളുടെ ആടുകളെ മോഷ്ടിക്കുകയും ആട്ടിടയന്മാരെ കൊന്നൊടുക്കുകയും ചെയ്ത ഘാതകൻ ബറാബാസ് അടുത്തുനില്ക്കുന്നു. തിരിഞ്ഞെടുത്തോളിൻ."



വിശുദ്ധ യൗസേപ്പുപിതാവിൻേറയും ആത്മക്കാരുടേയും സഹായത്താൽ എൻെറ സുഖക്കേടു മാറിക്കിട്ടിയതിനു ഉപകാരസ്മരണ.
സിസ്റ്റർ ബൽബീനാ
എച്ച്. എഫ്. കമ്മലീത്താമഠം
കോതമംഗലം

ജനസഞ്ചയത്തിൻെറ ഭാവഭേദങ്ങൾ ഉററുനോക്കി അവ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശരിക്കു ധരിക്കുവാനുള്ള പാടവം പീലാത്തോസിനുണ്ടായിരുന്നു. റോമിലും ആഥൻസിലുംവെച്ചു അദ്ദേഹം പരിശീലിച്ചിരുന്ന വിദ്യയാണതു്. ഗവർണർ എന്ന നിലയിൽ പ്രഭാഷണങ്ങൾ ചെയ്തുകൊണ്ടിരിക്കവെ ശ്രോതാക്കളുടെ മുഖഭാവം കൊണ്ടു് അവരുടെ ആശയഗതി മനസ്സിലാക്കുവാൻ പീലാത്തോസിനു സാധിച്ചിട്ടുണ്ടു്. പ്രസ്തുത അവസരത്തിൽ ജനങ്ങൾ പരിപൂർണ്ണം നസ്രായനെ അനുകൂലിക്കുന്നതായിട്ടാണു് അദ്ദേഹത്തിനു തോന്നിയതു്. പീലാത്തോസിൻെറ വാക്കുകൾ പരിഭാഷപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴും ആ ധാരണ തന്നെ തുടന്നു. പീലാത്തോസ് പറഞ്ഞതെന്താണെന്നു ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ തുമുലമായി.

"ബറാബാസിനെ വിട്ടയക്കൂ. ഞങ്ങൾക്കു് ബറാബാസ് മതി. ബറാബാസ്!"

ജനങ്ങൾ വിളിച്ചുകൂകുന്നതെന്തെന്നു സിക്രട്ടറി പീലാത്തോസിനു മനസ്സിലാക്കിക്കൊടുത്തു. ഈ ശ്രമം ആവശ്യമില്ലായിരുന്നു. റാബി നഥാനിയേൽ തൻെറ അടുത്തുനിന്നവരോടെന്തോ മന്ത്രിച്ചു. മററു പുരോഹിതന്മാർ ജനസംഘത്തിനിടയിൽ കടന്നുചെന്നു. പിശാചുങ്ങളുടെ അലർച്ചപോലെ ജനങ്ങൾ ആർത്തുവിളിച്ചു; "ബറാബാസിനെ വിട്ടയക്കൂ ബറാബാസ്! ബറാബാസ്!"

ജനനിനദം ഉയർന്നതോടുകൂടി പീലാത്തോസിൻെറ വദനം വിളറി. ഒരു അസാധാരണവികാരം അദ്ദേഹത്തിൽ ഉളവായി. എന്തു ചെയ്യുമെന്നോ എന്തു പറയുമെന്നോ ഭ്രാന്തുപിടിച്ച ഈ പ്രാകൃതജനത്തെപ്പററി മുൻകൂട്ടി വിധിക്കുവാൻ സാധിക്കാതിരുന്ന അവസ്ഥയിൽ അദ്ദേഹം അവരെ ഭയപ്പെടുകതന്നെ ചെയ്തു. താൻ സംസാരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു് സൂചിപ്പിച്ചു് അദ്ദേഹം കരങ്ങൾ ഉയർത്തി. കോലാഹലം സ്വല്പം ഒതുങ്ങി.

"വധശിക്ഷ അർഹിക്കുന്ന യാതൊരു കുററവും നസ്രായൻ ഈശോ ചെയ്തിട്ടില്ലെന്നു ഞാൻ കാണുന്നു, അദ്ദേഹത്തെ എന്തുചെയ്യണമെന്നാണു് നിങ്ങളുടെ ആഗ്രഹം?"

പെട്ടെന്നു് പൈശാചികധ്വനി മുഴങ്ങി; "കുരിശിൽ തറയ്ക്കൂ! കുരിശിൽ തറയ്ക്കൂ! കുരിശിൽ തറയ്ക്കൂ!"

പീലാത്തോസ് പിന്നോട്ടുമാറി മാർക്കസിനോടു പറഞ്ഞു: "എനിക്കു് മനസ്സിലാകുന്നില്ല. കുറെ ദിവസങ്ങൾക്കു മുമ്പുമാത്രമാണു് അവർ ഇദ്ദേഹത്തെ ദാവീദിൻപുത്രൻ എന്നു് പുകഴ്ത്തി അഭിവാദ്യംചെയ്തതു്. ഇന്നാകട്ടെ യേശുവിൻെറ വധത്തിനായി അവർ അലറുന്നു! യേശുവോ ബറാബാസോ ആരു വേണമെന്നു തീരുമാനിക്കുവാൻ പ്രയാസമില്ലല്ലോ.

"പ്രയാസം ഒട്ടുംതന്നെയില്ലാ, പ്രൊക്കുറയിററർ. അവർ ഹൃദയംഗമമായി ബറാബാസിൻെറ പാർശ്വത്തിലാകുന്നു."

"അതേ, പക്ഷെ എന്തുകൊണ്ടു്?"

"അവർക്കു് ബറാബാസ് ഒരു രക്തസാക്ഷിയാണു്. വിദേശീകളാൽ മർദ്ദിതനായ ഉത്തമദേശാഭിമാനി. യേശു സ്വജനങ്ങൾക്കെതിരായ ഒരു വിപ്ലവകാരി, മോശയുടെ പ്രമാണവും ജറൂസലേം ദേവാലയവും നശിപ്പിക്കാനാഗ്രഹിക്കുന്ന ഒരു മൗലികൻ. ചുരുക്കത്തിൽ ഒരാൾ ജാതീയവീരകേസരിയും അപരൻ ജാതീയവൈരിയുമത്രെ. ഈ കാര്യം ഞാൻ മുമ്പേ ആലോചിക്കേണ്ടതായിരുന്നു ക്ഷമിക്കണേ, പ്രൊക്കുറയിററർ, ഇന്നത്തെ എൻെറ ആലോചന ഉന്നംതെററിപ്പോയതിൽ ഞാൻ ഖേദിക്കുന്നു."

"കൂടുതൽ ഗുണകരമായ ഒരുപായം എനിക്കും തോന്നിയില്ല. നമുക്കു് പരീക്ഷണം നടത്തുക ആവശ്യമായിരുന്നല്ലോ. നന്മതിന്മകളിൽ ഏതിനെ ഗ്രഹിക്കണമെന്ന പ്രശ്നം നേരിടുമ്പോൾ പ്രാകൃതജനം എല്ലായപ്പോഴുംതന്നെ തിന്മ തിരിഞ്ഞെടുക്കുന്നുവെന്നു തോന്നിപ്പോകുന്നു."


പുറത്തു "അവനെ കുരിശിൽ തറയ്ക്കൂ, അവനെ കുരിശിൽ തറയ്ക്കൂ, ബറാബാസിനെ വിട്ടയക്കൂ, ബറാബാസ്" എന്നിങ്ങനെ ശബ്ദകോലാഹലം മുഴങ്ങിക്കൊണ്ടിരുന്നു. (തുടരും)

## ചരമവാർത്തകൾ

**കാഞ്ഞിരപ്പള്ളി:** കല്ലാസ്സുലായ ആനത്താനത്തു കരിക്കാട്ടുമ്പേൽ ശ്രീ കുരുവിള കുഞ്ഞുവർക്കി ആഗസ്റ്റു് 8-ാംനു- 89-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. പിറേറദിവസം മൂന്നു മണിക്കു് പാലാ മെത്രാനച്ചൻ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ അനേകം വൈദികരുടെ സഹകരണത്തോടുകൂടി ശവസംസ്കാരകർമ്മം സ്ഥലം ഫൊറോനാപ്പള്ളി സിമിത്തേരിയിൽ പ്രത്യേകം പണിതീർത്തിരുന്ന കല്ലറയിൽ നിർവ്വഹിക്കപ്പെട്ടു. റവ. ഫാ. കുരുവിള പുരത്തൻെറ പുത്രനും റവ. ഫാ. മാത്യു എസ്. ജെ. ബി എ ബി എൽ അദ്ദേഹത്തിൻെറ സഹോദരനും ആണു്.

**വല്ലം:** ഈ ഇടവക പാറപ്പുറം ശ്രീ ദേവസി പത്രോസ് അവർകൾ ആഗസ്റ്റ് 6-ാം തീയതി കാലത്തു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം വൈകിട്ടു് 5 മണിക്കു് റവ. ഫാ. ഐസക്കു് അറയ്ക്കൽപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ദർശനസമൂഹങ്ങളുടെയും ഒരു വലിയ ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിൽ വല്ലം പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു. റവ. ഫാദർ ഐസക്കു് പറേതൻെറ വീട്ടിൽ വച്ചു് ചരമപ്രഭാഷണം നടത്തി.

R. I. P.



# ചെറുകഥ

## വിലപിക്കുന്ന വിധവ

(ഡി. എസ്. ബി., പൂഞ്ഞാർ)

"മകനേ, ഞാൻ പറയുന്നതു് നീ ഒന്നു കേൾക്കു്. മോന്റെ അമ്മയല്ലേ പറയുന്നതു്; നിന്റെ അപ്പച്ചൻ മരിച്ചതിനുശേഷം ഞാൻ എന്തുമാത്രം ബുദ്ധിമുട്ടിയാ, നിങ്ങളെ ഒക്കെ വളർത്തിയതെന്നു് അറിയാമോ? എന്റെ വയസ്സുകാലത്തു നീ എന്നെ ഉപേക്ഷിച്ചു പോയാൽ..." സങ്കടത്തള്ളൽകൊണ്ടു് ആ വാചകം പൂർത്തിയാക്കാൻ അന്നാമ്മച്ചേടത്തിക്കു സാധിച്ചില്ല. അവരുടെ കണ്ണുകളിൽ നിന്നും അശ്രുകണങ്ങൾ തുരുതുരെ നിലത്തുപതിച്ചു.

സാമാന്യം ഭേദപ്പെട്ട ഒരു കുടുംബമാണു് ഇല്ലിക്കൽ വീടു്. ത്രേസ്യാമ്മയും, ജോണച്ചനും, ജോർജ്ജും കൊച്ചുകുട്ടികളായിരിക്കുമ്പോൾ തന്നെ അവരുടെ പിതാവു് കാലധർമ്മം പ്രാപിച്ചു. അവരുടെ തള്ള—അന്നാമ്മചേടത്തി—എന്തുമാത്രം ബുദ്ധിമുട്ടിയാണെന്നോ അവരെ വളർത്തിക്കൊണ്ടു വന്നതു്? മക്കളുടെ നല്ലവളർത്തൽ എത്രമാത്രം പ്രയാസമേറിയ പ്രശ്നമാണെന്നനുഭവസ്ഥർക്കറിയാമല്ലോ.

ഉള്ളതിലേക്കു മൂത്തതാണു് ത്രേസ്യാമ്മ. അവൾ വിവാഹിതയായി ഭർത്തൃഗൃഹത്തിൽ താമസിക്കുന്നു. രണ്ടാമൻ ജോണച്ചൻ, പിതാവില്ലായിരുന്നതുകൊണ്ടു് സ്കൂൾ ഫൈനൽ ക്ലാസിനപ്പുറം പോയില്ല അവന്റെ വിദ്യാഭ്യാസം. വിവാഹിതനായ അവൻ വീട്ടിൽ താമസിച്ചു് കുടുംബകാര്യാദികളിൽ അമ്മയെ സഹായിക്കുന്നു. ഇപ്പോൾ വസ്തുവകകളുടെ മേൽനോട്ടം വഹിക്കുന്നതും കൃഷികൾ ചെയ്യിക്കുന്നതും ഒക്കെ അവനാണു്.

പിന്നെ, ജോർജ്ജ്. അവൻ മററു രണ്ടുപേരേയുംകാൾ സമർത്ഥനും സുമുഖനുമാണു്. അന്നാമ്മച്ചേടത്തിക്കു് അവനോടു് പ്രത്യേകസ്നേഹമുണ്ടു്. അവനു ഒന്നര വയസ്സു പ്രായമുള്ളപ്പോഴാണു് പിതാവു് നിര്യാതനായതു്. വർഷം പതിനെട്ടു കഴിഞ്ഞു. സൽസ്വഭാവിയായ ആ നല്ല ചെറുപ്പക്കാരനിലാണു് അന്നാമ്മച്ചേടത്തിയുടെ ആശകൾ കേന്ദ്രീകരിച്ചിരിക്കുന്നതു്.

അക്കൊല്ലത്തെ ഇൻറർ പരീക്ഷയ്ക്കു അവൻ ഒന്നാം ക്ലാസിൽ പാസായി. പരീക്ഷാഫലമറിഞ്ഞപ്പോൾ യുവാവായ ജോർജിന്റെ ഹൃദയം തുടിച്ചു. ഏറെ നാളായി അവന്റെ ഹൃദയത്തിൽ സ്ഥലം പിടിച്ചിരുന്ന ആ ആശാപതംഗം ചിറകുവിരിച്ചുയർന്നു. ഒരു വൈദികനാകുക. പഞ്ചമം പാടുന്ന പൈങ്കിളികളും പച്ചിലപ്പടപ്പുകളിലെ പൂക്കളുടെ ദിവ്യസുന്ദരമായ പരിമളവും, എല്ലാം എല്ലാം അവനെ മാടിവിളിക്കുന്നതായി അവനു തോന്നി, മിശിഹായുടെ മുന്തിരിത്തോപ്പിലേക്കു്.

"എന്റെ അമ്മ അങ്ങനെ പറയരുതു്. അമ്മ ദയവായി എന്നെ അനുവദിക്കുക; അനുഗ്രഹിച്ചയക്കുക" അവൻ വീണ്ടും അഭ്യർത്ഥിക്കുകയാണു്.

"മകനേ, നീ എന്നെ ഇട്ടുംവച്ചു പോയാൽ ഞാൻ പിന്നെ എങ്ങനെ ജീവിക്കും. നീ എന്നെ ഉപേക്ഷിച്ചു പോവുക—അതോർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. നിനക്കെന്നോടു സ്നേഹമില്ലേ?"

"അമ്മേ! അമ്മയോടു് എനിക്കു സ്നേഹമില്ലാഞ്ഞിട്ടല്ല; പക്ഷെ അതിൽക്കൂടുതൽ ദൈവത്തെ സ്നേഹിക്കാൻ കടപ്പെട്ടവനല്ലേ ഞാൻ? ദൈവം എന്നെ വിളിക്കുമ്പോൾ ഞാൻ അനുസരിക്കണ്ടേ, എന്റമ്മേ! അമ്മേ!! അമ്മേ!!!...

"മകനേ..."

എന്തെല്ലാം പറഞ്ഞിട്ടും അന്നാമ്മച്ചേടത്തി സമ്മതിക്കുന്നില്ല. പലരും പറഞ്ഞുനോക്കി. ജോണച്ചനും അവന്റെ അമ്മയോടു് ആവതുപറഞ്ഞു. പക്ഷെ അവർ അവന്റെ മുഖത്തുനോക്കി ചോദിച്ചു. "നിന്റെ അസൂയകൊണ്ടല്ലേ അവനെ വിടാൻ നീ ഇത്ര ഉത്സാഹിക്കുന്നതു്" എന്നു്. അവൻ പിന്നെ ഒന്നും മിണ്ടിയില്ല. ത്രേസ്യാമ്മയും അവളുടെ ഭർത്താവും ജോർജിനുവേണ്ടി വാദിച്ചു; ഫലം നാസ്തി.

ധർമ്മസങ്കടത്തിലായ ജോർജ് സ്ഥലത്തെ വികാരിയച്ചനെ സമീപിച്ചു. അദ്ദേഹം അവനെ ആശ്വസിപ്പിച്ചുകൊണ്ടു് പറഞ്ഞു: "മകനെ! ദൈവം നിന്നെ വിളിക്കുന്നെങ്കിൽ നീ ആ വിളി സ്വീകരിക്കുകതന്നെ വേണം. ഏതായാലും പോകുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊള്ളുക; അന്നാമ്മച്ചേടത്തിയെ കണ്ടു ഞാൻ ഒന്നു പറഞ്ഞുനോക്കാം; സമ്മതിക്കാതെ വരില്ല."

രോഗവിവരക്കുറിപ്പുകൾ
അയക്കേണ്ട വിലാസം:-
**കാളൻവൈദ്യൻ,**
നെല്ലായി (S. India)

വികാരിയച്ചൻ അന്നാമ്മച്ചേടത്തിയെ അവരുടെ വീട്ടിൽ ചെന്നുകണ്ടു സംസാരിച്ചു. പക്ഷെ അവർക്കു ജോർജ്ജിനെ കൂടാതെയുള്ള ജീവിതമേ സാദ്ധ്യമല്ലെന്നാണു് പരാതി. അവസാനം അച്ചൻ പറഞ്ഞു: "ദൈവം ഇപ്രകാരം ഒരു പ്രത്യേകാനുഗ്രഹം നിങ്ങൾക്കു നൽകുന്നതു്, അവിടുത്തേക്കു നിങ്ങളുടെനേരെയുള്ള പ്രത്യേകസ്നേഹത്തിന്റേയും പ്രീതിയുടേയും അടയാളമാണു്. അതു നിരസിച്ചാൽ ഒരുപക്ഷെ ദൈവകോപം ഉണ്ടാകാനിടയുണ്ടു്." പക്ഷെ അന്നാമ്മച്ചേടത്തിയുടെ വഴിപിഴച്ച, വിവേകശൂന്യമായ, അതിരുകടന്ന പുത്രസ്നേഹം അവിടേയും വഴങ്ങിക്കൊടുത്തില്ല.

ജോർജ്ജ് ഒരുക്കങ്ങളെല്ലാം ചെയ്തു. അന്നാമ്മച്ചേടത്തി കണ്ണീരോടുകൂടി ദിവസങ്ങൾ കഴിച്ചുകൂട്ടി. അവസാനം അവനു പോകുവാനുള്ള ദിവസമായി. കാർ പടിക്കൽ വന്നു. ഡ്രസ്സ്മാറി അവൻ അമ്മയുടെ അടുത്തുവന്നു. അവരുടെ കരച്ചിൽ നിലവിളിയായി മാറി. "അമ്മ കരയാതെ; ദയവായി എന്നെ അനുഗ്രഹിച്ചയക്കുക" ജോർജ് കേണപേക്ഷിച്ചു. പക്ഷെ അവർ കരഞ്ഞലച്ചു് ബോധഹീനയായി നിലംപതിക്കുകയാണുണ്ടായതു്. ജോണച്ചനും ജോർജും ത്രേസ്യാമ്മയും എല്ലാവരുംകൂടെ അവരെ എടുത്തു കട്ടിലിൽക്കിടത്തി. മുഖത്തു വെള്ളംതളിച്ചു. "എന്റെ മകനേ! പോവല്ലേടാ..." ആ അബോധാവസ്ഥയിലും അവർ നിലവിളിക്കുകയാണു്. ഉടനെ അവരെ കാറിൽ ആസ്പത്രിയിലേക്കു മാററി. രണ്ടുമൂന്നു മണിക്കൂർസമയത്തെ തുടർച്ചയായ പരിചരണത്തിനുശേഷം അന്നാമ്മച്ചേടത്തിക്കു ബോധംവീണു. എപ്പോഴും അവർ "എന്റെ മകനേ! പോവല്ലേടാ" എന്ന പല്ലവി ആവർത്തിച്ചുകൊണ്ടിരുന്നു. അവസാനം യുവാവായ ജോർജിന്റെ ഹൃദയം ദുർബലമായി. അമ്മയുടെ അഭീഷ്ടത്തിനു വഴങ്ങുകതന്നെചെയ്തു. അന്നാമ്മച്ചേടത്തിക്കു സന്തോഷവുമായി.

ആ ആശാഭംഗം ജോർജിനെ നിരാശനാക്കി. അവനു ജീവിതം അസുഖകരമായി അനുഭവപ്പെട്ടു. ഒരു രസത്തിനുവേണ്ടി വല്ലപ്പോഴുമൊക്കെ സിനിമയ്ക്കുപോയിത്തുടങ്ങി. ക്രമേണ അതു നിത്യപരിപാടിയായി മാറി. നിരവധി ചെറുപ്പക്കാർ അവനു സ്നേഹിതന്മാരായി. കൈനിറയെ പണവും, ചുണ്ടുകളിൽ മായാത്ത പുഞ്ചിരിയുമായി ഇറങ്ങിയ ആ ചെറുപ്പക്കാരനുണ്ടോ സുഹൃത്തുക്കൾക്കു പഞ്ഞം?

മാസങ്ങളും വർഷങ്ങളും കടന്നുപോയി. അന്നാണു് ആ അത്യാഹിതം സംഭവിച്ചതു്—ജോണച്ചന്റെ മരണം. ഒരു ചെറിയ ജലദോഷമായിട്ടു തുടങ്ങിയതാണു്. അവസാനം ഗുരുതരമായി. വളരെയൊക്കെ ചികിത്സിച്ചു; നിരവധി പണം ചിലവാക്കി. പക്ഷെ മരണം സംഭവിച്ചു. ദൈവം വിളിച്ചാൽ പോവാതെ ഒക്കുമോ?

പിന്നെയും ഒന്നുരണ്ടു പ്രാവശ്യംകൂടി വസന്തം വരികയും പോകുകയുംചെയ്തു. ഇക്കാലംകൊണ്ടു്, സൽസ്വഭാവിയായിരുന്ന ജോർജ് ഒന്നാംതരം ഒരു ലൗകായതികനായി മാറി. ക്രമേണയുള്ള ഈ മാററത്തിൽ അവന്റെ സ്നേഹിതസംഘവും അവനെ വളരെയധികം സഹായിച്ചു. ജോർജിന്റെ പഴയരീതിയൊക്കെ പാടേ മാറി. നിത്യവും രാവിലെ വീട്ടിൽനിന്നും പോയാൽ പാതിരാവാകും മടങ്ങിയെത്തുമ്പോൾ; ചിലപ്പോളതിലധികവും. വീട്ടുകാര്യങ്ങളിൽ ശ്രദ്ധയില്ല. സിനിമകണ്ടും നാടകംകണ്ടും അവൻ മുന്നോട്ടുപോയി. പക്ഷെ അവന്റെ അമ്മ ഒരക്ഷരം അവനോടു എതിർത്തുപറഞ്ഞില്ല. അത്രയ്ക്കും അവർ അവനെ സ്നേഹിക്കുന്നുണ്ടു്!

മോഹിനി—ജോർജ്ജ് കാണാറുള്ള പല പടങ്ങളിലും ഉപനായികയായി അഭിനയിച്ചിട്ടുള്ള ആ സിനിമാതാരം അവന്റെ ഹൃദയത്തെ അപഹരിച്ചു. അവളുടെ കുനുകുനെ ഉടിച്ചിലുള്ള സമൃദ്ധമായ മുടിയും, മുല്ലപ്പൂ വിടരുംപോലുള്ള ആ പുഞ്ചിരിയും നുണച്ചുഴികളും കൊഞ്ചിക്കുഴഞ്ഞുള്ള ആ നടത്തയും അവനെ അവളിലേക്കു വലിച്ചടുപ്പിക്കുന്നതുപോലെ അവനു തോന്നി. പലപ്പോഴും വെള്ളിത്തിരയിൽ കാണുന്ന അവൾ അവനെ നോക്കി പുഞ്ചിരിക്കുംപോലെ അവനു അനുഭവപ്പെട്ടു. നാൽക്കവലകളിൽനിന്നു മഴയും വെയിലും ഏററിട്ടും തന്നെ നോക്കി പുഞ്ചിരിക്കുന്ന മോഹിനിയുടെ ചിത്രത്തെ നോക്കിനിന്നു് വളരെസമയം ജോർജ് ചിലവഴിച്ചിട്ടുണ്ടു്. അവർ പരസ്പരം കത്തുകളും ഫോട്ടോകളും കൈമാറി.

ആയിടെയാണു് അവിടത്തെ തിയേററിൽ "പുതുയുഗം പിറക്കുന്നു" എന്ന സംഗീതനാടകം നടത്താൻ ആരോ തീരുമാനിച്ചതു്. അതിൽ നായികയായി അഭിനയിക്കുന്നതു് സിനിമാതാരമായ മോഹിനിയായിരുന്നു. ജോർജ്ജ് ഈ സുവർണ്ണാവസരം വേണ്ടവിധം വിനിയോഗിക്കാൻ തീരുമാനിച്ചു. ഇതേവരെ സിനിമാശാലയിലെ സ്ക്രീനിലും ഫോട്ടോകളിലുംമാത്രം കണ്ടിട്ടുള്ള ആ "മായാമോഹിനി"യെ നേരിട്ടുകാണാൻ സാധിക്കുന്നതു ഒരു മഹാഭാഗ്യമായി അവൻ കരുതി. അവൻ നേരത്തെ ടിക്കററെടുത്തു മുൻനിരയിൽതന്നെ സ്ഥാനംപിടിച്ചു.

നാടകം ആരംഭിച്ചു. നായികയായി സാമാന്യം ഭേദമായിട്ടു് അഭിനയിച്ച മോഹിനിക്കു് പലരും പാരിതോഷികങ്ങൾ നൽകി. നേരത്തെ കരുതിവച്ചിരുന്ന ഒരു വജ്രഹാരമാണു് ജോർജ്ജ് മോഹിനിക്കു സമ്മാനിച്ചതു്. അവളൊന്നു പുഞ്ചിരിച്ചു.

നാടകം കഴിഞ്ഞു ആളുകൾ ഓരോന്നായി പിരിഞ്ഞു. നായികയായി അഭിനയിച്ച മോഹിനിയെ ഒന്നു കണ്ടാൽകൊള്ളാമെന്നു ജോർജ്ജ് നാടകമാനേജരെ അറിയിച്ചു. അവർ പരസ്പരം കണ്ടു—ജോർജ്ജും മോഹിനിയും. ജോർജ്ജ് തന്റെ പ്രേമാഭ്യർത്ഥന ആ "സുരസുന്ദരി"യുടെ കാൽക്കൽ സമർപ്പിച്ചു. അവളതു സ്വീകരിക്കുകയുംചെയ്തു്. മററു നാടകസമിതിയംഗങ്ങൾ തിരിച്ചുപോയപ്പോൾ മോഹിനി ജോർജ്ജിന്റെ വീട്ടിലേക്കുപോയി. അവർ വിവാഹിതരായി.

ജോർജ്ജിനു് ജീവിതം വീണ്ടും ആനന്ദമയമായി. എവറസ്റ്റുകീഴടക്കിയ ടെൻസിംഗിന്റെ ചാരിതാർത്ഥ്യമാണവനനുഭവപ്പെട്ടതു്. തന്നെപ്പോലെ മററു പലരും ആഗ്രഹിച്ചിരിക്കാവുന്ന ആ "സൗന്ദര്യസാക്ഷാൽക്കാര"ത്തെ കൈക്കലാക്കാൻ സാധിച്ചതിൽ അവൻ ആത്മാർത്ഥമായും സന്തോഷിച്ചു. മോഹിനിയെ എങ്ങനേയും സന്തോഷിപ്പിക്കുക എന്നതായി അവന്റെ ഏകചിന്ത. അമ്മയെ മിക്കവാറും മറന്നു. മോഹിനിയും ജോർജ്ജും ഒരുമിച്ചു് എന്നും സിനിമയ്ക്കും ഉല്ലാസയാത്രയ്ക്കും പോകും. തിരിച്ചുവരുമ്പോഴേക്കും ആ നല്ല അമ്മ ഭക്ഷണവും പാകംചെയ്തു അവരെ നോക്കിയിരിക്കും. ഒരു ദിവസം ഉടുത്തൊരുങ്ങിപ്പോകാനിറങ്ങിയ മകനോടു് അന്നാമ്മച്ചേടത്തി പറഞ്ഞു: "എന്റെ മകനേ! നീ ഇങ്ങനെ തുടങ്ങിയാൽ എന്തനാ......? ഇവിടത്തെ കാര്യങ്ങളൊക്കെ അന്വേഷിക്കുന്നതാരാ. എന്നും സിനിമയ്ക്കും മാറും പോകാതെ വീട്ടുകാര്യങ്ങൾകൂടെ നോക്കണ്ടേ?"

"വരൂ, ജോർജ്ജ്" അല്പം ആലോചിച്ചുനിന്ന ജോർജ്ജിനെ മുമ്പോട്ടുകയറിനിന്നുകൊണ്ടു് മോഹിനി വിളിച്ചു. അവർ നടന്നകന്നു. അന്നാമ്മച്ചേടത്തി കണ്ണീർ പൊഴിച്ചു.

മോഹിനിയുടെ ധിക്കാരമായ പെരുമാററങ്ങൾ അന്നാമ്മച്ചേടത്തിയെ വേദനിപ്പിച്ചു. അവർ പലപ്പോഴും മകനോടു് പരാതിപ്പെട്ടു. പക്ഷെ ആരുകേൾക്കാൻ? അന്നാമ്മച്ചേടത്തി അവരുടെ ഇടയ്ക്കു ഒരു "രസംകൊല്ലി"യായി അനുഭവപ്പെട്ടു മോഹിനിയ്ക്കു്. അവൾ ഒരുദിവസം ജോർജ്ജിനോടു് പറഞ്ഞു: "ഈ മുതുമൂശാട്ടേക്കൊണ്ടു് തുലഞ്ഞു. ഒരിക്കലും ഒരു സ്വൈര്യമില്ല." വരാന്തയിൽനിന്ന അന്നാമ്മച്ചേടത്തി അതു കേട്ടു. സങ്കടംകൊണ്ടു് അവരുടെ ഹൃദയം തകർന്നു. വികാരാധീനയായ അവർ പറഞ്ഞു: "എന്തു് പറഞ്ഞെടീ ശൃംഗാരി, എന്നെക്കൊണ്ടു മടുത്തെങ്കിൽ എന്റെ മോളങ്ങു പൊയ്ക്കോ, ഇതെന്റെ വീടാണു്." മോഹിനി ഇരുന്നിടത്തുനിന്നും ചാടിയെണീററു കൺചില്ലികൾ വളച്ചു് ജോർജ്ജിനെ തെല്ലിട രൂക്ഷമായി നോക്കി. "ഒന്നുകിൽ ഞാൻ, അല്ലെങ്കിൽ ഈ മുതുമൂശാട്ട മി. ജോർജ്ജ് എന്തുപറയുന്നു; ഉം വേഗം വേണം" അവളുടെ അധരങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണുകളിൽ ദൃഢനിശ്ചയം നിഴലിച്ചു. ക്ഷുഭിതനായ ജോർജ്ജ് അന്നാമ്മച്ചേടത്തിയുടെ നേരെ നോക്കി ഗർജ്ജിച്ചു: "മര്യാദയ്ക്കു ജീവിക്കാൻ അറിഞ്ഞുകൂടെങ്കിൽ ഇവിടെനിന്നും ഇറങ്ങിക്കൊള്ളണം." അന്നാമ്മയുടെ മനസ്സിടിഞ്ഞു. ആശകൾ അസ്തമിച്ചു. തലചുററുന്നതുപോലെ തോന്നി. അവർ കരഞ്ഞുംകൊണ്ടു് അവിടെനിന്നും ഇറങ്ങിത്തിരിച്ചു, മകളുടെ വീട്ടിലേക്കു്.

പടിഇറങ്ങിപ്പോകുന്ന അന്നാമ്മച്ചേടത്തിയെക്കണ്ടു് മോഹിനി ഉററിച്ചിരിച്ചു. "മി. ജോർജ്ജ്, വരൂ, ചീട്ടുകളിക്കാം." അവർ മുറിയിലേക്കു് കയറിപ്പോയി.

"വിലപിച്ചുകൊണ്ടു കടന്നുപോകുന്ന ആ വിധവ"യുടെ ഏങ്ങലടിയുടെ താളത്തിനൊത്തു്; അടുത്ത തേന്മാവിൻതുഞ്ചത്തിരുന്ന നിലക്കുയിൽ ഏതോ ശോകഗാനത്തിന്റെ ദുരന്തരാഗങ്ങൾ നീട്ടി നീട്ടി പാടിക്കൊണ്ടിരുന്നു.

അന്നാമ്മച്ചേടത്തി ഇന്നു് ത്രേസ്യാമ്മയുടെ ഭവനത്തിൽ കഴിച്ചുകൂട്ടുകയാണു്. ജോർജ്ജിനെ ഓർത്തു് അവർ പലപ്പോഴും വിമ്മി വിമ്മി കരയാറുണ്ടു്. "ദൈവദാനങ്ങളെ നിരസിച്ചാൽ...ദൈവകോപം ഉണ്ടാകാനിടയുണ്ടു്" എന്ന വികാരിയച്ചന്റെ വാക്കുകൾ പലപ്പോഴും അവരുടെ മുമ്പിൽ ഓടിയെത്തും—അവർ കരയും—കയ്യോടുകൂടി.

—o—

തൈക്കാട്ട് മൂസ്സ് വക
**ഇ. ടി. എം. വൈദ്യശാല**
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
**ഡി. എ. മൂസ്സ് അവർകൾ**
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.

## വിനോദവീഥി



"നമ്മുടെ റേഡിയോക്കെന്തോ ഒരു "പറപ്പറ" ശബ്ദം. എന്താ വേണ്ടതു സാറെ?"

"അതേ, അഴിച്ചു് നിങ്ങളൊന്നു നേരെയാക്കണം. എന്നിട്ടു് ഞങ്ങടെ "റേഡിയോ റിപ്പേർ ഷോപ്പിലേക്കു്" വാരിപ്പൊതിഞ്ഞു കൊണ്ടുവന്നാ മതി, ങ്ങേ!"

# കുടുംബസമാധാന സംവിധാനം

(ഡി. ജോസഫ്, ഗ്രാമസേവക)

ലോകസമാധാനസ്ഥാപനത്തിനും, ആററംപരീക്ഷണങ്ങൾ ഉപേക്ഷിക്കുന്നതിനും ഉൽബോധിപ്പിക്കുന്ന നെടുനെടുങ്കൻ പ്രസംഗങ്ങൾ തട്ടിവിടുന്നതു ഇന്നെവിടേയും കേൾക്കാം. കുടിലിലും കൊട്ടാരത്തിലും ചായക്കടകളിലും വലിയ റെസ്റ്റോറണ്ടുകളിലും വിനോദസ്ഥലങ്ങളിലും, തൊഴിലാളിയും, മുതലാളിയും, വിദ്യാർത്ഥിയും, അദ്ധ്യാപകനും, വിവാഹിതനും, അവിവാഹിതനും ചർച്ചാവിഷയമാക്കുന്ന ഒന്നാണു ലോകസമാധാനം.

ലോകസമാധാനം! കേൾക്കുവാൻതന്നെ എത്രയോ ഇമ്പമുള്ള ഒരു പദമാണതു്. ജീവിതം സുഖസമ്പുഷ്ടമാക്കുന്നതിനു് സമാധാനം കൂടിയേ തീരൂ. നമുക്കോരോരുത്തർക്കും ഈ ലോകസമാധാനത്തിനുവേണ്ടി കുറച്ചൊക്കെ സംഭാവനചെയ്യുവാൻ സാധിക്കും. എന്താണതു്? കുടുംബസമാധാനസ്ഥാപനം. കുടുംബാധിഷ്ഠിതമാണു് സമുദായം. സമുദായത്തിൽ സമാധാനമുണ്ടാകണമെങ്കിൽ കുടുംബത്തിൽ സമാധാനമുണ്ടാകണം. വീട്ടിൽ കലഹിച്ചു കലികയറി ഇറങ്ങിപ്പോകുന്ന ഗൃഹനാഥൻ വെളിയിലിറങ്ങിയാൽ ഇന്നു സമാധാനപ്രേമിയായി, ഒരു സമാധാനപ്രഭാഷകനായി മാറുന്നതു കാണാം. എന്താണു ഫലം! സമാധാനപരമായ ജീവിതം പ്രവൃത്തിയിൽ കാണിക്കുവാനുള്ള കളരിയാണു കുടുംബം. അവിടെ സമാധാനം നിങ്ങൾക്കു സ്ഥാപിക്കുവാൻ സാധിച്ചില്ലെങ്കിൽ അപ്രാപ്യമായ ഒന്നിനെപ്പററി നിങ്ങൾ എത്രതന്നെ സംസാരിച്ചാലും ഫലമെന്തു്?

സമാധാനപരമായ കുടുംബജീവിതത്തിനു തടസ്സമായി പലരും പറയുന്നതു് പണത്തിന്റേയും ഭക്ഷണത്തിന്റേയും കുറവാണു് ഓരോ സെക്കൻറിലും നമ്മുടെ ജനസംഖ്യ വർദ്ധിച്ചുവരികയാണു്. ഇങ്ങനെ വർദ്ധമാനമായി വരുന്ന ജനങ്ങൾക്കു തിന്നുവാനും, കിടക്കുവാനും മററുമുള്ള സൗകര്യങ്ങൾ തൃപ്തികരമായി നൽകുവാൻ സാദ്ധ്യമല്ലാതാകുമെന്ന കാരണം പറഞ്ഞാണു് കുടുംബസംവിധാനം അല്ലെങ്കിൽ ജനനനിയന്ത്രണം എന്ന വിനാശകരമായ പദ്ധതി ചിലർ പ്രചരിപ്പിച്ചുവരുന്നതു്. ഇപ്പോഴുള്ള വസ്തുക്കൾകൊണ്ടു് ഒരു ക്ലിപ്തപരിധിവരെയുള്ള ജനങ്ങൾക്കേ ജീവിക്കുവാൻ സാധിക്കൂ, ജനസംഖ്യ അതിൽ കൂടുതലായാൽ ഇവിടെ ദാരിദ്ര്യവും, അസമാധാനവും ഉണ്ടാകും; അതാണവരുടെ വാദഗതി. നാം ജനിക്കുന്നതു് ഒരു വായോടുകൂടിയാണെങ്കിൽ ആ വായ് നിറയ്ക്കുവാൻ രണ്ടു കൈകളുംകൂടി ദൈവം നമുക്കു നൽകിയിട്ടുണ്ടു്.

പ്രവൃത്തിചെയ്യുവാനും, പണവും, ഭക്ഷണവും സമ്പാദിക്കുവാനും നമുക്കു സ്വാതന്ത്ര്യമുണ്ടു്. ഭക്ഷണത്തിന്റേയും ഭൂമിയുടേയും പരിമിതിയാണു് ഈ ദുർബോധനത്തിനു മൂണ്ടിക്കാണിക്കുന്ന കാരണമെങ്കിൽ ഒരു കാര്യം തീർത്തു പറയുവാൻ സാധിക്കും. അവരുടെ കണക്കു ശരിയല്ലെന്നു സമ്പത്ത്ശാസ്ത്രവിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. കൂടാതെ, സമാധാനമാണു നിങ്ങൾക്കു വേണ്ടതെങ്കിൽ അതിന്റെ മാനദണ്ഡം പണവും വസ്തുവും മാത്രമല്ല, മനുഷ്യൻ തമ്മിൽതമ്മിലുള്ള അനുരഞ്ജനമാണു്. വിട്ടുവീഴ്ചചെയ്യുന്നതിലും ക്ഷമിക്കുന്നതിലും, പരസ്പരധാരണയോടുകൂടി പ്രവർത്തിക്കുന്നതിലുമാണു് സമാധാനം നിലനില്ക്കുന്നതു്. ജനങ്ങളുടെ പരിമിതിയിലോ, തദ്വാരാ ലഭിക്കാമെന്നു ചിലർ ഉദ്ദേശിക്കുന്ന ആഹാരാദികാര്യങ്ങളിലുള്ള സുലഭതയിലോ അതു കണികാണുവാൻ കഴിയുകയില്ല. അതുകൊണ്ടു് കുടുംബസംവിധാനം കുടുംബസമാധാനസംവിധാനത്തിനു് ഒരു നിദാനമല്ലായെന്നു സിദ്ധിക്കുന്നു. കുടുംബസമാധാനം പിന്നെ എന്തിലാണു നിലനിൽക്കുന്നതു്?

കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരധാരണയിലും സ്നേഹത്തിലുമാണു് അതു നിലനിൽക്കുന്നതു്. വിവിധതരത്തിലുള്ള അനവധി കുടുംബങ്ങളുമായി സമ്പർക്കം പുലർത്തിവരുന്ന ഒരാൾ കുടുംബസമാധാനം എന്തിൽ നിലനിൽക്കുന്നുവെന്നു അപഗ്രഥിച്ചു നോക്കുമ്പോൾ മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരമാണു ലഭിക്കുക. നിങ്ങൾ ഒരു ഭർത്താവോ ഭാര്യയോ ആണെങ്കിൽ നിങ്ങളുടെ "കൂട്ടുകാരിയെ" അല്ലെങ്കിൽ "കൂട്ടുകാരനെ" സന്തോഷിപ്പിക്കുന്നതിൽ നിങ്ങൾ കൂടുതൽ ശ്രദ്ധചെലുത്തണം. ഭാര്യാഭർതൃബന്ധം ഉപരിപ്ലവാത്മകമല്ല, അന്തർനൈമ്മല്യാധിഷ്ഠിതമായിരിക്കണം. ഒരു ഭാര്യയായിരിക്കുന്ന സ്ത്രീ അവളുടെ കുടുംബജീവിതത്തിൽ ശോഭിക്കുന്നതിനു് ആദ്യമായി വേണ്ടതു് തന്റെ ഭർത്താവിനെ ഒന്നു "പഠി"ക്കുകയാണു്. അദ്ദേഹത്തിന്റെ ഇംഗിതങ്ങളും, താല്പര്യങ്ങളും, ചിട്ടകളും, രുചിയും, അരുചിയും, മനസ്സിലാക്കിവേണം അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ. അദ്ദേഹത്തോടു പെരുമാറുവാൻ. കറിക്കു് എരുവു് വളരെ കുറച്ചുമതി തന്റെ ഭർത്താവിനു് എന്നു മനസ്സിലാക്കിയിട്ടും അക്കാര്യത്തിൽ അശ്രദ്ധകാണിക്കുന്ന ഭാര്യക്കു ഭർത്താവിനെ സന്തോഷിപ്പിക്കുവാൻ കഴിയുമോ? പല യുവഭാര്യാഭർത്താക്കന്മാരിലും ചില സംശയങ്ങളും, ആശങ്കകളും തന്റെ പങ്കാളിയെപ്പററി മനസ്സിൽ തോന്നാറുണ്ടു്. അങ്ങിനെ സംശയങ്ങൾവച്ചു പുലർത്തിപ്പുലർത്തി അതു് ഒരു വലിയ കൊടുങ്കാററിൽ ചെന്നവസാനിക്കുന്നു. അങ്ങിനെയുള്ള കൊടുങ്കാററു് പല നാശങ്ങളും ചെയ്യുമെന്നൂഹിക്കാമല്ലൊ. പലതും നിങ്ങൾക്കു പരസ്പരം പറഞ്ഞു് സമാധാനമായി തീർക്കുവാൻ സാധിക്കും. തുറന്നു ചോദിക്കുക. തുറന്നു പറയുക. കുറെ വിട്ടുവീഴ്ചകൾ എല്ലാക്കാര്യത്തിലും അനിവാര്യമാണു്.

ഭാര്യക്കുമാത്രമേ കടമകളുള്ളുവെന്നു ഭർത്താവു വിചാരിക്കുന്നതു തെററാണു്. പ്രാപ്തിയും തന്റേടവുമുള്ള പുരുഷനാണു് താരതമ്യേന അബലയായ തന്റെ ഭാര്യക്കു ധൈര്യവും ആശയും സന്തോഷവും നൽകേണ്ടതു്. പുരുഷന്റെ പൗരുഷമെല്ലാം തന്റെ ഭാര്യയുടെ നേർക്കു പ്രയോഗിക്കാമെന്നു കരുതരുതു്. പൗരുഷത്തേക്കാൾ കൂടുതൽ സഹനവും ക്ഷമയും സ്നേഹവുമാണു് അവിടെ ആവശ്യം.

കുടുംബം എന്നു പറയുമ്പോൾ കുട്ടികളെ ഒഴിച്ചുനിറുത്തുവാൻ പാടില്ലല്ലോ. പല അമ്മമാരും പറയാറുണ്ടു് "അവൻ തിന്നാൻ മാത്രം കേറിവരും; അതു കഴിഞ്ഞാൽ ഉടൻ ഇറങ്ങിപ്പോകായി." കുറച്ചു പ്രായമായ മക്കൾ നിങ്ങൾക്കുണ്ടെങ്കിൽ ഒരു കാര്യം നിങ്ങൾ ശ്രദ്ധിക്കണം. ഹൃദയം തുറന്നു സംസാരിക്കാനും സന്തോഷിക്കുവാനുമുള്ള സാഹചര്യം യുവാക്കന്മാർ അന്വേഷിക്കുന്നെങ്കിൽ അവരെ തെററുപറയുവാനില്ല. വീട്ടിൽ കയറിവരുന്നതു് അവർക്കു ഒരു അരാജകത്വമായി തോന്നിക്കരുതു്. അവനു ചിരിക്കാനും കളിക്കാനും പാടാനും ഉല്ലസിക്കാനുമുള്ള സൗകര്യം കഴിയുന്നേടത്തോളം അവനു ചെയ്തുകൊടുക്കുക. നിങ്ങളുടെ കുടുംബബഡ്ജററു തയ്യാറാക്കി ദൈനംദിനപ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്ലാൻ ആസൂത്രണംചെയ്യുമ്പോൾ, അവനുകൂടി വഹിക്കാവുന്ന ഒരു ജോലി നീക്കിവയ്ക്കുക. അപ്പനും മക്കളും അമ്മയും തമ്മിലും പരസ്പരം മിണ്ടാതെ മുഖംവീർപ്പിച്ചു നടക്കുന്ന ചില ചുററുപാടുകൾ കാണാൻ കഴിഞ്ഞിട്ടുണ്ടു്. കാരണം അന്വേഷിച്ചാൽ വളരെ നിസ്സാരവുമായിരിക്കും.

ഒന്നാംക്ലാസിൽ പഠിക്കുന്ന കൊച്ചനുജത്തിയെ കുളിപ്പിച്ചു് തല പിന്നിയിട്ടു് മോടിപിടിപ്പിച്ചു് സ്കൂളിൽ പറഞ്ഞയക്കുന്ന കൊച്ചുചേച്ചിയും, ആഫീസിൽ പോകാനുള്ള ഭർത്താവിന്റെ ഷർട്ടിനു് ബട്ടണിട്ടുകൊടുത്തു സന്തോഷമായി അദ്ദേഹത്തെ യാത്രയാക്കുന്ന യുവഭാര്യയും, എല്ലാ അംഗങ്ങളും ഒരുമിച്ചു സായാഹ്നസവാരിക്കു പോകുന്ന കുടുംബവും എത്ര ഹൃദ്യമായ ജീവിതരംഗങ്ങളാണു് സൃഷ്ടിക്കുന്നതു്! കുടുംബജീവിതം എന്തുകൊണ്ടു് എല്ലാവർക്കും ഇതുപോലെ ആസ്വാദനീയമാക്കാൻ സാധിക്കുന്നില്ല?

ഇങ്ങനെയാണു കുടുംബജീവിതം സമാധാനപൂർണ്ണമാക്കുക. അതുകൊണ്ടു്, കുടുംബസമാധാനമാണു് ലോകസമാധാനത്തിന്റെ മുന്നോടിയായി നാം സൃഷ്ടിക്കേണ്ടതു്. ലോകസമാധാനം കുടുംബസംവിധാനംകൊണ്ടു് നമുക്കു ലഭ്യമല്ല. പ്രത്യുത കുടുംബസമാധാനസംവിധാനം സാക്ഷാല്ക്കരിക്കപ്പെടണം. അതിനു നല്ല മനസ്സും സ്നേഹമുള്ള ഹൃദയവും ദൈവവിശ്വാസാധിഷ്ഠിതമായ കുടുംബചര്യകളും കൂടിയേതീരൂ.

(11-ാംപേജ് തുടർച്ച)

തിയിൽ എത്തിക്കുന്നു. മരണംതന്നെയും അഭികാമ്യമായി തോന്നുന്നു."

നിമിഷങ്ങൾ അധികം കടന്നുപോകേണ്ടിവന്നില്ല. ഠെ! ഠെ! ആ ശബ്ദം അന്തരീക്ഷത്തെ മുഖരിതമാക്കി. അതോടൊപ്പം രണ്ടു മാംസപിണ്ഡങ്ങൾ നിലംപതിച്ചു. രണ്ടു പൈങ്കിളികൾ അവയുടെ കൂടുവിട്ടു് പറന്നുയന്നു, നിത്യാനന്ദവസതിയിൽ സോല്ലാസം വിശ്രമിക്കുവാൻ, ദൈവകാരുണ്യം എന്നെന്നും പാടിപ്പുകഴ്ത്തുവാൻ.

## പത്രാധിപർക്കുള്ള കത്തു്

സർ,

മുണ്ടശ്ശേരി വിദ്യാഭ്യാസബില്ലിന്റെ മലയാളപരിഭാഷ ഒരു ലഘുലേഖയായി അച്ചടിച്ചു വിതരണംചെയ്തിരുന്നെങ്കിൽ അതിനെ പരാമർശിച്ചു നടക്കുന്ന ആക്ഷേപങ്ങളുടെ യാഥാർത്ഥ്യം സാമാന്യക്കാർക്കുപോലും, പ്രതിഷേധയോഗങ്ങളിൽ സന്നിഹിതരായി പ്രസംഗങ്ങൾ കേൾക്കുന്നവർക്കു പ്രത്യേകിച്ചും, നല്ലവണ്ണം ബോദ്ധ്യപ്പെടുമായിരുന്നുവെങ്കിലും അതു് അടിച്ചു വിതരണം ചെയ്യാൻ ആരും ഉത്സാഹം കാണിക്കുന്നതായി അറിവിൽ പെട്ടിട്ടില്ല. ആ കുറവു പരിഹരിക്കാൻ ശ്രമിച്ചു നോക്കാമെന്നു കരുതി ഇവിടെ ഒരു സംഘക്കാർ അതു കുറെ അടിപ്പിച്ചു് ഒന്നുരണ്ടു പ്രതിഷേധയോഗസ്ഥലങ്ങളിലേക്കു കൊടുത്തയച്ചു. ചിലവായതുമാത്രം വിലവച്ചു അവ വിതരണം ചെയ്യാൻ നടത്തിയ ശ്രമം വിജയകരമായിക്കണ്ടു. അങ്ങനെ ഓരോ കേന്ദ്രത്തിലും ഉള്ള സംഘങ്ങളോ മറേറാ ബില്ലു് അടിപ്പിച്ചു് പ്രചരിപ്പിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കുമെന്നു പറയുന്നതോടുകൂടി ഇവിടെ അടിപ്പിച്ച വകയിൽ കുറെ കരുതിവച്ചിട്ടുണ്ടെന്നും, ഡസനു 10 നയയുടെ സ്റ്റാമ്പുവീതം അടക്കംചെയ്തു് "സെക്രട്ടറി, സേവാസംഘം, C/o വിൻസെൻഷ്യൻ ഹൗസ്, തോട്ടകം, വൈക്കം" എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതാണെന്നും അറിയിക്കാൻ സന്തോഷമുണ്ടു്.

ജെ. എൻ

—o—

ആദ്ധ്യാത്മികവിഥി

## വേദപ്രചാരം

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവസ്നേഹവും പരസ്നേഹവും നമ്മുടെ മതത്തെക്കുറിച്ചു മററുള്ളവരോടു സംസാരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ടെന്നു കഴിഞ്ഞ ലക്കങ്ങളിൽനിന്നു കണ്ടുവല്ലോ. ഇനി നമുക്കുതന്നെയും അതു എത്ര ഉപകാരപ്രദമായിരിക്കുമെന്നു നോക്കാം.

ഒന്നാമതുതന്നെ ദൈവികമായ വേലകളിൽ ഏററവും ദൈവികമായ മതപ്രചാരത്തിനായി ശ്രമിക്കുന്നതിന്റെ ഫലമായി പ്രസാദവരം നമ്മിൽ വർദ്ധിക്കുകയും കൂടുതൽ സ്വർഗ്ഗീയഭാഗ്യത്തിനു നാം അർഹരായിത്തീരുകയും ചെയ്യും. ഒരു സഹോദരനെ അയാളുടെ പാപമാർഗ്ഗത്തിൽനിന്നു തിരിക്കുന്നവൻ ആ പ്രവൃത്തിയാൽ തന്നെ സ്വന്തപാപങ്ങളിൽനിന്നു മോചിക്കപ്പെടുമെങ്കിൽ അജ്ഞാനാന്ധകാരത്തിൽ കഴിഞ്ഞുകൂടുന്ന ഒരാൾക്കു വിശ്വാസവെളിച്ചം കാണിച്ചുകൊടുക്കുന്നവനും അതൊരു പാപപരിഹാരമാർഗ്ഗമാകാതെയിരിക്കയില്ല.

കൂടാതെ മററുള്ളവരോടു നമ്മുടെ വിശ്വാസത്തെക്കുറിച്ചു സംസാരിക്കണമെന്നു നിശ്ചയിച്ചുകഴിയുമ്പോൾതന്നെ അതേക്കുറിച്ചു കൂടുതൽ പഠിക്കുന്നതിനും വിശ്വാസചൈതന്യത്തോടുകൂടി ജീവിക്കുന്നതിനും നാം പ്രേരിതരാകും. വിശ്വാസസത്യങ്ങൾ ഏവയെന്നും അവയുടെ അടിസ്ഥാനമെന്തെന്നും നല്ലവണ്ണം അറിഞ്ഞെങ്കിൽ മാത്രമേ മററുള്ളവരെ അവ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കയുള്ളൂ. അവർ ചോദിക്കുന്ന സംശയങ്ങൾക്കു സമാധാനം പറയുന്നതിനും അതു അത്യന്താപേക്ഷിതമാണു്. നാം പഠിപ്പിക്കുന്നതു നാം അഭ്യസിക്കുന്നില്ലെങ്കിൽ, മററുള്ളവർ വിശ്വസിക്കണമെന്നു നാം ഉപദേശിക്കുന്ന സംഗതികൾ നാംതന്നെ ദൃഢമായി വിശ്വസിക്കുന്നുണ്ടെന്നു നമ്മുടെ പ്രവൃത്തിയാൽ കാണിച്ചുകൊടുക്കുന്നില്ലെങ്കിൽ, നമ്മുടെ ഉപദേശംകൊണ്ടു ഒരുപകാരവും ഉണ്ടാകാൻ പോകുന്നില്ല.

അതിനാൽ അന്യജാതിക്കാർ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു് അവിടുത്തെ മഹത്വപ്പെടുത്തണമെന്നും നിത്യഭാഗ്യം പ്രാപിക്കണമെന്നും നാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മുടെ വിശ്വാസസത്യങ്ങളെപ്പററി നല്ലപോലെ പഠിക്കയും തദനുസരണം ജീവിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതു നമ്മുടെ പുണ്യവർദ്ധനവിനും ഉന്നതമായ സ്വർഗ്ഗീയഭാഗ്യത്തിനും വഴിതെളിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

എങ്ങനെ നോക്കിയാലും വേദപ്രചാരാത്ഥമുള്ള നമ്മുടെ പരിശ്രമം മററുള്ളവർക്കും നമുക്കുതന്നേയും ഏററവും ഉപകാരപ്രദമാണെന്നു കാണാവുന്നതാകയാൽ അതിനായി പ്രത്യേകം മനസ്സുവയ്ക്കണമെന്നു ഉദ്ബോധിപ്പിക്കുകയാണു്.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

## അൽമായർക്കുവേണ്ടി റോമിൽ ഒരു പുതിയ ത്രൈമാസികം

ദൈവശാസ്ത്രസിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി അൽമായജനത്തിനു ആധുനിക വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനു റോമിൽ ഒരു പുതിയ മാസിക പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനജീവിതപരം, ധാർമ്മികം, നിയമപരം, രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസപരം, സാംസ്കാരികം എന്നിങ്ങനെ വിവിധവിഷയങ്ങളെപ്പററി അതിൽ പ്രതിപാദിക്കുന്നതാണു്. തനി തത്വശാസ്ത്രപരമോ ദൈവശാസ്ത്രപരമോ ആയ പ്രശ്നങ്ങളെ അതു പ്രതിപാദിക്കുന്നതല്ല. റോമൻ കൂരിയായിയിലും ഇററാലിയൻ ശാസ്ത്രലോകത്തിലും പ്രമുഖരായ വ്യക്തികളാണു് അതിന്റെ പത്രാധിപസമിതിയിൽ പെടുന്നതു്.

## ഘാനായിലെ ജാതിത്തലവൻ ജ്ഞാനസ്നാനപ്പെട്ടു

ഘാനായിലെ ഡെർഡോക്കോപ്പ് വില്ലേജിലെ ജാതിത്തലവനായ ക്വാമി വിഗ്ബെസോർ മൂന്നാമൻ അദ്ദേഹത്തിന്റെ 101-ാമത്തെ വയസ്സിൽ ക്രിസ്തുമതം അവലംബിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്നു. "നല്ല സമറിയാക്കാര"ന്റെ ആശുപത്രിയിൽ വച്ചു് ഒരു ആഫ്റിക്കൻ ഇടവക വൈദികനായ ഫാദർ റോഡൾഫ് ക്രാജിക്കു് അവർകളാണു് ജ്ഞാനസ്നാനകർമ്മം നടത്തിയതു്. ശതാബ്ദം പൂർത്തിയാക്കിയ അനുഗൃഹീതനായ ക്വാമി അവർകൾക്കു പ്രായാധിക്യംമൂലം നടക്കുവാൻ സ്വാധീനമില്ല. ജ്ഞാനസ്നാനാവസരത്തിൽ ഒരു ഡോക്ടറുടെ സഹായത്തോടുകൂടിയാണു് അദ്ദേഹം അതിൽ സംബന്ധിച്ചതു്. അദ്ദേഹം ജൊവാക്കിം എന്ന പേരാണു് സ്വീകരിച്ചിരിക്കുന്നതു്.

—o—




ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവർക്സ്

തൃശ്ശൂർ

(2-ാംപേജ് തുടർച്ച)

മെന്നുമുള്ളതാണു്. വേദപുസ്തകം ദൈവനിവേശിതഗ്രന്ഥങ്ങളുടെ ഒരു സമാഹാരമാണല്ലോ. അതിൽ പ്രമാദങ്ങൾ കടന്നുകൂടിയിട്ടില്ലായെന്നുള്ളതിനു് ഒരു ഉറപ്പാണു വൈദികാനുമതി ബൈബിൾ ഏതു പ്രസിദ്ധീകരണശാലക്കാർക്കും ഇഷ്ടംപോലെ പ്രസിദ്ധപ്പെടുത്താമെന്നു വന്നാൽ, അവർ മനഃപൂർവ്വമായോ അല്ലാതെയോ ഏതെങ്കിലും ഭാഗം വിട്ടുകളയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നപക്ഷം, സാമാന്യവായനക്കാർക്കു ആ തെറ്റു മനസ്സിലാക്കുന്നതിനു സാധിക്കുകയില്ല; എന്നു മാത്രമല്ല, അവർ വഴിതെറ്റിപ്പോകുന്നതിനു ഇടയുമുണ്ടു്. അതുകൊണ്ടാണു് വൈദികാനുമതിയില്ലാത്ത പ്രോട്ടസ്റ്റൻറു് വേദപുസ്തകം വായിക്കരുതെന്നു കത്തോലിക്കാസഭ തടംഗങ്ങളെ ഗുണദോഷിക്കുന്നതു്.

141. ചോ: ശീശ്മ എന്താണു്? ശീശ്മയ്ക്കുള്ള കാരണങ്ങൾ ഏതൊക്കെയാകുന്നു?

(ജെ. എം. പാലയൂർ)

ഉ: യാതൊരു വിശ്വാസസത്യത്തെയും പ്രത്യേകമായി നിഷേധിക്കാതെ, ഈശോമിശിഹായുടെ സഭയിൽനിന്നു്—അതായതു് തങ്ങളുടെ നിയമാനുസൃതരായ ഇടയന്മാരിൽനിന്നു്—മനഃപൂർവ്വംവേർപിരിഞ്ഞുപോകുന്ന ക്രിസ്ത്യാനികളെയാണു ശീശ്മക്കാർ എന്നു പറയുന്നതു്. (ഏതെങ്കിലും വിശ്വാസസത്യത്തെ നിഷേധിക്കുകയോ, സ്വീകരിക്കുവാൻ വിസമ്മതിക്കുകയോ ചെയ്യുന്നവരെ ഇടത്തുട്ടകാർ, മതത്യാഗികൾ എന്നെല്ലാം പറയുന്നു) "സഭയുടെ ഐക്യത്തിൽനിന്നു പൂർണ്ണസമ്മതത്തോടും മനഃപൂർവ്വമായും തങ്ങളെത്തന്നെ വേർപെടുത്തിക്കളയുന്ന വരാണു് ശീശ്മക്കാർ" എന്നാണു വിശുദ്ധ തോമസ് അക്വിനാസ് പ്രസ്താവിച്ചിരിക്കുന്നതു്.

ആകയാൽ മാർപ്പാപ്പാ തിരുമേനിക്കു വിധേയനായിരിക്കുവാൻ വിസമ്മതിക്കുകയോ, മാർപ്പാപ്പാക്കു വിധേയമായ സഭയിലെ അംഗങ്ങളോടു സംസർഗ്ഗത്തിലേർപ്പെടാൻ സമ്മതിക്കാതിരിക്കുകയോ ചെയ്യുന്നവർ ശീശ്മയിൽ ഉൾപ്പെടുന്നു. ഉദാഹരണമായി പള്ളിക്കു കൊടുക്കേണ്ട ഭോഗങ്ങൾ കൊടുക്കാതിരിക്കുന്നതിനുവേണ്ടി സഭവിട്ടുപോകുന്നവൻ ശീശ്മക്കാരനാണു്. ശീശ്മക്കാർ ഇടത്തൂടിൽ പതിക്കുന്നില്ലെങ്കിൽ, അവരുടേതു അനുസരണത്തിനും ഉപവിക്കും എതിരായ ഒരു പാപം മാത്രമേ ആകുന്നുള്ളു. ശീശ്മക്കാർ അവരുടെ പാപത്തിൽ ഉറച്ചുനില്ക്കുന്നപക്ഷം അവർക്കു ക്രിസ്തീയശവസംസ്കാരം നൽകപ്പെടുന്നതല്ല.

ഇംഗ്ലണ്ടിലെ എട്ടാം ഹെൻറി രാജാവു 1534-ൽ ആംഗ്ലേയസഭയുടെ പരമാധികാരി മാർപ്പാപ്പാ അല്ല, ഇംഗ്ലണ്ടിലെ രാജാവാണു് എന്നു സിദ്ധാന്തിച്ചപ്പോൾ ശീശ്മയിൽ പെടുകയാണു ചെയ്തതു്. പക്ഷെ പിന്നീടു ക്രിസ്തീയവിശ്വാസസത്യങ്ങളെ നിഷേധിക്കുകയും, അതിനെതിരായി പ്രവർത്തിക്കുകയും ചെയ്തപ്പോൾ ഇടത്തൂട്ടിൽ പെട്ടു. കൂനൻകുരിശു സത്യംവഴി, ന്യായമായ മെത്രാന്റെ അധികാരത്തിൽനിന്നു വേർപെട്ടുപോയ കേരളത്തിലെ പുത്തൻകൂർസമുദായം ശീശ്മയിൽ പതിക്കുകയാണു ചെയ്തതു്. പിൽക്കാലത്തു യാക്കോബായവിശ്വാസം സ്വീകരിച്ചതോടുകൂടി അവർ ഇടത്തൂട്ടുകാരുമായി. ശീശ്മക്കാർ അതിൽ ഉറച്ചുനില്ക്കുന്നപക്ഷം ക്രമേണ ഇടത്തൂട്ടിൽ പതിക്കുന്നതായിട്ടാണു് ചരിത്രം സാക്ഷിക്കുന്നതു്.

142. ചോ: നാം ചെയ്യുന്ന തെറ്റുകൾക്കു പരിഹാരമായി ദൈവത്തോടു മാപ്പിരന്നാൽ പോരെയോ? പിന്നെ എന്തിനാണു നാം ചെയ്യുന്ന തെറ്റുകൾ പുരോഹിതന്റെ അടുക്കൽ ഏറ്റുപറയുന്നതു്? (ജെ. മൂവാററുപുഴ)

ഉ: നാം ചെയ്യുന്ന തെറ്റുകൾ—പാപങ്ങൾ—അനന്തനന്മയായ ദൈവത്തോടു ചെയ്യുന്ന ദ്രോഹങ്ങളാണല്ലോ. ഒരു തെറ്റു ചെയ്താൽ, ആരോടു തെറ്റു ചെയ്യപ്പെട്ടുവോ, ആ ആൾ ആ തെറ്റു ക്ഷമിക്കാത്ത കാലത്തോളം നാം ആ തെറ്റിൽതന്നെ നിലകൊള്ളുകയാണു ചെയ്യുന്നതു്. തെറ്റു് എങ്ങനെയാണു ക്ഷമിക്കേണ്ടതെന്നു തീരുമാനിക്കേണ്ടതു് ആരോടു തെറ്റു ചെയ്യപ്പെട്ടുവോ ആ ആളാണു്. നാം ചെയ്യുന്ന തെറ്റു് ദൈവത്തോടു ചെയ്യുന്ന ദ്രോഹമാകുകയാൽ, അതു ക്ഷമിക്കേണ്ടതെങ്ങനെയെന്നു നിശ്ചയിക്കേണ്ടതു നാമല്ലാ, പ്രത്യുത ദൈവമാകുന്നു.

തെറ്റുകൾക്കു മാപ്പിരന്നാൽ മതിയെന്നു ദൈവം നിശ്ചയിച്ചാൽ, നമ്മുടെ തെറ്റുകൾക്കു നമ്മുടെ മാപ്പിരക്കൽതന്നെ പരിഹാരമാകുന്നതാണു്. പക്ഷെ തെറ്റുകൾക്കു പരിഹാരമായി മാപ്പിരന്നാൽമാത്രം മതിയെന്നു ദൈവം അനുശാസിച്ചിട്ടില്ല. കേവലമായ മാപ്പിരക്കൽകൊണ്ടു ആരുടെയെങ്കിലും തെറ്റുകൾ ക്ഷമിക്കുകയെന്നതു ദൈവത്തിന്റെ പരിപൂർണ്ണസ്വാതന്ത്ര്യത്തിൽ പെട്ടതാകുന്നു. പക്ഷെ ആ ഒരു മാർഗ്ഗമല്ല അവിടുന്നു നമുക്കായി നിശ്ചയിച്ചിരിക്കുന്നതു്.

പാപങ്ങളുടെ മോചനത്തെപ്പററി അവിടുന്നു, ക്രിസ്തു, പഠിപ്പിച്ചിട്ടുള്ളതിങ്ങനെയാണു്: "ഞാനോ സത്യമായിട്ടു നിങ്ങളോടു പറയുന്നു, നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും (മത്തായി 18, 18) "നിങ്ങൾ ആരുടെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവനു മോചിക്കപ്പെടും. എന്നാൽ ആരുടേതെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (യോഹ X 23). പാപമോചനം സംബന്ധിച്ചു് ദൈവം (ക്രിസ്തു) ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥ ഇതാണു്.

പാപങ്ങൾ മോചിക്കാൻ ദൈവത്തോടു മാപ്പിരന്നാൽമതി എന്നു അവിടുന്നു പറഞ്ഞിരുന്നുവെങ്കിൽ അതുമാത്രം മതിയാകുമായിരുന്നു. പക്ഷെ പാപങ്ങൾ മോചിക്കാനും മോചിക്കാതിരിക്കാനുമുള്ള അധികാരം അവിടുന്നു തന്റെ വത്സലശിഷ്യന്മാരെ ഏല്പിക്കുകയാണു ചെയ്തിരിക്കുന്നതു്. അവർ ഈ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കുമെങ്കിൽ — എന്നാണല്ലോ ദൈവമായ ക്രിസ്തു കല്പിച്ചിരിക്കുന്നതു്—നാം ചെയ്യുന്ന തെറ്റുകളെല്ലാം അവരുടെ പക്കൽ, അവരുടെ നിയമാനുസൃതപിൻഗാമികളായ പുരോഹിതരുടെ പക്കൽ, ഏറ്റുപറയേണ്ടതു് അനുപേക്ഷണീയമാണെന്നു വ്യക്തമാണല്ലോ. ഏററുപറയാതെ അവർ എങ്ങനെ കെട്ടുകയോ അഴിക്കുകയോ ചെയ്യും?

സംഭവകഥ

# അധഃപ്പതനവും ഉത്ഥാനവും

(ബ്രദർ കെ. വി. വർഗ്ഗീസ്)

കോസ്റ്റോക്കുനഗരം നറുംപാൽചന്ദ്രികയിൽ പുഞ്ചിരിതൂകി. ഉദ്ദേശം ഒരുലക്ഷം ജനം തിങ്ങിപ്പാർക്കുന്ന ആ പട്ടണത്തിലെ ആർഭാടം ഇനിയും നിലച്ചിട്ടില്ല. വിശ്രുതമായ ഈ ഇരുമ്പുവ്യവസായകേന്ദ്രത്തെ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ രക്തപ്പുഴയായി രൂപാന്തരപ്പെടുത്തി. ആ സംഭവത്തിനുശേഷം ഇപ്പോൾ മാസങ്ങൾ പലതുകഴിഞ്ഞു. എങ്കിലും നിണപ്രവാഹം ഒന്നിനൊന്നു ശക്തിപ്പെട്ടുവരികയാണു്. ചെമ്പടയുടെ നാകീയകൂത്താട്ടത്തിനു സാക്ഷ്യംവഹിച്ചുകൊണ്ടു് പട്ടണാതിർത്തിയിൽ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നു ഒരു ദേവാലയം! അയ്യായിരത്തോളം അംഗങ്ങളുള്ള ഒരു കമ്മ്യൂണിസ്റ്റ് യുവജനസംഘടന സ്ഥാപിച്ചു് ആമൂർനദീതീരം ഒരു സോവ്യററു് സങ്കേതമാക്കിയിരിക്കുകയാണു്. വിപ്ലവം ഇങ്ങനെ നരച്ചുപതഞ്ഞു കവിഞ്ഞൊഴുകുന്ന കാലഘട്ടത്തിലാണു് കോസ്റ്റോസ്കിൽ ഈ സംഭവം നടക്കുന്നതു്.

x x x

പൂനിലാവണിഞ്ഞ ആ നിശീഥിനിയുടെ പത്താംയാമത്തിലും ആ പട്ടണദേവാലയത്തിൽ പ്രാർത്ഥനാനിരതനായി ആരോ നില്ക്കുന്നു. ആരായിരിക്കാം അതു്? പതിന്നാലുവയസ്സുള്ള ഒരു ബാലൻ. പേരു് അലക്സാണ്ട്റോനോവിച്ചു്. അവൻ പരിശുദ്ധ കന്യകമറിയത്തോടു പ്രാർത്ഥിക്കുകയായിരുന്നു. അവൻ പ്രാർത്ഥനകഴിഞ്ഞു് വീട്ടിലേക്കു മടങ്ങുവാൻതുടങ്ങി. അപ്പോൾ അതാ വേറൊരാൾ. അലക്സാണ്ട്റോയുടെ ആത്മമിത്രം; യെഹാനോ! ഈ അസമയത്തു് ഇവനും എന്തിനായിരിക്കും വന്നതു്? ഒരുപക്ഷെ അവനും പ്രാർത്ഥിക്കാനായിരിക്കാം. അതെ പ്രാർത്ഥിക്കുവാൻതന്നെ; കമ്മ്യൂണിസ്റ്റ്കാരുടെ മാനസാന്തരത്തിനുവേണ്ടി സ്വർഗ്ഗരാജ്ഞിയോടു പ്രാർത്ഥിക്കുവാൻ.

കമ്മ്യൂണിസ്റ്റ്കെണിയിൽ പെടാതെ, ആ വിപ്ലവകാലത്തും, ആദ്ധ്യാത്മികജീവിതം നയിക്കുന്ന രണ്ടു യുവത്തിടമ്പുകളാണു് ആ സുഹൃത്തുക്കൾ. ശിശുപ്രായംമുതൽ അവർ പരിചിതരാണു്, സ്നേഹിതരാണു്. ഉയിരൊന്നു്, ഉടൽ രണ്ടു്; ഇങ്ങനെയാണവരുടെ ജീവിതം. മാതൃകാജീവിതത്തിന്റെ മണിദീപങ്ങളാണവർ. മരിയഭക്തിയിൽ അദ്വിതീയർ. ദിവസവും അവർ പ്രാർത്ഥിക്കും, കമ്മ്യൂണിസ്റ്റുകാരുടെ മാനസാന്തരത്തിനു്. എന്തിനധികം! സ്നേഹശൃംഖലയാൽ ബന്ധിക്കപ്പെട്ട ആ നിഷ്കളങ്കഹൃദയങ്ങൾ കമ്മ്യൂണിസത്തിന്റെ അറിയപ്പെടാത്ത ശത്രുക്കളാണു്.

x x x

അങ്ങനെ കാലചക്രം പല ഊഴം ചുററിക്കറങ്ങി. ദിനരാത്രങ്ങളും ആഴ്ചകളും മാസങ്ങളും കൊല്ലങ്ങളും ഒന്നൊന്നായി കടന്നുപോയി. അലക്സാണ്ട്റോവിച്ചും യെഹാനോയും തമ്മിൽ പിരിഞ്ഞു. അലക്സാണ്ട്റോവിച്ചു് വൈദികപഠനം നടത്തുകയാണു്. എന്നാൽ യെഹാനോ! കാലചക്രഭ്രമണത്തിൽ അഹങ്കാരത്തിന്റെ കരാളവക്ത്രത്തിലമർന്നു. ജീവിതം വികൃതമായി. വിപ്ലവത്തിന്റെ അടിയൊഴുക്കു അവനെ വിപ്ലവസാഗരത്തിലേക്കു തള്ളിവിട്ടു. ആ യുവകേസരി കമ്മ്യൂണിസ്റ്റു ചേരിയിൽ പേരുകൊടുത്തു ചെമ്പടയിലെ ഒരു യോദ്ധാവായി; ഒരുവിഭാഗം പട്ടാളത്തിന്റെ സൈന്യാധിപനുമായി.

വിപ്ലവം കൊടുമ്പിരിക്കൊണ്ടു ആയിരക്കണക്കിനു സുകൃതികൾ പീരങ്കികളുടെ മുൻപിൽ പിടഞ്ഞെരിഞ്ഞുപോയി. രക്തം തളംകെട്ടി ഒഴുകുവാൻതുടങ്ങി. സർവ്വത്ര ഭീകരത! ആരേയും വിറപ്പിക്കുന്ന ചുററുപാടുകൾ! ചീറിവരുന്ന ഉണ്ടകൾക്കുമുൻപിൽ ആഹുതി ചെയ്യപ്പെടാതെ വിശ്വാസം സംരക്ഷിക്കുക സാദ്ധ്യമല്ലെന്നായി. അനേകം വൈദികരും സന്യാസിസന്യാസിനികളും വിശ്വാസചൈതന്യം തുളുമ്പുന്ന അൽമായരും ആബാലവൃദ്ധം തങ്ങളുടെ വിശ്വാസത്തിനുവേണ്ടി ബലിവസ്തുക്കളായി

അതാ! അവിടെയൊരു രംഗം! കുറെ കമ്മ്യൂണിസ്റ്റ്ഭടന്മാർകൂടി ഒരു വൈദികവിദ്യാർത്ഥിയെ അടിച്ചും ഇടിച്ചും അവരുടെ സൈന്യാധിപനായ യെഹാനോയുടെ മുൻപിലേക്കു കൊണ്ടുവരുന്നു. ആ വൈദികവിദ്യാർത്ഥിയെ കണ്ടമാത്രയിൽ യെഹാനൊ ഒന്നു ഞെട്ടി. എങ്കിലും അയാൾ സഗൗരവം ചോദിച്ചു: "നിന്റെ വിശ്വാസം പരിത്യജിക്കുവാൻ കരുതുന്നുവോ?"

"ഇല്ല" ശാന്തമായി ആ യുവാവു പ്രതിവചിച്ചു.

ആ സ്വരം സൈന്യാധിപനെ ചിന്താമഗ്നനാക്കി. പെട്ടെന്നു അയാൾ ചോദിച്ചു: "പേരെന്താണു്?"

പൂർവ്വാധികം ശാന്തതയിൽ ആ വൈദികവിദ്യാർത്ഥി പ്രതിവചിച്ചു: "അലക്സാണ്ട്റോവിച്ചു്."

"കോസ്റ്റോക്കു് പട്ടണത്തിലാണോ വീടു്?" ജിജ്ഞാസുവായിത്തീർന്ന സൈന്യാധിപൻ തുടർന്നു.

"അതെ."

"അതെ" എന്ന ആ രണ്ടക്ഷരം വെടിയുണ്ടപോലെ അയാളുടെ ഹൃദയത്തിൽ പതിച്ചു. കർത്തവ്യമെന്തെന്നു ചിന്തിക്കുവാൻ അപ്രാപ്തനായി അയാൾ. ആ വാക്കുകളുടെ ശ്രവണമാത്രയിൽ തൊണ്ടയിടറി, ദേഹം വിറച്ചു കരചരണങ്ങൾ തളർന്നു. നേരെ നില്ക്കുവാൻ ശക്തിയില്ലാതെ അടുത്തുകിടന്ന കസേരയിൽ ഇരുന്നു. മുൻപിൽ കിടന്നിരുന്ന മേശയിന്മേൽ തലചായിച്ചു് മോഹാലസ്യപ്പെട്ട കിടപ്പായി. ക്ഷണനേരം യെഹാനൊ വിയർപ്പിൽ കുളിച്ചു! ഭടന്മാർ പരിഭ്രാന്തരായി. ഒരു ഭടൻ ഉടനെ കുറെ വെള്ളം കൊണ്ടുവന്നു് മുഖത്തു ശക്തിയായി എറിഞ്ഞു. നാലഞ്ചു വിനാഴികകൾ അങ്ങനെ കടന്നുപോയി. യെഹാനോ സാവധാനത്തിൽ കണ്ണുതുറന്നു. ഉടനെ കസേരയിൽനിന്നു് ചാടിയെഴുന്നേററു് വൈദികവിദ്യാർത്ഥിയുടെ പാദങ്ങളിൽ പ്രണമിച്ചു് ഒരു ശിശുവിനെപ്പോലെ ഏങ്ങിക്കരഞ്ഞു ആ പുരോഹിതവിദ്യാർത്ഥി സസ്നേഹം യെഹാനോയെ പിടിച്ചെഴുന്നേല്പിച്ചു. അത്ഭുതപരിതനായി നില്ക്കുന്ന വൈദികവിദ്യാർത്ഥിയെ നോക്കി കണ്ണുനീർ തുടച്ചുകൊണ്ടു് ആ സൈന്യമേധാവി പറയുകയാണു്: "അങ്ങേ പഴയ സുഹൃത്തു്—ബാല്യകാലമിത്രം—ഒരിക്കലും പിരിയാത്ത സ്നേഹിതൻ —യെഹാനോയാണു് ഞാൻ. എന്റെ അലക്സാണ്ട്റോ! അങ്ങേക്കെതിരായി നീട്ടുവാൻ, അനേകായിരങ്ങളെ ആഹുതിചെയ്ത എന്റെ ഈ തോക്കിനു് ശക്തിയില്ല. ഇല്ല! ഇനി ഞാൻ ആരേയും കൊല്ലുകയില്ല. ഇതാ, അങ്ങയോടൊപ്പം......"

വാചകം മുഴുവനാക്കുവാൻ സാധിച്ചില്ല; പട്ടാളക്കാർ തങ്ങളുടെ സൈന്യാധിപനെ വിലങ്ങുവച്ചുകഴിഞ്ഞു. അവരിരുവരും സർവ്വസൈന്യാധിപന്റെ മുൻപിൽ ഹാജരാക്കപ്പെട്ടു. അനുതാപകണ്ണുനീർ ചൊരിഞ്ഞുകൊണ്ടു് യെഹാനൊ മരണത്തിനു തയ്യാറാവുകയാണു്.

"മരണത്തിനു മുൻപു് അവസാനമായി വല്ലതും പറയാനുണ്ടോ?" സർവ്വസൈന്യാധിപന്റെ ക്രൂരമായ സ്വരം ഉയർന്നു.

യെഹാനോ പറഞ്ഞു: "ഉണ്ടു്. പറയാനുണ്ടു്. ഈ വൈദികസുഹൃത്തിനോടു് അല്പം സംസാരിക്കാനുണ്ടു്. അതിനു് സമയം സമയം അനുവദിക്കണം."

പശ്ചാത്താപത്താൽ ആ കമ്മ്യൂണിസ്റ്റ്യുവാവിന്റെ കണ്ണുനീർ ചിറപൊട്ടി ഒഴുകിയിരുന്നു. വൈദികവിദ്യാർത്ഥിയുടെ നേരെ ദയനീയമായി നോക്കിക്കൊണ്ടു് അയാൾ വിലപിച്ചു: "ഹാ! സ്നേഹിതാ! ഞാൻ പാപിയാണു്. എന്റെ കണ്ണുനീർപ്രവാഹം എന്റെ പാപമാലിന്യങ്ങളെ കഴുകിക്കളഞ്ഞെങ്കിൽ! എത്രയെത്ര മനുഷ്യരെയാണു് ഞാൻ നിർദ്ദയം കൊന്നൊടുക്കിയതു്. എത്രയെത്ര വൈദികരുടേയും കന്യാസ്ത്രീകളുടേയും വിശ്വാസസംരക്ഷകരുടേയും ജീവരക്തംകൊണ്ടു് കറപുരണ്ടതല്ലേ ഈ കരങ്ങൾ! സ്നേഹിതാ! എന്റെ അപരാധങ്ങൾ ദൈവം ക്ഷമിക്കുമോ? എന്റെ പാപങ്ങൾ ക്ഷന്തവ്യങ്ങളാണോ?

അലക്സാണ്ട്റോയുടെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. അദ്ദേഹം പറഞ്ഞു: "സഹോദരാ! ഭയപ്പെടേണ്ട. നല്ല കള്ളന്റെ തെററുകൾ ക്ഷമിച്ച ആ കാരുണ്യമൂർത്തി, അനുതാപത്താൽ എരിയുന്ന നിങ്ങളുടെ തെററുകളേയും ക്ഷമിക്കാതിരിക്കുകയില്ല. ആ പരമകാരുണികന്റെ ദയയുടെ ആഴം, സഹോദരാ, തീർച്ചയായും നിങ്ങൾ അനുഭവിച്ചറിയും. നിങ്ങളുടെ പശ്ചാത്താപത്തിന്റെ പ്രതിഫലം വാങ്ങുവാൻ ഒരുങ്ങിക്കൊള്ളുക."

അഭൗമികമായ ഒരു നവശക്തി പ്രാപിച്ചു്, ആ യുവാവു സംസാരിക്കുവാൻ തുടങ്ങി: "സഹോദരാ, അങ്ങയുടെ വാക്കുകൾ എനിക്കു ആശ്വാസം നൽകുന്നു. സമാധാനത്തിന്റെ കുളിർകാററു് എന്റെ ഹൃദയത്തെ ആനന്ദനിർവൃ

(ശേഷം 10-ാംപേജിൽ)



Wednesday
August 21
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 2

# ബാലരംഗം



വി. ബ്രിജീത്താ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കർത്തവ്യനിർവ്വഹണം ബ്രിജീത്താമ്മയുടെ ഏററവും പ്രധാനപ്പെട്ട ജീവിതമുറയായിരുന്നു. എന്തുതന്നെ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നാലും, അപകടങ്ങൾ നേരിട്ടാലും ബ്രിജീത്താമ്മ അവയെ ഗണ്യമാക്കിയിരുന്നില്ല; ആരുടേയും പ്രേരണകളോ, പ്രലോഭനങ്ങളോ ആ നിശ്ചയദാർഢ്യത്തിനെതിരെ വിലപ്പോകുമായിരുന്നില്ല. മഹൽകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു വിശുദ്ധന്മാർക്കു സാധിച്ചിട്ടുള്ളതിന്റെ ഒരു കാരണമിതാണ്. അവർ ദൈവേഷ്ടത്തിനു സ്വയം പൂർണ്ണമായി അർപ്പിക്കുന്നു. ഒരുകാര്യം ദൈവാഭിലാഷമാണെന്നു മനസ്സിലാക്കിയാൽ അതു നിർവ്വഹിക്കേണ്ടതു അവരുടെ അപ്രതിരോധ്യമായ കടമയായി അവർ കരുതുന്നു. ദൈവസഹായത്തിൽ അവർ പൂർണ്ണമായി വിശ്വസിക്കുന്നു. അതു ചെയ്യുന്നതിനു അവർ ഇറങ്ങിപ്പുറപ്പെടുന്നു. നേരെമറിച്ച് അല്പവിശ്വാസി ദൈവഹിതം മനസ്സിലാക്കിയാലും, അവന്റെ കർത്തവ്യം ശരിയായി ബോധ്യപ്പെട്ടാലും വിഷമകരമായ പ്രതിബന്ധങ്ങളുടെ മുമ്പിൽ അവയെ നേരിടുന്നതിനു ധൈര്യമില്ലാത്തവനായി പരിണമിക്കുന്നു. അവൻ ഭയചകിതനാവുന്നു. ദൈവസഹായത്തിലുള്ള വിശ്വാസം അവനെ ശക്തിപ്പെടുത്തുന്നില്ല. എങ്കിലും അവന്റെ ദുർബലതയെ സമ്മതിക്കാൻ അവൻ തയാറില്ല ലോകത്തിന്റെ മുമ്പിൽ അവനു മാന്യനാകണം അതിനുവേണ്ടി അവന്റെ അധൈര്യത്തെ വിവേകമായി വ്യാഖ്യാനിക്കുവാനും അവന്റെ കാപട്യത്തെ വെള്ളയടിക്കാനും തുടങ്ങും. മാത്രമല്ല, ദൈവഹിതം നിറവേറുന്നതിൽ ധീരതയോടുകൂടി പ്രവർത്തിക്കുന്നവരെ കുററപ്പെടുത്താനും അക്രൂട്ടർ മടിക്കുകയില്ല. ഈ ദുഷിച്ച പ്രവണത വളരെ സാധാരണയായി നാം കണ്ടുവരുന്ന ഒന്നാണ്. അതുകൊണ്ട് നാം ഒന്നു സ്വയം ആത്മശോധന ചെയ്യണം, "എന്നിൽ ഈ മനോഭാവം വേരെടുത്തിട്ടുണ്ടോ?" എന്ന്. നമ്മുടെ ആദ്ധ്യാത്മികജീവിതത്തെ മുരടിപ്പിക്കുന്നതും ഭക്തജീവിതത്തെ തകിടംമറിക്കുന്നതുമാണ് ഈ പ്രവണത. നമ്മുടെ കഥാനായികയുടെ ജീവിതസംഭവങ്ങളെ പരിശോധിക്കുക. വനാന്തരങ്ങളിലൂടെ അസമയത്തു യാത്രചെയ്തു നിർദ്ദിഷ്ടസ്ഥലത്തെത്തേണ്ടതു് ബ്രിജീത്താമ്മയെ സംബന്ധിച്ച് ഒരു അവശ്യകർത്തവ്യമാണ്. അതിൽ ദൈവഹിതവും, അതിനുവേണ്ട സഹായം ലഭിക്കുമെന്ന് ദൈവപരിപാലനയിൽ ആശ്രയബോധവും വിശുദ്ധയെ ധൈര്യപ്പെടുത്തുന്നു.

വല്യേട്ടൻ



വഴിമദ്ധ്യേ അക്രമികൾ വിശുദ്ധയെ എതിരിടുന്നു

വിശുദ്ധ കുരിശെടുത്തു അവരുടെ നേരേ നീട്ടുന്നു

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

| Reg. No. | |
|---|---|
| 191 | എം. വി. ഫ്രാൻസീസ്, മേച്ചാട്ടുകുളം, മുണ്ടൂർ |
| 192 | തോമസ് സക്കറിയാസ് തെക്കേത്തു്, പൊൻകുന്നം |
| 193 | കെ. എ. പീററർ കുഞ്ഞപ്പള്ളി, പല്ലികശേരി, പൈകട |
| 194 | പാറയ്ക്കൽ തൊമ്മൻ അന്തോണി, അമ്പഴക്കാട് |
| 195 | പി. ഡി. ജോസഫ് പേഴുംകാട്ടിൽ, അരുവിത്തുറ, ഈരാറ്റുപേട്ട |

## 127-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—അനാഥശാല

## പ്രശ്നം നമ്പർ 128

(ജോസഫ് ജോൺ മാടമന
Reg. No. 180)

ലോകചരിത്രത്തിൽ എന്റെ പേരിനു വലിയ പ്രസക്തിയുണ്ട്. ഇന്നു് എന്റെ പേർ ഭാരതത്തിൽ മുഴുവൻ വ്യാപിച്ചിട്ടുണ്ട്. തൽക്കാലം കേരളത്തിലെ കമ്മ്യൂണിസ്റ്റ്ഗവണ്മെന്റാണ് എന്നെ രംഗത്തിറക്കിയിരിക്കുന്നതു്. എന്റെ പുറപ്പാട് ഏതായാലും അത്ര നല്ലതിനല്ല എന്റെ കാരണക്കാർക്ക്. എന്റെ പേരിനു നാലക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം പ്രകൃതിയിലുണ്ട്, കാലാവസ്ഥയിലില്ല. രണ്ടാമത്തെ അക്ഷരം അനീതിയിലുണ്ട്, സമരത്തിലില്ല. മൂന്നാമത്തെ അക്ഷരം ഷേക്സ്പിയറിലുണ്ട്, കാറൽമാർക്സിലില്ല അവസാനഅക്ഷരം സുബോധത്തിലുണ്ട്, നിദ്രാവസ്ഥയിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ദിവ്യബലി

(ടി. എം. ലാസർ, എരനെല്ലൂർ
Reg. No. 98)

കർത്താവീശോമിശിഹാ കർബാന എന്ന ബലി ഏർപ്പെടുത്തിയതു് തന്റെ മരണത്തിന്റെ തലേദിവസമായ പെസഹാവ്യാഴാഴ്ച രാത്രിയിലാണല്ലോ. തന്റെ ശിഷ്യന്മാരായ ശ്ലീഹന്മാരൊരുമിച്ച് അവിടുന്ന് അവസാനത്തെ ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് അപ്പം കൈയിലെടുത്തു് ആശീർവ്വദിച്ചു മുറിച്ചുകൊണ്ടും വീഞ്ഞെടുത്തു് സ്തോത്രംചെയ്ത് ആശീർവ്വദിച്ചുകൊണ്ടും ദിവ്യബലി സ്ഥാപിച്ചതു്. അവിടുന്ന് അപ്പമെടുത്തു് "ഇതു് എന്റെ ശരീരമാകുന്നു"വെന്നും, വീഞ്ഞെടുത്തു് "ഇതു് എന്റെ രക്തമാകുന്നു"വെന്നും അരുളിച്ചെയ്യുകയുണ്ടായി. അപ്പോൾ അവയിൽ ഒരു വലിയ പരിവർത്തനം സംഭവിച്ചു അവ അവിടുത്തെ ശരീരരക്തങ്ങളായി മാറി, അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യങ്ങൾമാത്രം അവശേഷിച്ചു.

ഈ വസ്തുമാററം സംഭവിച്ചതു് ദിവ്യരക്ഷകന്റെ വാക്കുകൾമൂലമാണെന്നുള്ളതിനു് സംശയമില്ല. ഈ മാററം സംഭവിക്കണമെന്നു് അവിടുന്നു് നിശ്ചയിച്ചു. യേശുനാഥൻ സാക്ഷാൽ ദൈവമായിരിക്കകൊണ്ടും, സർവ്വശക്തനായ ദൈവത്തിനു് ഇത്തരം മാററങ്ങൾ ചെയ്യുന്നതിനു സാദ്ധ്യമായതുകൊണ്ടുമാണ് അങ്ങിനെ സംഭവിച്ചതു്. അക്രൈസ്തവലോകത്തിനു് ഇതു് വിശ്വസിക്കുവാൻ സാധിച്ചില്ലെന്നുവരാം. എന്നാൽ ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും വിശുദ്ധകർബാനയിൽ വിശ്വസിക്കാതെ ഗത്യന്തരമില്ല. അതവനു ബുദ്ധിമുട്ടുള്ള ഒരു കാര്യവുമല്ല. മുൻകാണിച്ച സംഗതികൾ ഇതു വ്യക്തമാക്കുന്നുണ്ട്.

ദൈവമായ ക്രിസ്തു ആ അവസരത്തിൽ അപ്പവും വീഞ്ഞും അവിടുത്തെ ശരീരവും രക്തവുമായി മാററുക മാത്രമല്ല അവയെ ദൈവത്തിനു ബലിയർപ്പിക്കുകകൂടി ചെയ്തു. തന്റെ മരണദിനമായ ദുഃഖവെള്ളിയാഴ്ച ഗാഗുൽത്താ ഗിരിമുകളിൽ കുരിശിൽ തൂങ്ങിക്കിടന്നു് തന്നെത്താൻ ബലിയർപ്പിച്ച അതേബലിതന്നെയാണ് അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിൽ അവിടുന്നു് പെസഹാവ്യാഴാഴ്ച രാത്രിയിലും അർപ്പിച്ചതു്. ദൈവം ഇപ്രകാരം ബലിയർപ്പിച്ചതിന്റെ ഉദ്ദേശ്യം മനുഷ്യരുടെ രക്ഷയൊന്നുമാത്രമായിരുന്നു മനുഷ്യർക്കായിട്ടാണ് അവിടുന്നു് ദിവ്യബലി സ്ഥാപിച്ചതു്; അനേകപാപികളുടെ പാപമോചനത്തിനായിട്ടാണ് ദിവ്യബലിയർപ്പണം. അതുകൊണ്ട് പാപച്ചെളിയിൽ വീണുപോയിരിക്കുന്ന മർത്ത്യരേവരും അതിനെ വേണ്ടുംവിധം ഉപയോഗിക്കേണ്ടതാണ്. ആ ഒരു കർത്തവ്യനിർവ്വഹണമാണ് ദൈവം തന്ന ഈ വലിയ അനുഗ്രഹത്തിനു് പ്രതിനന്ദിപ്രദർശിപ്പിക്കാനുള്ള മാർഗ്ഗം. അപ്പത്തിന്റേയും, വീഞ്ഞിന്റേയും രൂപത്തിൽ മിശിഹായുടെ രക്തവും, ശരീരവും ഉൾക്കൊള്ളുന്നവർ ബലിയർപ്പണത്തിൽ പൂർണ്ണമായി പങ്കുകൊള്ളുന്നു.

ദിവ്യനാഥന്റെ ആജ്ഞാനുസരണമാണ് തന്റെ പിൻഗാമികളായ ശ്ലീഹന്മാരും, അവരെത്തുടർന്നു് പുരോഹിതഗണവും ലോകമാസകലം ഈ വിശിഷ്ടബലിയർപ്പിച്ചുപോരുന്നതു്. ദിവ്യരക്ഷകൻ ഗാഗുൽത്തായിലർപ്പിച്ച അതേബലിതന്നെയാണ് കത്തോലിക്കാപുരോഹിതന്മാർ അപ്പത്തിന്റേയും വീഞ്ഞിന്റേയും രൂപത്തിൽ അർപ്പിക്കുന്നതും. ഈശോമിശിഹാ അന്നു് രക്തംചിന്തി അതർപ്പിച്ചു; പുരോഹിതൻ രക്തം ചിന്താതെ അർപ്പിക്കുന്നുവെന്നുള്ള ബാഹ്യമായ ഒരു വ്യത്യാസംമാത്രം. ബലിയർപ്പിക്കുന്നതു ഇവിടേയും യഥാർത്ഥത്തിൽ വൈദികനല്ല, അദ്ദേഹം ക്രിസ്തുവിനുവേണ്ടിയുള്ള ഒരാളായിമാത്രമാണ് സ്ഥിതിചെയ്യുന്നതു്. ബലിയർപ്പിക്കുന്ന പുരോഹിതൻ ഒരു പാപിയായിരുന്നാൽക്കൂടെയും ബലിക്കു് യാതൊരു മാലിന്യവും തട്ടുന്നില്ല. ഗാഗുൽത്തായിലെ ബലി ദൈവത്തിനു് പ്രീതികരവും, മനുഷ്യർക്കു് പ്രയോജനകരവുമായിരുന്നതുപോലെ വി. കുർബാനയും ആയിരിക്കുന്നു. ഈ വസ്തുതകളിൽനിന്നും ദൈവം മാനവസമുദായത്തിനു് തന്നിട്ടുള്ള മഹാഅനുഗ്രഹം ദിവ്യബലിതന്നെയാണെന്നു് വ്യക്തമാകുന്നുണ്ടല്ലോ.

ചെറുകഥ

## പാട്ടുകാരൻ

(എൻ. ജെ. സെബാസ്ത്യൻ
Reg. No. 176)

കല്പപുരയിടങ്ങളും പുഞ്ചപ്പാടങ്ങളും തെങ്ങിൻതോപ്പുകളും നിശ്ശബ്ദമായി പാലൊളി തൂവുന്ന പൂനിലാവത്തു് നീന്തുരങ്ങുകയാണ്. തണുപ്പു കലന്ന പാതിരാക്കാററു് ഉറങ്ങുന്ന പ്രകൃതിയെ തലോടുന്നു. ആകാശമാകുന്ന നീലക്കാട്ടിൽ നിന്നുജ്ജ്വലിക്കുന്ന അണയാത്തപൊൻദീപങ്ങൾ നിദ്രയുടെ തൊട്ടിലിൽ പൂമണം കലന്ന തൈത്തെന്നലിന്റെ താലോലമനുഭവിച്ചു ശയിക്കുന്ന പ്രകൃതിദേവതയുടെ കുറുനിരകളിൽ ദീപ്തിയുടെ കനകമലരുകൾ അണിയിക്കുകയാണ്. മനോഹരമായ കവിതയുടെ മാധുര്യമേറിയ ഈരടികൾ തുളുമ്പി തുളുമ്പി നിൽക്കുന്ന അന്തരീക്ഷം!

മണ്ണെണ്ണയുടെ വീഴ്ചംകൊണ്ടു ജ്വലിക്കുന്ന തകരവിളക്കിന്റെ മുമ്പിലിരുന്നു് ഞാൻ ജാലകത്തിലൂടെ ആ മനോഹരതയുടെ മലർക്കാവിലേക്കു് നോക്കി. സച്ചിദാനന്ദസ്വരൂപനായ പരംപൊരുളിന്റെ അനന്തമായ മാഹാത്മ്യം സുന്ദരിയായ പ്രകൃതി മൂകമായ ഭാഷയിൽ വിളിച്ചറിയിക്കുകയാണെന്നു് എനിക്കു തോന്നി.

അവിടെ, ആ പുഞ്ചപ്പാടങ്ങൾക്കപ്പുറത്തു് കൂരിരുളിൽനിന്നു് മൂകമായി തേങ്ങി തേങ്ങി കരയുന്ന കല്പച്ചെടികളുടെ സമീപത്തുനിന്നും നിശയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ഒരു ഗാനം ഉയരുന്നു. ജീവിതത്തിലെ പുകയുന്ന പ്രശ്നങ്ങളും ഹൃദയത്തിലെ നീറുന്ന മിടിപ്പുകളും അന്തരീക്ഷത്തിലൂടെ പതഞ്ഞൊഴുകുന്ന ആ ഗാനാരുവിയിലെ ഈറടേറിയ വീചികളിലൂടെ തത്തിക്കളിക്കുന്നുണ്ട്. അർദ്ധനിശീഥിനിയുടെ ഏകാന്തതയിൽ വേദനിക്കുന്ന ഏതോ ഒരു മനുഷ്യാത്മാവു് പാടുകയാണ്. കരയിപ്പിക്കുന്ന ഗാനം. കുറച്ചു സമയത്തേക്കു് അതു നീണ്ടുനിന്നു. അവസാനം ശബ്ദം താണു താണു് അതസ്തമിച്ചു.

ആ പാട്ടുകാരന്റെ സമീപത്തേക്കു് ഞാൻ നടന്നു. ആകാശത്തുനിന്നു താരഗണങ്ങൾ കണ്ണുചിമ്മുന്നു. കുരിയിലുകൾ മോങ്ങുന്നു. ഇമ്പമേറിയ ആ ഗാനം വീണ്ടും ഉയരുകയാണ്. ആ ഹൃദയവീണയുടെ ഓരോ തന്ത്രികളും കരയിപ്പിക്കുന്ന ആ ഗാനമാലപിക്കുന്നു!

ഞാൻ ആ പാട്ടുകാരന്റെ സമീപത്തെത്തി. ഞാൻ ടോർച്ചുതെളിച്ചു. ചടച്ചുമെലിഞ്ഞ ഒരു മനുഷ്യക്കോലം! എന്നെകണ്ടപ്പോൾ ആ കറുത്ത അധരപുടങ്ങളിൽഒരു പുഞ്ചിരി തത്തിക്കളിച്ചു. വേദനിക്കുന്ന ഹൃദയത്തിൽനിന്നും ഉയന്ന താപത്തിന്റെ ദയനീയമായ പുഞ്ചിരി! പാറിപ്പറന്ന തലമുടി നെററിയിലേക്കും വ്യാപിച്ചിരിക്കുന്നു. മിഴിനീർ ഒഴുകുന്ന രണ്ടു വീഥികൾ ആ വദനാംബുജത്തിൽ തെളിഞ്ഞുകാണാമായിരുന്നു.

"സഹോദരാ, ഇതെന്തുപററി?" ഞാൻ ചോദിച്ചു.

"ഞാൻ എന്തിനു പറയണം. അതു പറയാതിരിക്കുകയാണു നന്നു്" അവൻ പറഞ്ഞു.

"ഈ അർദ്ധരാത്രിസമയത്തു് താങ്കൾ ഏകനായിരുന്നു് ഹൃദയം പൊട്ടുമാറു് പാടുന്നതെന്തിനാണു്?"

"അല്ലെങ്കിൽ പറയാം, പറഞ്ഞതുകൊണ്ടു് പ്രയോജനമൊന്നുമില്ല," അവൻ പറയുകയാണ്. അവൻ തുടന്നു: "ഞങ്ങൾ അല്ലലറിയാതെ ജീവിച്ചു. ഞാനും എന്റെ കൊച്ചു സഹോദരികളും അമ്മയും അപ്പനുമാണു് എന്റെ വീട്ടിലുണ്ടായിരുന്നവർ. അപ്പൻ

(ശേഷം 4-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I